Reg. M. No. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ആഗസ്റ്റ് 31—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ചിങ്ങം 15 | ലക്കം 4


## "ആ ഗ്രന്ഥം എടുത്തുകൊണ്ടുവരൂ"

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

പ്രസിദ്ധ ആംഗ്ലേയനോവലെഴുത്തുകാരനായ സർ വാൾട്ടർ സ്കോട്ട് മരണക്കിടക്കയിൽ കിടക്കുമ്പോൾ അടുത്തുനിന്നിരുന്ന ഒരു സ്നേഹിതനോടു "ആ ഗ്രന്ഥം" എടുത്തുകൊണ്ടുവരുവാൻ പറഞ്ഞു. അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങളിൽ ഒന്നായിരിക്കുമെന്നു കരുതി സ്നേഹിതൻ ഏതു ഗ്രന്ഥമാണെന്നു സ്കോട്ടിനോടു ചോദിച്ചു. ഏതു ഗ്രന്ഥമാണെന്നോ? ഒരേഒരു ഗ്രന്ഥമേ ഉള്ളൂ, അതു് എന്നു സ്കോട്ട് അല്പം ഗൗരവഭാവത്തിൽ മറുപടി പറഞ്ഞു. ദൈവനിവേശിതവും ശാശ്വതോപയോഗപ്രസിദ്ധിയുള്ളതുമായ ഒരേഒരു ഗ്രന്ഥമേ ഉള്ളൂ. അതു വിശുദ്ധഗ്രന്ഥമാണു്—ബൈബിൾ. ഈ ഗ്രന്ഥത്തെയാണു് സ്കോട്ടു ഉദ്ദേശിച്ചതു്. പലേ ഗ്രന്ഥങ്ങളും ഒരിക്കൽമാത്രം വായിക്കുവാൻ കൊള്ളാവുന്നവയാണു്. വേറെ ചില ഗ്രന്ഥങ്ങൾ ചില സന്ദർഭങ്ങൾക്കു പററിയവയായിരിക്കും. എന്നാൽ വിശുദ്ധ ഗ്രന്ഥം ജീവിതത്തിന്റെ അവസാനനിമിഷംവരെ ദിനംപ്രതി വായിക്കുകയും പഠിക്കുകയും ചെയ്യേണ്ട ഒന്നാണു്.

അടുത്ത അവസരത്തിൽ ഒരു പണ്ഡിതൻ വേറൊരു പണ്ഡിതനോടു "മൗറിയാക്ക് എഴുതിയ ക്രിസ്തുവിന്റെ ജീവിതം വായിച്ചിട്ടുണ്ടോ?" എന്നു ചോദിച്ചു. അദ്ദേഹം ഉരുളയ്ക്കു ഉപ്പേരിപോലെ മറുപടി പറഞ്ഞു: "ഇല്ല, പരിശുദ്ധാരൂപി എഴുതിയ ക്രിസ്തുവിന്റെ ചരിത്രം മാത്രമേ ഞാൻ വായിച്ചിട്ടുള്ളൂ." സുവിശേഷകന്മാരെ ഉപകരണങ്ങളാക്കിക്കൊണ്ടു പരിശുദ്ധാരൂപിയാണു് ആദ്യമായി ക്രിസ്തുവിന്റെ ചരിത്രം എഴുതിയതു്. അതിനോളം വിശിഷ്ടമായ ക്രിസ്തുവിന്റെ ചരിത്രം വേറെയില്ല. ക്രിസ്തുവിനെ ശരിയായി അറിയണമെങ്കിൽ വിശുദ്ധ ഗ്രന്ഥം അവധാനപൂർവ്വം പഠിച്ചേ മതിയാകൂ. അതുകൊണ്ടാണു് പതിനഞ്ചു നൂററാണ്ടുകൾക്കുമുമ്പു വി. ജെറോം "വിശുദ്ധ ഗ്രന്ഥത്തെപ്പററിയുള്ള അജ്ഞത ക്രിസ്തുവിനെപ്പററിയുള്ള അജ്ഞതയാണെ"ന്നു അന്നത്തെ ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നതു്. ആധുനികകാലത്തെ മാർപ്പാപ്പമാരെല്ലാം വി. ജെറോമിന്റെ ഈ ആഹ്വാനത്തെ ആവർത്തിച്ചുകൊണ്ടു ഇന്നത്തെ ക്രിസ്തീയലോകത്തെ ബൈബിൾ പഠനത്തിലേക്കു ആകർഷിച്ചുകൊണ്ടാണിരിക്കുന്നതു്. ബൈബിൾപഠനത്തിനും, പ്രചരണത്തിനും പലേ ബൈബിൾസമിതികൾ അമേരിക്കയിലും യൂറോപ്പിലും ഊർജ്ജസ്വലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. വ്യക്തികൾ, കുടുംബങ്ങൾ, സ്കൂളുകൾ, ഇടവകകൾ എന്നിങ്ങനെ സമുദായഗാത്രത്തിന്റെ എല്ലാ വിഭാഗങ്ങളിലൂടേയും ബൈബിൾവിജ്ഞാനം പ്രസരിപ്പിക്കുവാൻ പ്രയത്നിക്കുകയാണു് ഈ ബൈബിൾസമിതികൾ ചെയ്യുന്നതു്. കാനഡായിലെ ബൈബിൾ സൊസൈററിയുടെ മുദ്രാവാക്യം തന്നെ "കൂടുതൽ അവിടുന്നു (ക്രിസ്തു) സ്നേഹിക്കപ്പെടുന്നതിനു കൂടുതൽ അവിടുന്നു അറിയപ്പെടുവാൻ ഇടവരുത്തുക" എന്നതാണു്. ക്രിസ്തുവിനെ അറിയാത്ത ഒരുവൻ ക്രിസ്തുവിനെ എങ്ങനെ സ്നേഹിക്കും? ക്രിസ്തുശിഷ്യന്മാരായ ക്രിസ്ത്യാനികൾ ബൈബിൾ പ്രേമികളായിരിക്കണം. അവർ ബൈബിൾ അനുദിനം വായിക്കുകയും പഠിക്കുകയും ചെയ്യണം. അവരുടെ അനുദിന അപ്പംപോലെ ബൈബിൾപഠനത്തെ അവർ പരിഗണിക്കണം. രസം തുളുമ്പുന്ന, അത്ഭുതകരമായ ഈ മന്നാ—ദൈവവചനം—ശ്രദ്ധയോടും ഭക്തിബഹുമാനത്തോടും ദിനംപ്രതി അനുഭവിക്കുകയാണെങ്കിൽ മനസ്സിനു് എത്ര സ്ഥിരതയും ഹൃദയത്തിനു എത്ര സംതൃപ്തിയുമാണു് അനുഭവവേദ്യമാകുക.

ഒരു കത്തോലിക്കാകുടുംബത്തിനു് ഒരു ബൈബിൾ ഉണ്ടായേ കഴിയൂ. ഒരു സാധാരണക്കാരനുംകൂടി ബൈബിളിന്റെ ഒരു കോപ്പി കരഗതമാകുവാൻതക്ക വിധത്തിൽ അതിന്റെ വില ഇന്നത്തേതിനേക്കാൾ കുറഞ്ഞിരിക്കേണ്ടതാവശ്യമാണു്. മലയാളത്തിലുള്ള ബൈബിളിന്റെ ഒരു കോപ്പി ഇന്നത്തെ വിലകൊടുത്തു വാങ്ങിക്കുവാൻ ഒരു സാധാരണക്കാരനു സാദ്ധ്യമല്ല. കുറഞ്ഞവിലയ്ക്കു് ബൈബിൾ വിതരണം ചെയ്യുവാൻ കേരളത്തിൽ ഒരു ബൈബിൾസമിതി രൂപീകൃതമാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കേരളീയകത്തോലിക്കരുടെ ഏകസംഘടനയായ അഖില കേരളകത്തോലിക്കാ കോൺഗ്രസ്സ് കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ സഹകരണത്തോടുകൂടി ഒരു ബൈബിൾസമിതി രൂപീകരിക്കുവാൻ മുൻകൈയെടുത്തു പ്രവർത്തിച്ചെങ്കിൽ എത്ര നന്നായിരുന്നു! ഈ സമിതിയുടെ പ്രവർത്തനം വഴിയായി കേരളത്തിലെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും ഓരോ ബൈബിൾ ഉണ്ടാകുന്നതിനും എല്ലാ കത്തോലിക്കരും ബൈബിൾപ്രേമികളാകുന്നതിനും ഇടവരണം. ക്രിസ്തുവിലുള്ള വിശ്വാസം സുസ്ഥിരമാകുന്നതിനും സ്നേഹം ഉജ്ജ്വലിക്കുന്നതിനും വി. ഗ്രന്ഥപാനം വളരെ ഉപകരിക്കുമെന്നതു തീർച്ചയാണു്. "വേദപുസ്തകത്തെപ്പററിയുള്ള അജ്ഞത ക്രിസ്തുവിനെപ്പററിയുള്ള അജ്ഞതയാണെ"ന്ന വി. ജെറോമിന്റെ ഉദ്ബോധനം കേരളത്തിലെ ഓരോ കത്തോലിക്കന്റേയും കാതുകളിൽ നിരന്തരം വന്നടിക്കട്ടെ. സർ വാൾട്ടർ സ്കോട്ടിനു അനുഭവപ്പെട്ടതുപോലെ ഓരോ കത്തോ




തേവരകോളേജിലെ മരിയസഖ്യാംഗങ്ങൾ

# കർദ്ദിനാൾതിരുമേനിയുടെ നയോപദേശം

[ഫാദർ തോമസ് കൊച്ചയ്യങ്കനാൽ]

ഭാരതകത്തോലിക്കർക്കു വിദശോപദേശം നൽകുന്നതിനു പര്യാപ്തനായ ഒരു മഹാനുഭാവനാണ് അത്യുന്നത കർദ്ദിനാൾ ഗ്രേഷ്യസ് വലേരിയൻ തിരുമേനി. മഹോന്നതമായ പ്രസ്തുത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതുതന്നേ അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളെ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു അംഗീകരിച്ചിരിക്കുന്നുവെന്നുള്ളതിനു ഒരു സാക്ഷ്യമാണ്. രാഷ്ട്രീയവും സാമ്പത്തികവും ധാർമ്മികവുമെന്നല്ല സകലതുറകളുടെയും ഉൽക്കർഷത്തിനുവേണ്ടി കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന ഇൻഡ്യൻ റിപ്പബ്ലിക്കിനു ഇൻഡ്യാനിവാസികളേവരുടേയും സഹകരണം ഇപ്പോൾ ആവശ്യമുണ്ട്. എന്നാൽ ലോകം ഭിന്നരുചിയായിരിക്കയും പല അംഗങ്ങളുള്ള ഒരേ കുടുംബത്തിലെ സഹോദരീസഹോദരന്മാരുടെ ഇടയിൽപ്പോലും പൊതുഗുണത്തിനുവേണ്ടിയുള്ള പ്രവർത്തനഘട്ടങ്ങളിൽ അഭിപ്രായഭിന്നതകളും കുഴപ്പങ്ങളും കടന്നുകൂടുകപതിവായിരിക്കയും ചെയ്യുന്നെങ്കിൽ ജാതികളുടെയും സമുദായങ്ങളുടേയും കേളീരംഗമായ ഭാരതത്തിലെ നിവാസികളുടെ ഏകീകൃതപരിശ്രമങ്ങളിൽ സഹജമായിത്തന്നേ വിരുദ്ധത പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള സംഭവങ്ങൾ ധാരാളമായി നടക്കാതിരിക്കുന്നുമില്ല. വികാരഹേതുകമായ ഏതാദൃശ സന്ദർഭങ്ങളിൽ ധീരത അവലംബിക്കുന്നതു സംസ്കാരസമ്പന്നമായ കത്തോലിക്കാസമുദായത്തിനു ഭൂഷണമായിരിക്കും.

മതത്തിനും അതിനോടു ബന്ധപ്പെട്ട വിഷയങ്ങൾക്കും ഹാനിതട്ടാവുന്ന പ്രവർത്തനങ്ങൾ ആരിൽനിന്നുതന്നേ ആയാലും മതഭക്തന്മാർ അതിനെ ഒരു വികാരഹേതുവായി പരിഗണിക്കപതിവാണെങ്കിൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അതു എത്രയും യഥാർത്ഥംതന്നെയാണ്. ദൈവത്തിനും ദൈവികകാര്യങ്ങൾക്കും എപ്പോഴും പ്രഥമസ്ഥാനം കല്പിക്കണമെന്നാണ് അവരുടെ ധർമ്മബോധം അനുശാസിക്കുന്നതു്. സ്വദേശാഭിമാനത്തിന്റേയോ സ്വരാജ്യസ്നേഹത്തിന്റേയോ പേരുപറഞ്ഞുകൊണ്ടായാൽപ്പോലും ദൈവികകാര്യത്തെ ബലികഴിക്കുക അവർക്കു സാദ്ധ്യമല്ല. സത്യത്തിനും നീതിക്കും വേണ്ടി മരണം വരിച്ച ക്രിസ്തുവിൽനിന്നു പഠിച്ചതാണു പ്രസ്തുതനയം. അവരുടെ ഈ നയം ക്രിസ്തുവിന്റെ കാലം മുതൽ അനേക രക്തസാക്ഷികളെ സൃഷ്ടിച്ചിട്ടുമുണ്ട്. വിട്ടുവീഴ്ച അനുവദിക്കാത്ത ഒരു നയമാണ് ഇതെങ്കിലും വിവേകപൂർവ്വം കൈകാര്യം ചെയ്യപ്പെടേണ്ടതുമാണ്. ഇക്കാരണത്താലത്രേ വിദശോപദേശം വേണമെന്നു പറഞ്ഞതു്.

ഒരു മതസംഘടനയുടെ അംഗങ്ങളെന്ന നിലയിൽ മതാദ്ധ്യക്ഷന്മാരുടെ വ്യവസ്ഥിതനേതൃത്വത്തിൽ വിശ്വാസം അർപ്പിച്ചിരുന്ന ഇൻഡ്യൻ കത്തോലിക്കർ രാഷ്ട്രത്തിൽനിന്നു മതകാര്യങ്ങൾക്കു വന്നു ഭവിക്കാവുന്ന പ്രതിബന്ധങ്ങളെക്കുറിച്ച് വേണ്ടവണ്ണം ചിന്തിച്ചിരുന്നില്ല. ധർമ്മം മാത്രം ആയുധമായി ഉണ്ടായിരുന്ന തിരുമേനിമാർ കഴിവുള്ളതു പ്രവർത്തിക്കയും ചെയ്തിരുന്നു. എന്നാൽ നാസ്തികന്മാരും വർഗ്ഗീയവാദികളും കൂടിയുൾപ്പെട്ട ഒരു ജനകീയഭരണം വന്നുവശായപ്പോൾ അപ്രതീക്ഷിതസംഭവങ്ങളെ അഭിമുഖീകരിക്കേണ്ടതായിട്ടാണു് അവർ കാണുന്നതു്. ഭരണഘടന അനുവദിക്കുന്ന മതപ്രചാരണം പാടില്ലെന്നും വിദേശങ്ങളിൽനിന്നു ലഭിച്ചുവന്നിരുന്ന മിഷനറിസഹായം നിയന്ത്രിക്കപ്പെടണമെന്നും യഥേഷ്ടം നൽകപ്പെട്ടുവന്നിരുന്നമതവിദ്യാഭ്യാസം അനുവദിക്കാവുന്നതല്ലെന്നും മററുമുള്ള വാദങ്ങൾ ചില അസൂയാലുക്കൾ പുറപ്പെടുവിച്ചു തുടങ്ങിയിട്ടുണ്ട്. അവയ്ക്കു സമുചിതമായ മറുപടി പറയുകയും പ്രായോഗികമായ പ്രതിവിധികൾ കണ്ടുപിടിക്കയും ചെയ്യേണ്ടതു കത്തോലിക്കരായ എല്ലാവരുടേയും ധർമ്മമാണെങ്കിലും സ്വരാജ്യക്ഷേമത്തെ വിസ്മരിച്ചുകൊണ്ടുള്ള പ്രക്ഷോഭണവും അനാശാസ്യമായ പ്രകടനങ്ങളും ഒഴിച്ചുവയ്ക്കുകകൂടി ചെയ്യണമെന്നാണു കർദ്ദിനാൾതിരുമേനിയുടെ ഉപദേശം.

ചില പ്രദേശങ്ങളിലോ ഏതാനും പ്രോവിൻസുകളിലോ ഉള്ള കുബുദ്ധികൾ വല്ല മതവിരുദ്ധഗോഷ്ടികളും കാണിക്കുമ്പോൾ ഭാരതത്തിൽ മതപീഡനം നടക്കുന്നുവെന്നോ ആരാധനാസ്വാതന്ത്ര്യം തടയുന്നുവെന്നോ പുറമേയുള്ളവർക്കു തോന്നത്തക്കവിധത്തിൽ എഴുതുകയും പറയുകയും ചെയ്യുന്നതു വിഹിതമല്ലെന്നാണു തിരുമേനിയുടെ അഭിപ്രായം. മേല്പറഞ്ഞവിധത്തിലുള്ള നടപടി രാജ്യത്തിന്റെ സൽക്കീർത്തിക്കു കളങ്കം വരുത്തിവയ്ക്കുകയും നമ്മുടെ സഹായത്തിനു സന്നദ്ധരായിരിക്കുന്ന വിദേശികളെ നിരുത്സാഹപ്പെടുത്തുകയും ശത്രുപക്ഷത്തിന്റെ മത്സരത്തിനു മൂർച്ചകൂട്ടുകയും ചെയ്യാനിടയാകുമെന്നുള്ളതാണു പ്രസ്തുതാഭിപ്രായത്തിന്റെ നിദാനം. ഭാരതത്തിലെ സമുന്നതനേതാക്കന്മാർക്കു ഏതെങ്കിലും ഒരു മതത്തോടു മതിപ്പുണ്ടെങ്കിൽ അതു ക്രിസ്തുമതത്തോടാണെന്നു് അവരുടെ പ്രസ്താവനകളിൽനിന്നും പെരുമാററങ്ങളിൽനിന്നും അനുമിക്കുവാൻ പാടില്ലായ്കയില്ല. ഒരു മതേതരരാഷ്ട്രത്തിന്റെ സാരഥ്യം വഹിക്കുന്ന അവർക്കു ഹിന്ദുവിനേയും മഹമ്മദീയനേയും ക്രിസ്ത്യാനിയേയും സമഭാവനയോടെ വീക്ഷിക്കുന്നതിനേ സാധിക്കയുള്ളൂ. ഭാരതീയരെല്ലാവരും വിശാലമനസ്കരും സംസ്കാരസമ്പന്നരുമാകണമെങ്കിൽ വർഷശതങ്ങൾ പലതും ഇനിയും പാർത്തിരിക്കേണ്ടതുണ്ട്. അക്ഷരജ്ഞാനം തന്നേയും സമ്പാദിച്ചിട്ടുള്ളവർ എത്രയോ ചുരുക്കമാണെന്നു സ്മരിക്കണം. ആകയാൽ ക്ഷമിക്കയും സഹിക്കയും ചെയ്തുകൊണ്ടു് കത്തോലിക്കരെല്ലാവരും വ്യവസ്ഥാപിതമാർഗ്ഗത്തിൽക്കൂടി കഠിനപ്രയത്നം ചെയ്യണമെന്നും തിരുമേനി ഉൽബോധിപ്പിക്കുന്നുണ്ട്.

ഈ പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ആദ്യമായി ചെയ്യേണ്ടതു് ക്രിസ്തുവിന്റെ നാമം പ്രകീർത്തിക്കയാകുന്നു. ക്രിസ്തു ആരാണെന്നറിയുന്നവർ ക്രിസ്തുവിന്റെ അനുയായികളെ സ്നേഹിക്കാതിരിക്കയില്ല. ഈ സ്നേഹം സമ്പാദിക്കുന്നതിനുവേണ്ടി ദൈവമായ ക്രിസ്തുവിന്റെ അനുയായികളാണെന്നു സൂചിപ്പിക്കുന്നതിനായിട്ട് യഥാർത്ഥ ക്രിസ്ത്യാനികളുടെ നാമവും ധരിച്ചുകൊണ്ടു് ദൈവത്തിന്റെ അസ്തിത്വത്തെപ്പോലും നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയിൽചേർന്നു പ്രവർത്തിക്കുന്ന ആളുകളുള്ള ഒരു കാലമാണല്ലോ ഇതു്. അങ്ങനെയുള്ളവരുടെ തോതുവച്ചായിരിക്കാം യഥാർത്ഥകത്തോലിക്കരെക്കുറിച്ച് ഹിന്ദുക്കളാദിയായ ചിലർ ധരിച്ചുവച്ചിരിക്കുന്നതു്. ക്രിസ്ത്യാനികളാണെന്നു പറഞ്ഞുകൊണ്ടുനടക്കുന്നവരെല്ലാം ക്രിസ്തുവിന്റെ പ്രബോധനം സ്വീകരിക്കുന്നവരല്ലെന്നും ക്രിസ്തുവിന്റെ പ്രബോധനങ്ങളെല്ലാം സ്വീകരിക്കുന്ന ക്രിസ്ത്യാനികൾ കത്തോലിക്കർ മാത്രമാണെന്നും എല്ലാവർക്കുമറിഞ്ഞുകൂടാ. കത്തോലിക്കർ എവിടേയും എല്ലാക്കാലങ്ങളിലും രാജ്യങ്ങളുടെ ഐശ്വര്യത്തിനു സഹായമായിട്ടേ വർത്തിച്ചിട്ടുള്ളൂ. ഈ വസ്തുതകളെല്ലാം സർ രാധാകൃഷ്ണനെപ്പോലെയോ ഭാരതരത്നമായ ശ്രീനെഹ്റുവിനെപ്പോലെയോ അറിഞ്ഞിട്ടുള്ളവർ വളരെ ചുരുക്കമാണ്. ആകയാൽ പ്രസംഗങ്ങൾ വഴിയായും പ്രസിദ്ധീകരണങ്ങൾ വഴിയായും ഒരു വലിയ പ്രചാരണസംരംഭവും അവസരോചിതമാണ്.

ഗീതയും കൊറാനും ബൈബിളും പേറിക്കൊണ്ടു് മോസ്കിലും ദേവാലയത്തിലും ദൈവാലയത്തിലും പ്രാർത്ഥിക്കുന്നതിനു സന്നദ്ധമാകത്തക്ക മതവൈപുല്യത്തിവരെയേ ഗാന്ധിജിപോലും എത്തിയുള്ളൂ. അദ്ദേഹത്തെ അനുകരിച്ചായിരിക്കാം ക്രിസ്തുവിനേയും കൃഷ്ണനേയും ഒരുപോലെ ആരാധിക്കാമെന്നും മററും ചില പുരോഗമനവാദികൾ നമ്മുടെ നാട്ടിലും പ്രസംഗിച്ചുതുടങ്ങിയിരിക്കുന്നതു്. ഈ സർവ്വമതാനുകൂലവാദത്തിന്റെ യുക്തിവിഹീനതയെ അതിന്റെ നഗ്നരൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കാലം ബെയിസിക്ക് വിദ്യാഭ്യാസപ്രസ്ഥാനവും മററും ആരംഭിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ കേരളത്തിൽ പ്രത്യേകിച്ചും അതിക്രമിച്ചിട്ടുണ്ട്. അല്പം ഭേദപ്പെട്ട വ്യക്തികളെല്ലാം അവതാരപുരുഷന്മാരാണെന്നു കേട്ടും പഠിച്ചും തഴക്കമുള്ളവരും സർവ്വസാഹോദര്യം സ്ഥാപിക്കുവാൻ താല്പര്യപ്പെടുന്നവരുമായ ആളുകൾക്കു ബഹുദേവതാരാധന പ്രസംഗിക്കുവാൻ യാതൊരു സങ്കോചവും വരികയില്ല. അവരെ പ്രോത്സാഹിപ്പിച്ചാൽ സത്യത്തിനു വിരുദ്ധമായി ഭവിക്കയുംചെയ്യും. വസ്തുവിന്റേയും ബുദ്ധിയുടേയും ആനുരൂപ്യമാണല്ലോ സത്യം. വസ്തു ഒന്നുമാത്രമേ ഉണ്ടായിരിക്കുകയും ചെയ്യുന്നുള്ളൂ. ആകയാൽ വിശ്വദേവതാരാധനയും ബഹുദേവതാരാധനയും ഏകദേവതാരാധനയും സത്യമായി വരികയില്ലെന്നുള്ളതു അനുക്തസിദ്ധമായിക്കഴിഞ്ഞു. അതുപോലെ അവതാരപുരുഷന്മാർ അനേകരുണ്ടെന്നു പുനർജന്മത്തെ ആസ്പദമാക്കി പറയുന്ന സങ്കല്പിതകഥകളും അടിസ്ഥാനരഹിതമായ ഒന്നുതന്നെ. യാഥാർത്ഥ്യമിങ്ങനെയിരിക്കെ ഓരോരുത്തന്റേയും ഇച്ഛക്കൊത്ത സങ്കല്പിതദേവന്മാരെ സൃഷ്ടിച്ച് സാധുജനങ്ങളെ വഞ്ചിക്കയും വർഗ്ഗീയവിദ്വേഷവും സമുദായലഹളകളും പുറപ്പെടുവിക്കുകയും ചെയ്യുന്നവരെ സത്യം ഉൽബോധിപ്പിച്ചേ കഴിയൂ. അതു സാധിക്കുന്ന കാലംവരെ ഏററുമാനൂരെ ബെയിസിക്സ്കൂളിൽ പരിശീലിപ്പിക്കുവാനായി രചിച്ചതുപോലെയുള്ള പ്രാർത്ഥനകൾ ഉണ്ടാക്കുവാനും മദ്ധ്യപ്രോവിൻസുകളിൽ കാട്ടിക്കൂട്ടിക്കൊണ്ടിരിക്കുന്ന കുത്സിതവൃത്തികൾ നടത്തുവാനും ആളുകൾ ഉണ്ടായെന്നുവരും. ഗാന്ധിജിയെ വെടിവച്ചവരുടേയും ശ്രീനെഹ്റുവിനെ കുത്തിക്കൊല്ലുവാൻ ഒരുങ്ങിയവരുടേയും അനുയായികളുള്ള ഒരു നാടാണിതു്. വിജ്ഞാനപ്രചാരണമേ ഇവക്കെതിരായി പ്രയോഗിക്കുന്നതിനൊരു പ്രതിവിധിയുള്ളൂ.

മതതീക്ഷ്ണതയാൽ പ്രേരിതരായി സ്വാത്മത്തെ ബലികഴിച്ചുപോലും വേദോപദേശക്ലാസുകൾ നടത്തുവാനും മതാദ്ധ്യയനമണ്ഡപങ്ങളിൽ സംബന്ധിക്കുവാനും സന്നദ്ധതയുള്ള ചില യുവജനങ്ങളുള്ളപ്പോൾ പ്രസ്തുത പ്രതിവിധിയുടെ പ്രയോഗം അത്ര പ്രയാസമുള്ളതല്ല. സർ സി. പി. യുടെ കാലത്തെ വിദ്യാഭ്യാസപ്രക്ഷോഭണഘട്ടത്തിൽ ജയിലിൽ പോയ മഹാന്മാരുടെ മതചൈതന്യവും വിസ്മരിച്ചിട്ടില്ല. അഭ്യസ്തവിദ്യരായ അങ്ങനെയുള്ള യുവജനങ്ങളുടെ സംഖ്യ അധികമായി വർദ്ധിച്ച് നേതൃത്വം വഹിക്കുന്ന കാലം വരുമ്പോൾ കത്തോലിക്കാസഭ അർഹിക്കുന്ന മതിപ്പ് ഭാരതമാകെ വ്യാപിക്കയും അതിനു ശോഭനമായൊരു ഭാവി വരികയും ചെയ്യുമെന്നു പ്രതീക്ഷിക്കാം. മിഷനറിമാരെ വരുത്തുന്നതു് എന്തിനാണെന്നു വർഗ്ഗീയവാദികൾ ചോദിക്കുമ്പോൾ ജപ്പാനിൽനിന്നും രഷ്യയിൽനിന്നും കൃഷിക്കും വ്യവസായത്തിനും ഉപദേശം നൽകുവാൻ വിദഗ്ദ്ധന്മാരെ വരുത്തുന്നതെന്തിനാണെന്നു ചോദിച്ചു പ്രത്യുത്തരം നൽകുവാൻ ആളുണ്ടാകണം. വിദേശത്തുനിന്നു ധനസഹായം ആവശ്യപ്പെടുന്നതു് എന്തിനാണെന്നു ചോദിക്കുന്നവരോടു് ലോകമാസകലമുള്ള കത്തോലിക്കരെല്ലാവരും മിശിഹായിൽ സഹോദരീസഹോദരന്മാരാണെന്നും അവരിൽ ഉള്ളവർ ഇല്ലാത്തവർക്കു കൊടുത്തു സഹായിക്കണമെന്നു ഉപദേശമുണ്ടെന്നും അതനുസരിച്ചു പ്രവർത്തിക്കുന്നതു നിഷിദ്ധമാണോയെന്നും യുക്തിപൂർവ്വം ചോദിച്ച് സമ്മതിപ്പിക്കുവാൻ ആളുകളുണ്ടാകണം. മതതത്വങ്ങൾ ഇൻഡ്യയിൽ വേണ്ടുവോളമുള്ളപ്പോൾ പുറത്തുനിന്നു ഇറക്കുമതിചെയ്യുന്നതു് എന്തിനാണെന്നു ചോദിക്കുന്നവരോടു്, സത്യം എവിടെനിന്നു വന്നാലും സ്വീകരിക്കുന്നതിൽ എന്താണു് അപകർഷമെന്നു ചോദിച്ചു മടക്കുവാൻ ആളുണ്ടാകണം. മതചൈതന്യത്താൽ പ്രേരിതരായി മതപാനം നടത്തിയേ ഏതാദൃശമായ ചോദ്യങ്ങളും മറുപടികളും പുറപ്പെടുവിക്കുവാൻ കഴിയുകയുള്ളല്ലോ. സ്വരാജ്യസ്നേഹത്തെ മുൻനിറുത്തിക്കൊണ്ടു് നിയമാനുസൃതമായ സകല പ്രതിവിധികളും പ്രയോഗിക്കുവാനുള്ള മതചൈതന്യം ഭാരതകത്തോലിക്കരെല്ലാവരും പ്രകടിപ്പിക്കേണ്ട ഒരവസരമാണ് ഇതെന്നും തിരുമേനിയുടെ ഉപദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വിദേശയാത്രകഴിച്ച് കൂടുതലായ പ്രായോഗികവിജ്ഞാനത്തോടുകൂടി മടങ്ങിയെത്തിയിരിക്കുന്ന തിരുമേനിയുടെ ഉപദേശം അർഹിക്കുന്ന ഗൗരവത്തോടുകൂടി പഠിച്ചു പ്രവൃത്തിയിൽ വരുത്തിയാൽ ഭാരതത്തിനു ഉൽക്കർഷവും ദൈവത്തിനു മഹത്വവും വർദ്ധിപ്പിക്കാം.

---

ലിക്കനും അവന്റെ അന്ത്യവേളയിൽ മനസ്സിനു സമാധാനവും ആശ്വാസവും പ്രദാനം ചെയ്യുന്ന ഏകമാർഗ്ഗം വിശുദ്ധഗ്രന്ഥപാരായണമാണെന്നു ധരിച്ചിരിക്കും.

—o—

---

ഉണ്ണീശോയുടേയും, മാതാവിന്റേയും, കൊരട്ടിമുത്തിയുടേയും സഹായത്താലും ബ: അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

Mr. & Mrs. C. M. Joseph
Kokkadan House
Thumboor

---


## നീർവീഴ്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലർന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശ്ശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിന്റെ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീർക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ട് നെഞ്ച്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്ക് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതീർക്കുകയും ചെയ്യുമ്പോഴാണ് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവ്, മൂക്കടപ്പ്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവ്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ട് (രക്തവാതം), കഴുത്ത്, പുറം മുതലായ അംഗങ്ങളിൽ കഴപ്പ്, വായ, മൂക്ക്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവ് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്ക്), ചുമച്ച് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്ത്, തടിപ്പ്, കുരു, നീര്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളെയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ട് ദേഹത്തിലെ ചൂട് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണ്. ഉഷ്ണാധികൃത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണ് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്ന് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധികൃത്തിൽ നിന്നാണ് നീർവീഴ്ചകളുടെ ഉത്ഭവം എന്ന് വ്യക്തമാവുന്നുണ്ടല്ലോ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് പലരും തങ്ങളുടെ ആയുഷ്കാലം മുഴവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്ന് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്ന് നിസ്സംശയം പറയാവുന്നതാണ്.

### നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ട് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായ, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിന്റെ ദൃഷ്ടാന്തമാണ് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ച് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശ്ശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

### നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്ക നിമിത്തം ദേഹത്തിലെ ചൂട് ക്രമംവിട്ട് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പ്, നീര് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ച് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പ്, പുളി, എരിവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററു അന്നപാനങ്ങളേയും, പ്രവർത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ച് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2—0—0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4—0—0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്ക് | 3—0—0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ട്, കോയമ്പത്തൂർ, പാലക്കാട്ട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ്സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**

# വിൻസെൻറു ഡി പോൾ സംഘസ്ഥാപകൻ പുണ്യപദത്തിലേക്കു്

വിൻസെൻറു ഡി പോൾ സംഘത്തിൻെറ സ്ഥാപകനായ ഫ്രെഡറിക്ക് ഒസ്സാനാമിനെ വാഴ്ത്തപ്പെട്ടവൻ എന്നു പേരു വിളിക്കുന്നതിനുള്ള ഔദ്യോഗിക നടപടികൾ തിരുസിംഹാസനത്തിൽനിന്നും സമാരംഭിച്ചിരിക്കുന്നു. റീത്തുകളുടെ തിരുസംഘം ഈ മാസാരംഭത്തിലാണ് ഔദ്യോഗികമായ ഈ നടപടി ഉൽഘാടനം ചെയ്തതു്. വിൻസെൻറു ഡി പോൾ സംഘാംഗങ്ങൾ നടത്തുന്ന ഓരോ കോൺഫറൻസ് യോഗങ്ങളിലും ഈ നിയോഗാത്ഥം പ്രത്യകപ്രാത്ഥനകൾ നടത്തിവരുന്നുണ്ടല്ലോ. നടപടികൾ സമാരംഭിക്കുന്നതിനു തിരുസിംഹാസനത്തിൽ സമപ്പിച്ചിട്ടുള്ള അപേക്ഷയിൽ 30-ൽപരം കർദ്ദിനാളന്മാരും ഒട്ടവളരെ മെത്രാന്മാരും ഒപ്പിട്ടിട്ടുള്ളതായി തിരുസംഘത്തിൻെറ ഡിക്രിയിൽ എടുത്തുപറഞ്ഞിട്ടുണ്ടു്. ഈ നടപടികൾ അംഗീകരിക്കപ്പെടുകയാണെങ്കിൽ ഫ്രഡറിക്ക് ഒസ്സാനാം അദ്ദേഹത്തിൻെറ വത്സല ശിഷ്യനും വാഴ്ത്തപ്പെട്ടവനുമായ കൊണ്ടാർഡോ ഫെരീനി എന്ന സിദ്ധനെ തുടന്നു സിദ്ധപദം പ്രാപിക്കുന്നതാണ്.

ഫ്രാൻസിലെ സുപ്രസിദ്ധ അത്മായ അപ്പസ്തോലനെന്ന പ്രശസ്തി ഫ്രഡറിക്ക് ഒസ്സാനാം അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ സമാർജ്ജിച്ചിരുന്നു. ഒരഭിഭാഷകനായിട്ടാണ് അദ്ദേഹം പരസ്യജീവിതം സമാരംഭിച്ചതു്. പിന്നീടു് അദ്ദേഹം സൊർബോണിലെ പ്രൊഫസർ സ്ഥാനത്തേക്കുയർത്തപ്പെട്ടു. രസതന്ത്രശാസ്ത്രലോകത്തിലെ ഭാസുരജ്യോതിസ്സായ ആംഫിയരുടെ ആദർശമാതൃകകളാണ് അദ്ദേഹത്തെ സേവനരംഗത്തിൽ മാഗ്ഗനിദ്ദേശം ചെയ്തതു്. കത്തോലിക്കക്കെതിരായി ശത്രുക്കൾ നടത്തിയ ഒരു വെല്ലുവിളി വിൻസൻറു ഡി പോൾ സംഘസ്ഥാപനത്തിനു കാരണവുമായി. ഒരു വിദ്യാത്ഥിയായിരുന്ന കാലത്തു ഒസ്സാനാം ആംഫിയരുടെക്കൂടെയാണ് താമസിച്ചിരുന്നതു്. തൻെറ ഗുരുവിൻെറ പുണ്യജീവിതമാതൃക അദ്ദേഹത്തെ അതിമാത്രം ആകർഷിച്ചിരുന്നു. വിദ്യാത്ഥിയായിരുന്ന കാലത്തുതന്നെ കത്തോലിക്കരും, യുക്തിവാദികളും ഒരു മഹമ്മദീയസുഹൃത്തും ഒന്നിച്ചു് ഒസ്സാനാം ഒരു പഠനക്കളരിക്കു രൂപംകൊടുത്തു. സമ്മിശ്രമായ ഈ സംഘടനയുടെ പ്രവത്തനങ്ങൾകൊണ്ടുമാത്രം സംതൃപ്തിപ്പെടാതെ എഴുകത്തോലിക്കാ യുവാക്കന്മാർക്കൂടി ഭക്തപരിപാടികളേയും സേവനപദ്ധതികളേയും ഉള്ളടക്കി ഒരു പുതിയ സമിതി രൂപവൽക്കരിച്ചു. ഈ പ്രവണതയുടെ പൂർത്തീകരണമായിരുന്നു വിശ്വവിഖ്യാതമായ വിൻസെൻറു ഡി പോൾസഖ്യം. ഫ്രഡറിക്ക് ഒസ്സാനാം അവരെ ഇപ്രകാരം ആഹ്വാനം ചെയ്തു:- "കത്തോലിക്കരായ നാം നമ്മുടെ വിഭിന്നസഹോദരങ്ങളോടു ക്രിസ്തുമതത്തിൻെറ അത്ഭുതാവഹമായ ഘടനയെപ്പററി പ്രസംഗിക്കുമ്പോൾ അവരെല്ലാവരും നമുക്കെതിരായി പൊക്കിപ്പിടിക്കുന്ന ചോദ്യചി



ഫ്രഡറിക്ക ഒസ്സാനാം

ഹ്നത്തെപ്പററി നാമൊന്നു ശ്രദ്ധിക്കണം. അവരുടെ വാദമിതാണ്: നിങ്ങൾ ഭൂതകാലത്തെപ്പററിയാണ് പറയുന്നതെങ്കിൽ അതു ശരി; എന്നാൽ ഇന്നു ക്രിസ്തുമതം മരണമടഞ്ഞിരിക്കുന്നു." അനന്തരം അദ്ദേഹം അവരുടെ ആരോപണം ഇങ്ങനെ ഉന്നയിച്ചു, "നിങ്ങളുടെ വിശ്വാസത്തെ തെളിയിക്കുന്നതും, അതിനെ ബഹുമാനിക്കുന്നതിനും സ്വീകരിക്കുന്നതിനും ഞങ്ങളെ പ്രേരിപ്പിക്കുന്നതുമായ പ്രവൃത്തികൾ എവിടെയാണ്, കാണട്ടെ!"

ആ യുവാപ്പസ്തോലന്മാരുടെ ഹൃദയങ്ങളിൽ ആഞ്ഞുകയറിയ ഈ അവഹേളനത്തിൻെറയും യാഥാത്ഥ്യത്തിൻെറയും പരിണതഫലമായിരുന്നു വിൻസൻറു ഡി പോൾ സഖ്യം. അതവരുടെ വിശ്വാസത്തിനൊരു പ്രായോഗികരൂപം കൊടുത്തു. അവരുടെ സവ്വവിധ പ്രതീക്ഷകളേപ്പോലും അതിശയിച്ചു് അതൊരു ലോകസംഘടനയായി വളരുകയും ചെയ്തു. കൂടുതൽ അംഗങ്ങളെ ഈ സംഘടനയിൽ ചേക്കുന്നതിനു അതിൻെറ ഉപജ്ഞാതാക്കൾക്കുദ്ദേശമുണ്ടായിരുന്നില്ല. എങ്കിലും ചുരുങ്ങിയകാലംകൊണ്ടു അതിൻെറ അംഗസംഖ്യ ആയിരങ്ങളെ അതിലംഘിച്ചു. 40-ാമത്തെ വയസ്സിൽ യുവപ്രേഷിതനായ ഒസ്സാനാം മരിക്കുന്നതിനു മുമ്പുതന്നെ സംഘടന യൂറോപ്പിൻെറ നാനാഭാഗങ്ങളിലും പടന്നു വികസിച്ചുകഴിഞ്ഞിരുന്നു. ഇന്നതു തിരുസഭയിലുള്ള ഏതൊരു സംഘടനയേക്കാളും അംഗസംഖ്യയിലും, പ്രവത്തനശുഷ്കാന്തിയിലും, സേവനപാരമ്പയ്യത്തിലും അതിശയനീയമായ ഒരു സ്ഥാനം കൈവരിച്ചു വിരാജിക്കുകയാണ്. ഫ്രഡറിക്ക ഒസ്സാനാമിൻെറ നാമകരണത്തിനുവേണ്ടിയുള്ള നമ്മുടെ പ്രാത്ഥനകളെ കൂടുതൽ ശുഷ്കാന്തിയായി നിവ്വഹിക്കുന്നതിനു നമുക്കു ശ്രമിക്കാം.

വായിക്കയും വായിപ്പിക്കയും ചെയ്യേണ്ട ഒരു പുതിയ പുസ്തകം
"അംബികേ, ഭവതിയുടെ പവിത്രത പാലിച്ചുകൊണ്ടു്
കളങ്കപങ്കിലമായ പരിസരത്തിൽനിന്നു മാറിനില്ക്കണം"
അമ്മയുടെ മുമ്പിൽ മകൻ ഉയത്തുന്ന
ഈ ഗംഭീരസ്വരം കേൾക്കണോ,
ഒരു പെരപ്പക്കാരൻെറ തലയോട്ടി
പതിമൂന്നായി തല്ലിക്കീറിയ ഭീകരകൊലപാതകത്തിൻെറ
പിന്നിലുള്ള ഞെട്ടിക്കുന്ന രഹസ്യങ്ങൾ കാണണോ,
"കണ്ണു തുറപ്പിച്ച വട്ടിപ്പണം"
(By വറുഗീസ് കിളിച്ചിമല)
എന്ന കഥാപ്രസംഗകൃതി ഉടനെ വായിക്കൂ!
ഇരുത്തി ചിന്തിപ്പിക്കുന്ന യാഥാത്ഥ്യങ്ങളുടെ സമത്ഥചിത്രണം
വില 4 ണ മാത്രം.
വറുഗീസ് കിളിച്ചിമല, നെല്ലിമററം P. O.

# ഒരു യാക്കോബായസഹോദരൻെറ സംശയങ്ങൾ

[ഒരു കത്തോലിക്കൻ]

6. 1599ൽ പോത്തുഗീസുകാരനായ ഡോം മെനേസിസ് മെത്രാപ്പോലീത്താ ഉദയംപേരൂരിൽ വിളിച്ചുകൂട്ടിയ സൂനഹദോസിനെ എതിത്തുനിന്ന മാർത്തോമ്മാക്രിസ്ത്യാനികളെ പുത്തൻകൂററുകാരെന്നും അതിനുവിധേയരായ മാർത്തോമ്മാക്രിസ്ത്യാനികളെ പഴയ കൂററുകാരെന്നും, വിളിച്ചുവരുന്നതു് ന്യായമാണോ? അന്നുവരെയും തോമ്മാശ്ലീഹായുടെ ഉപദേശാനുസരണം ജീവിച്ച ക്രിസ്ത്യാനികൾക്കു പുത്തൻകൂറെന്നും പോർട്ടുഗീസുകാർ കൊണ്ടുവന്നു പ്രചരിപ്പിച്ച മതം സ്വീകരിച്ചവക്കു പഴയകൂററുകാരെന്നും പേരു പറയുന്നതു കേൾക്കുമ്പോൾ, പണവും ആൾസ്വാധീനവുമുണ്ടെങ്കിൽ ഏതു പേരു വേണമെങ്കിലും ആരെയും അടിച്ചേൽപ്പിക്കുവാൻ സാധിക്കും എന്നു തോന്നിപ്പോകുമല്ലോ?

ഈ സംശയപ്രശ്നത്തിലും എൻെറ യാക്കോബായസഹോദരൻ അത്യന്തം വികാരാധീനനായിട്ടാണ് കാണപ്പെടുന്നതു്. വികാരങ്ങൾ പ്രകൃതിദത്തമായി മനുഷ്യസ്വഭാവത്തിലുള്ളതാണെങ്കിലും വികാരങ്ങൾ ബുദ്ധിയുടെയും മനസ്സിൻെറയും സ്വച്ഛന്ദപ്രവത്തനങ്ങളെ തടയത്തക്കതായിരിക്കരുതു്. കാർമേഘങ്ങൾ സൂയ്യനെ ആച്ഛാദനം ചെയ്തുകളയുന്നപക്ഷം അല്പനേരത്തേക്കെങ്കിലും സൂയ്യപ്രകാശം നഷ്ടീഭവിക്കപ്പെട്ടുപോകുമല്ലോ. അതുപോലെ തന്നെ വികാരാവേശങ്ങൾക്കു് സത്യത്തെ തല്ക്കാലത്തേക്കു മറച്ചുകളയുവാൻ സാധിക്കും: യാക്കോബായക്കാരാദിയായ അകത്തോലിക്കസഹോദരങ്ങളെ സത്യസഭാപ്രകാശം കാണിക്കാതെ മാററിനിറുത്തിയിരിക്കുന്നതു് യഥാത്ഥത്തിൽ അവരുടെ മനസ്സിനെ ആവരണം ചെയ്യുന്ന മുൻവിധികളും തെററിദ്ധാരണകളും, തൽഫലമായി ഉളവാകുന്ന വികാരാവേശവുമാണ്. ഇത്രയും മുഖവുര. ഇനിയും നമുക്കു് ചരിത്രസംഭവങ്ങളെ പരിശോധിക്കാം.

ആദ്യമായി ചൂണ്ടിക്കാണിക്കുവാനുള്ള സംഗതി 1599ലെ ഉദയംപേരൂർ സൂനഹദോസുമൂലം മാർത്തോമ്മാ നസ്രാണികളിൽ ആരുംതന്നെ സത്യസഭ വിട്ടുപോയില്ല എന്നുള്ളതാണ്. സുറിയാനിമെത്രാന്മാരുടെ അന്യംനില്പും ലത്തീൻ അധികാരികളുടെ രംഗപ്രവേശവും നസ്രാണിസമുദായത്തിനുമൊത്തത്തിൽ ഹിതകരമായിരുന്നില്ലെങ്കിലും, അവർ സാരമായ എതിപ്പുകളൊന്നും കൂടാതെ അതിനു് കീഴ്വഴങ്ങുകമാത്രമാണ്ചെയ്തതു്. തദനന്തരം അവരുടെ കൽദായരീതിയിലുള്ള തിരുവസ്ത്രങ്ങൾ, കുർബാനയിലെ അപ്പം, കൂദാശകളുടെ ശുശ്രൂഷാരീതി ഇവയിൽ പോത്തുഗീസ് വൈദികാധികാരികൾ മാററം ചെയ്തു എന്നതു ശരിയാണ്. അവയെല്ലാം (Babylonian customs) "ബാബിലോണിയൻ ആചാരമര്യാദ"കളായിരുന്നു എന്നും അവയെ "റോമൻ ആചാരമയ്യാദകളോടു പൊരുത്തപ്പെടുത്തണം" (Bring them into conformity with Rome) എന്നുംആയിരുന്നുപോർട്ടുഗീസുവൈദികമേലദ്ധ്യക്ഷരുടെ നിലപാടു്. ഇതും നസ്രാണിസമുദായത്തിനു് ഹിതകരമായിരുന്നില്ല. ഏതായാലും 1653 വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ യാതൊരു ഭിന്നിപ്പും കൂടാതെ മാർപ്പാപ്പായുടെ പരമാധികാരത്തിൽതന്നെ കഴിച്ചുകൂട്ടി. 1599 ലോ അതിനു മുൻപോ യാതൊരുത്തരും അവരെ റോമൻകത്തോലിക്കാസഭയിൽ ചേത്തതായി യാതൊരു രേഖയുമില്ല. അന്നത്തെ കൽദായപാത്രിയക്കീസ് മാർപ്പാ



വി. തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും വി. ഗീവർഗ്ഗീസിൻെറയും വി. റീത്തായുടെയും മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

T. O. Koruthe
Thalayatte House,
Eraviperoor

പ്പായുടെ പരമാധികാരത്തെ അനുസരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ഭരണം ഇൻഡ്യയിൽ നിലനിറുത്തരുതെന്നു് പോർട്ടുഗീസുകാക്കു വലിയ ശാഠ്യമുണ്ടായിരുന്നു. ആ ശാഠ്യത്തിൻെറ അടിയിൽ രാഷ്ട്രീയചിന്തയ്ക്കു വലിയൊരു സ്ഥാനമുണ്ടായിരുന്നുവെന്നുള്ളതു് നിസ്തക്കമാണ്. പോരെങ്കിൽ പരസ്യകത്തോലിക്കരായ കൽദായക്കാരുടെ ഉത്തമവിശ്വാസത്തേയും, നെസ്തോറിയൻ ക്രിസ്ത്യാനികൾക്കും അവക്കും പൊതുവായുള്ള ആരാധനക്രമത്തിലെ പദപ്രയോഗങ്ങളേയുംപററി പോർട്ടുഗീസ് വൈദികർ പലപ്പോഴും ദുസ്സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ടുകൂടിയാണ് അവർ മലങ്കരനസ്രാണികളുടെ ഭരണഭാരം ഏറെറടുക്കുവാൻ തിടുക്കംകൂട്ടിയതു്. 15-ം 16-ം ശതകങ്ങളിൽ കേരളനസ്രാണികളുടെ ജീവിതക്രമത്തിൽ ധാരാളം ന്യൂനതകൾ ദൃശ്യമായിരുന്നുവെന്നതു് ഒരു പച്ചപ്പരമാത്ഥമാണ്. പാശ്ചാത്യദേശങ്ങളിലെ ക്രൈസ്തവജീവിതത്തിലും വളരെ ദൂഷ്യങ്ങൾ കുന്നുകൂടിയിരുന്ന കാലഘട്ടമായിരുന്നു അതു്. പ്രോട്ടസ്റ്റൻറുവിപ്ലവംമൂലം ഒരു വലിയ ഭാഗം സഭയുടെ ഐക്യത്തിൽനിന്നു വിട്ടുപോയതും, ശേഷിച്ചവരുടെ നവീകരണത്തിനുവേണ്ടി സുപ്രസിദ്ധമായ ത്രെന്തോസ് സൂനഹദോസ് സമ്മേളനം നടന്നതും ഈ കാലഘട്ടത്തിലായിരുന്നു. ത്രെന്തോസ് സൂനഹദോസിലെ കത്തോലിക്കാനവീകരണചൈതന്യത്താൽ പ്രേരിതനായിരുന്ന ഒരു വൈദികശ്രേഷ്ഠനായിരുന്നു ഡോ. മെനേസിസ് എന്നു കാണുന്നു. ഇതെല്ലാംകൂടി ആലോചിച്ചിട്ടുവേണം 1599 നും 1653 നും ഇടയ്ക്കുള്ള 54 കൊല്ലത്തെ മലങ്കരസഭാചരിത്രത്തെ നാം നിഷ്പക്ഷമായി വിധിക്കുവാൻ. ഏതായാലും യുദ്ധവീരന്മാരും പ്രകൃത്യാ ക്ഷിപ്രകോപികളുമായ നമ്മുടെ പിതാക്കന്മാർ ഇങ്ങനെ അരനൂററാണ്ടുകാലം പോർട്ടുഗീസ്ഭരണത്തിൽ അമന്നിരുന്നതു്, അവരിൽ റോമയിലെ റീശ്പാത്രിയക്കീസിനോടുള്ള അനുസരണം പാരമ്പയ്യസിദ്ധമായി വേരുറച്ചിരുന്നതുകൊണ്ടുമാത്രമാണ്. അക്കാലത്തെങ്ങും പുത്തൻകൂർ പഴയകൂർ വിഭജനം ഉണ്ടായിരുന്നില്ല എന്നുള്ള വസ്തുത ഇനിയെങ്കിലും എൻെറ യാക്കോബായസഹോദരങ്ങൾ സദയം ശ്രദ്ധിക്കുമോ? ആരെങ്കിലും അതിനെതിരായുള്ള വാദങ്ങൾ പുറപ്പെടുവിക്കുമെങ്കിൽ അതിനെ സധൈയ്യം എതിക്കുവാൻ ഈ ലേഖകൻ തയ്യാറാണ്.

പിന്നീടു പുത്തൻകൂർ പഴയകൂർ വിഭജനം ഉണ്ടാകുന്നതെപ്പോഴാണ്? ആ പേരുകൾ അതുകക്ഷികൾക്കെങ്ങനെ സിദ്ധിച്ചു? അതു പ്രബലന്മാരായ പഴയകൂററുകാർ ക്ഷീണിതരായപുത്തൻകൂററുകാരുടെമേൽ കെട്ടിവച്ചതാണോ? എന്നീ ചോദ്യങ്ങൾക്കാണ് ഇനിയും ഉത്തരം കണ്ടുപിടിക്കേണ്ടതു്.

1653 ലെ കൂനൻകുരിശുസത്യം കഴിഞ്ഞശേഷം മാർ തോമ്മാ അക്കദിയാക്കോനെ സമുദായം ഒട്ടുമുഴുവനും തങ്ങളുടെ നേതാവായി സ്വീകരിക്കതന്നെചെയ്തു. അദ്ദേഹത്തിനു മേല്പട്ടസ്ഥാനമില്ലെന്നുള്ള കുറവിനെ പരിഹരിക്കുവാൻ പന്ത്രണ്ടു പട്ടക്കാരുടെ കൈവെപ്പോടുകൂടിയ പ്രാത്ഥനകൾ നടത്തിയശേഷം അദ്ദേഹം മെത്രാൻെറ സ്ഥാനചിഹ്നങ്ങൾ ധരിച്ചു ഭരണം നടത്തത്തുടങ്ങുകയും ചെയ്തുവന്നു. അങ്ങനെയിരിക്കെ അദ്ദേഹം ഓറ്ശ്ലേം യാക്കോബായപാത്രിയക്കീസായ മാർ ഗ്രിഗോറിയോസിനെ കേരളത്തിലേക്കു ക്ഷണിക്കുകയും, അദ്ദേഹം 1665-ൽ കേരളത്തിൽവന്നു അഞ്ചുകൊല്ലക്കാലം ഇവിടെ ഭരണം നടത്തുകയുംചെയ്തു. ഈ പാത്രിയക്കീസിൻെറ വരവുമുതലാണ് മലങ്കരയിലെ അക്കദിയാക്കോൻകക്ഷി പാശ്ചാത്യസിറിയൻ ആരാധനക്രമവും യാക്കോബായ വിശ്വാസാചാരങ്ങളും സ്വീകരിച്ചുതുടങ്ങിയതു്. 1653-ൽ കൂനൻകുരിശിൽവച്ചു് ഗാർസ്യാ മെത്രാൻെറ ഭരണത്തിൽനിന്നും വിട്ടുമാറിയ അക്കദിയാക്കോൻകക്ഷി 1665 വരെ, കത്തോലിക്കാ വിശ്വാസത്തേയും മുൻപു നിലവിലിരുന്ന ആരാധനക്രമത്തേയും പൂജാവസ്ത്രങ്ങളേയും പുളിക്കാത്ത അപ്പത്തേയുംകൽദായസുറിയാനി തക്സായേയുംതന്നെയായിരുന്നു ഉപയോഗിച്ചിരുന്നതു് ആകയാൽ ഈ പന്ത്രണ്ടു കൊല്ലത്തെ "ശരീദ്മം"മൂലം അവരെ ആരും പുത്തൻകൂററുകാരെന്നു വിളിച്ചിരുന്നില്ല. അവക്കായിരുന്നു ആദികാലങ്ങളിൽ ജനസ്വാധീനവും പണക്കൊഴുപ്പും കൂടുതൽ ഉണ്ടായിരുന്നതു്.

1665-ൽ മലങ്കരയിൽ ആഗതനായ ഓറ്ശ്ലേം പാത്രിയക്കീസാണ് ആദ്യമായി കർബാനയ്ക്കു പുളിച്ച അപ്പം വേണം, കർബാന ചൊല്ലുമ്പോൾ കാപ്പയിടണം,

പള്ളിക്കാര്യങ്ങൾക്കു ജൂലിയൻ കലണ്ടർ ഉപയോഗിക്കണം, പൗരസ്ത്യസുറിയാനിയുടെ സ്ഥാനത്തു് പാശ്ചാത്യസുറിയാനി ഉപയോഗിക്കണം, കൽദായറീത്തിന്റെ സ്ഥാനത്തു് അന്ത്യോഖ്യൻ റീത്തു വേണം എന്നൊക്കെ നിഷ്കർഷിച്ചു. അദ്ദേഹത്തെ തുടൎന്നു വന്നവർ വിശ്വാസവിഷയങ്ങളിലും പല വ്യത്യാസങ്ങൾ ഏർപ്പെടുത്തി. ഈ "പുതിയ സമ്പ്രദായങ്ങൾ" അക്കദിയാക്കോൻ കക്ഷി സ്വീകരിച്ചതോടുകൂടിയാണ് അവൎക്കു പുത്തൻകൂറുകാരെന്നുള്ള തണ്ടപ്പേരു സ്വയമായി ലഭിച്ചതു്. ആദ്യകാലങ്ങളിൽ അവർ ആ പേരിൽ അഭിമാനിക്കുകയും ചെയ്തുവന്നു.

പുത്തൻകൂറുകാരാരെപ്പോലെ
പത്തരമാററിൽ തങ്കംപോലെ
പഴയകൂറുകാരാരെപ്പോലെ
മുററമടിക്കും ചൂലേപ്പോലെ

എന്നിങ്ങനെ പുത്തൻകൂററിലെ ബാലികാബാലന്മാർ പാട്ടുപാടി വെല്ലുവിളിക്കുന്ന സ്വരം ഇന്നും ചില ഉൾനാടുകളിൽ കേട്ടെന്നുവരാം. ഏതായാലും മേല്പറഞ്ഞ വസ്തുതകളിൽനിന്നും ഒരു കാര്യം സ്ഫടികസ്ഫുടമായി ആൎക്കും ഗ്രഹിക്കാം. അതായതു് പുത്തനായ യാക്കോബായവിശ്വാസാചാരമര്യാദകൾ സ്വീകരിച്ചതുമൂലമാണ് അവൎക്കു ഇങ്ങനെ പുത്തൻകൂർ എന്ന സംജ്ഞ ലഭിച്ചതെന്നു്. ഇതാരും അവരുടെമേൽ കെട്ടിവച്ചതോ മുദ്ര അടിച്ചതോ അല്ല. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസം കത്തോലിക്കാവിശ്വാസമായിരുന്നു. അതിൽ നിലനിന്നവർ ആരും പറയാതെ പഴയകൂറുകാരെന്നും, ശീശ്മയിൽ പോയ തോമ്മാ അക്കദിയാക്കോൻ യാക്കോബായ വിശ്വാസാചാരങ്ങൾ പുത്തനായി സ്വീകരിച്ചപ്പോൾ അവർ സ്വാഭാവികമായി പുത്തൻകൂറുകാരെന്നും ഉള്ള സംജ്ഞക്കർഹരായതാണു്. യഥാൎത്ഥത്തിൽ അക്കദിയാക്കോൻ കക്ഷിക്കായിരുന്നു ആദ്യഘട്ടത്തിൽ ജനസ്വാധീനവും പണക്കൊഴുപ്പും കൂടുതലുണ്ടായിരുന്നതു്. എന്നിട്ടും അവൎക്കു ഈ തണ്ടപ്പേരു പതിഞ്ഞുകിട്ടിയതു് അവർ അതർഹിച്ചതുകൊണ്ടുമാത്രമാണു്. സാധാരണ യാക്കോബായക്കാർ ഇന്നും ഈദൃശ തെററിദ്ധാരണകൾ വിട്ടുപേക്ഷിക്കാത്തതു് അത്യന്തം വിചിത്രവും ശോചനീയവുമാണെന്നു പറയാതെ ഗത്യന്തരമില്ല.

പുത്തൻകൂറുസമുദായം ക്രമശഃ ഛിന്നഭിന്നമാകുകയും പഴയകൂറുസമുദായം ക്രമേണ ശക്തിമത്താകുകയും ചെയ്തിട്ടുണ്ടെന്നുള്ളതു പരമാൎത്ഥമാണു്. അതിനുള്ള കാരണം പഴയകൂറുകാരുടെ റോമാബന്ധവും അതിൽനിന്നുളവായ വിശ്വാസനൈൎമ്മല്യവും സഭാധികാരികളോടുള്ള അനുസരണവും ആണു്. പുത്തൻകൂറുസമുദായത്തിനു് സഭാസംബന്ധമായി വല്ല അധഃപതനവും ഭവിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം മേല്പറഞ്ഞവയുടെ അഭാവംമാത്രമാണു്. മററു കാര്യങ്ങളിൽ ഈ സഹോദരസമുദായങ്ങൾ രണ്ടും തുല്യമാണു്.

പഴയകൂറു സമുദായത്തിനുള്ള മേല്പറഞ്ഞ മേന്മ പുത്തൻകൂറുസമുദായത്തിനും കൈവരുത്തണമെന്നുള്ള സദുദ്ദേശ്യത്തോടുകൂടി മതിമാനും പുണ്യശ്ലോകനുമായ മാർ ഇവാനിയോസ് തിരുമേനിയാൽ സമാരബ്ധമായ പുനരൈക്യപ്രസ്ഥാനം, യാക്കോബായക്കാരാദിയായ പുത്തൻകൂർ സമുദായങ്ങളുടെ സവിശേഷശ്രദ്ധയെ ആകൎഷിക്കേണ്ടതാണെന്നുള്ള ആഹ്വാനത്തോടുകൂടി ഈ പ്രബന്ധം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

തിരുസഭാചരിത്രം 40

# തിരുസഭയും കിരാതവൎഗ്ഗങ്ങളും

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ നാശത്തെ അതിജീവിച്ച ഏകസ്ഥാപനം കത്തോലിക്കാതിരുസ്സഭയാണു്. കിരാതന്മാരുടെ തുടർച്ചയായുള്ള ആക്രമണങ്ങൾ മൂലം അഭ്യന്തരമായ ക്രമസമാധാനങ്ങൾ സൎവ്വത്ര ശിഥിലമാവുകയും പുരാതനറോമൻസാമൂഹ്യവ്യവസ്ഥിതിയും രാഷ്ട്രീയസംവിധാനവും താറുമാറാവുകയും ചെയ്തു. ബുദ്ധിപരവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ അന്ധകാരജഡിലമായ ഒരു ശൂന്യത വ്യാപിച്ചു. ധാൎമ്മികവും സാന്മാർഗ്ഗികവുമായ അധഃപതനം എവിടെയും ദൃശ്യമായി. ദാരിദ്ര്യവും അസമാധാനവും ജീവിതക്ലേശങ്ങളും മൂലം സാമാന്യജനങ്ങളുടെ സ്ഥിതി ഏററവും ദയനീയമായിത്തീൎന്നു. ഇരുളടഞ്ഞ ഈ കാലഘട്ടത്തിൽ റോമായുടെ പൂൎവ്വമഹത്വത്തിന്റെയും പ്രശസ്തിയുടെയും ഏകാവകാശിയായും സമാധാനവും ഐക്യതയും പുനഃസ്ഥാപിക്കുവാൻ കഴിവുള്ള ഏകഘടകമായും നിലകൊണ്ടതു് തിരുസഭയാണു്.

കിരാതന്മാരുടെ ക്രൂരമായ ആക്രമണങ്ങളുടെ മദ്ധ്യേ തിരുസ്സഭയിലെ മെത്രാന്മാർ അവരവരുടെ ആസ്ഥാനങ്ങളിൽ അചഞ്ചലരായി നിന്നുകൊണ്ടു് ജനങ്ങളുടെ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനായി കഴിയുന്നത്ര പരിശ്രമിച്ചുകൊണ്ടിരുന്നു. ധാന്യങ്ങൾ ശേഖരിച്ചു് ക്ഷാമപീഡിതരായ ജനാവലിയുടെയിടയിൽ വിതരണം ചെയ്യുന്നതിലും കിരാതന്മാരുടെ മൎദ്ദനങ്ങൾമൂലം ഞെരുങ്ങിയിരുന്നവൎക്കു് ആശ്വാസവും പ്രോത്സാഹനവും നൽകുന്നതിലും അവർ ബദ്ധശ്രദ്ധരായിരുന്നു.

പുരാതന റോമൻ വ്യവസ്ഥിതിയുടെ സമൂലമായ വിനാശത്തെ ദശിച്ച ഈ കാലഘട്ടത്തിൽ സംസ്കാരത്തെയും വിജ്ഞാനത്തെയും പരിരക്ഷിച്ചതു് കത്തോലിക്കാസഭയിലെ സന്യാസികളാണു്. ആശ്രമങ്ങളോടുചേൎത്തു സംവിധാനം ചെയ്യപ്പെട്ടിരുന്ന കൃഷിസ്ഥലങ്ങളിൽ അവർ അനുദിനം ജോലിചെയ്തിരുന്നു. പ്രാൎത്ഥനയും ധ്യാനവും പോലെതന്നെ കായികാധ്വാനവും അവരുടെ ജീവിതപരിപാടിയുടെ ഒരു അവിഭാജ്യഘടകമായിരുന്നു. അങ്ങനെ പുരാതനവും പരമ്പരാഗതവുമായ കർഷകവൃത്തിയുടെ വളൎച്ചയ്ക്കു് സന്യാസാശ്രമങ്ങൾ സഹായകമായി ഭവിച്ചു. കൂടാതെ അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ നിത്യം പാരായണം ചെയ്യുന്നതിലും അവയെ പകൎത്തി എഴുതി സൂക്ഷിക്കുന്നതിലും സന്യാസികൾ സദാ ജാഗരൂകരായിരുന്നു. അവരുടെ നിസ്തന്ദ്രമായ പരിശ്രമം ഒന്നുകൊണ്ടുമാത്രമാണു് യൂറോപ്പിന്റെ പുരാതനസംസ്കാരവും വിജ്ഞാനവും നാശഗൎത്തത്തിൽനിന്നു രക്ഷിക്കപ്പെട്ടതു്.

യൂറോപ്പിൽ സംഭവിച്ച പരിവൎത്തനങ്ങളുടെ ഫലമായി തിരുസ്സഭയ്ക്കു് തികച്ചും നൂതനവും അപരിചിതവുമായ ഒരു പരിതസ്ഥിതിയെയാണു് നേരിടേണ്ടിവന്നതു്. ചരിത്രത്തിന്റെ അപ്രതിരോധ്യമായ ഗതി അവളെ പ്രായേണ സംസ്കാരശൂന്യരും തീക്ഷ്ണപ്രകൃതികളും, ശക്തിയുടെ ആക്രമണപരമായ സാദ്ധ്യതകളിൽ വിശ്വസിച്ചിരുന്നവരുമായ ജൎമ്മൻ വർഗ്ഗങ്ങളുടെ നടുവിൽ പ്രതിഷ്ഠിച്ചു. ക്രിസ്തുമതം റോമായിൽ ആദ്യമായി പ്രവേശിച്ചകാലത്തു് ബലിഷ്ഠമായ ഒരു സാമ്രാജ്യത്തിന്റെ ആഭിമുഖ്യത്തിൽ വളൎച്ച പ്രാപിച്ച ഒരു സംസ്കാരത്തേയും, ആ സംസ്കാരം ഉന്നയിച്ച ബുദ്ധിപരവും തത്വശാസ്ത്രപരവുമായ പ്രശ്നങ്ങളെയും തിരുസ്സഭയ്ക്കു നേരിടേണ്ടിയിരുന്നു. എന്നാൽ ജൎമ്മൻ വൎഗ്ഗങ്ങളുടെ കുടിയേററത്തിനുശേഷം ആവിർഭവിച്ച പരിതസ്ഥിതികൾ തികച്ചും വിഭിന്നമായിരുന്നു. അവൎക്കു സാംസ്കാരികമായി പറയത്തക്ക യാതൊരു നേട്ടങ്ങളും ഉണ്ടായിരുന്നില്ല. ബുദ്ധിപരമോ തത്വശാസ്ത്രപരമോ ആയ യാതൊരു പ്രശ്നവും അവൎക്കു് ഉന്നയിക്കുവാനുണ്ടായിരുന്നില്ല. കിരാതന്മാരുടെ കുടിയേററത്തോടുകൂടി പശ്ചിമയൂറോപ്പിൽ സാംസ്കാരികവും വൈജ്ഞാനികവുമായ ഒരു ശൂന്യത വ്യാപിച്ചു എന്നു പറയാം. യൂറോപ്പിന്റെ ചരിത്രത്തിലെ പരിവൎത്തനസന്ധിയിൽ കത്തോലിക്കാസഭ അവളുടെ ആദ്ധ്യാത്മികദൗത്യം ശിരസാവഹിച്ചുകൊണ്ടു്, പശ്ചിമയൂറോപ്പിന്റെ അധിപന്മാരായിത്തീൎന്ന ജൎമ്മൻവൎഗ്ഗങ്ങൾക്കു ക്രിസ്തീയവിശ്വാസത്തിൽ അധിഷ്ഠിതമായ സംസ്കാരവും വിജ്ഞാനവും പ്രദാനം ചെയ്യുക എന്ന മഹൽകൃത്യം സ്വയം ഏറെറടുത്തു. ഈ നൂതനവൎഗ്ഗങ്ങൾക്കു തിരുസ്സഭ നൽകിയ മതപരവും ബുദ്ധിപരവുമായ പരിശീലനമാണു് തിരുസ്സഭാചരിത്രത്തിലെ ഏററവും മഹനീയഘട്ടമായ മദ്ധ്യയുഗങ്ങൾക്കു് അടിസ്ഥാനമിട്ടതു്. ജൎമ്മൻവൎഗ്ഗങ്ങളുടെ നൈസൎഗ്ഗികമായ ശക്തിവിശേഷങ്ങളും ക്രൈസ്തവസംസ്കാരവുമായുണ്ടായ സംയോജനം ഇരുഘടകങ്ങൾക്കും അനുഗ്രഹപ്രദമായി ഭവിച്ചു. ക്രിസ്തീയമായ വിജ്ഞാനവും സംസ്കാരവും സമാൎജ്ജിച്ച ജൎമ്മൻവൎഗ്ഗങ്ങളുടെ കിരാതത്വം എന്നേക്കുമായി തിരോഭവിച്ചു. തിരുസ്സഭയുടെ നേതൃത്വത്തിൽ ക്രിസ്തീയമായ ഒരു പരിഷ്കാരത്തിന്റെയും സാമൂഹ്യവ്യവസ്ഥിതിയുടേയും വിധാതാക്കളായിട്ടാണു് അവർ പ്രത്യക്ഷപ്പെടുന്നതു്. മദ്ധ്യയുഗങ്ങളിലെ തിരുസ്സഭയ്ക്കു് ജൎമ്മൻവൎഗ്ഗങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ അമൂല്യങ്ങളാണു്. പ്രസ്തുത കാലഘട്ടത്തെ തിരുസ്സഭാചരിത്രത്തിലെ ജൎമ്മൻയുഗ (German Epoch) മായി പരിഗണിക്കുന്നതിൽ തെററില്ല.

എന്നാൽ മേല്പറഞ്ഞ പരിവൎത്തനങ്ങൾ സാവധാനത്തിലാണു് സംഭവിച്ചതു്. വികാരഭരിതരും, ക്രൂരപ്രകൃതികളും, സംസ്കാരവിഹീനരും, കൊലയിലും കൊള്ളിവയ്പിലും അതിനിപുണന്മാരുമായിരുന്ന കിരാതന്മാരെ സംസ്കരിക്കുകയെന്നതു് ക്ഷിപ്രസാദ്ധ്യമായ ഒരു കാൎയ്യമായിരുന്നില്ല. സാവധാനത്തിലെങ്കിലും തിരുസ്സഭ ഈ സംരംഭത്തിൽ വിജയംവരിച്ചു.

റോമാസാമ്രാജ്യത്തെ ആക്രമിച്ച ജൎമ്മൻവൎഗ്ഗങ്ങളിൽ ഫ്രാങ്കുകൾ ബഹുദേവമതാനുയായികളായിരുന്നു. ഗോത്തുകൾ, വാൻഡലുകൾ തുടങ്ങിയ മററു വൎഗ്ഗങ്ങളെല്ലാംതന്നെ ആരിയൻപാഷണ്ഡതയെ ആശ്ലേഷിച്ചിരുന്ന ക്രിസ്ത്യാനികളുമായിരുന്നു. നാലാം ശതാബ്ദത്തിന്റെ ആരംഭദശയിൽതന്നെ ഇവരുടെമദ്ധ്യേ ക്രിസ്തുമതത്തിനു പ്രചാരം ലഭിച്ചുവെങ്കിലും ക്രിസ്തീയവിജ്ഞാനവും സംസ്കാരവും അവരുടെയിടയിൽ ഒട്ടുംതന്നെ വളൎച്ചപ്രാപിച്ചിരുന്നില്ല. അസംസ്കൃതചിത്തന്മാൎക്കു ചേൎന്നതരത്തിലുള്ള അന്ധമായ വിശ്വാസമായിരിക്കണം അവർ പുലൎത്തിയിരുന്നതു്. ബുദ്ധിപരമായി ആ വിശ്വാസത്തെ അപഗ്രഥിച്ചു മനസ്സിലാക്കുന്നതിനോ, താത്വികമായി അതിനെപ്പററി പഠിക്കുന്നതിനോ ആവശ്യമായ വിജ്ഞാനവും സംസ്കാരവും അവൎക്കില്ലായിരുന്നു. അതുകൊണ്ടു് ബഹുദേവമതക്കാരായ ഫ്രാങ്കുകളേയും പാഷണ്ഡികളായ മററു വൎഗ്ഗക്കാരേയും ക്രിസ്തീയവിജ്ഞാനത്തിൽ ഉത്സുകരാക്കുകയും കത്തോലിക്കാവിശ്വാസത്തിലേക്കു പരിവൎത്തിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു സഭയുടെ ലക്ഷ്യം.

അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സാഹചര്യങ്ങളിൽക്കൂടിയാണു് തിരുസ്സഭ ഈ ലക്ഷ്യത്തെ പ്രാപിച്ചതു്. കിരാതവൎഗ്ഗങ്ങളുമായുള്ള വേഴ്ചയിൽനിന്നു സഭയ്ക്കു് ചില നേട്ടങ്ങളും കോട്ടങ്ങളുമുണ്ടായി. അനുകൂലസാഹചര്യങ്ങളേയും നേട്ടങ്ങളേയും നമുക്കു് ആദ്യമായി പരിശോധിക്കാം. ജൎമ്മൻവൎഗ്ഗങ്ങൾ ബുദ്ധിപരമായ പക്വതയെ പ്രാപിച്ചിട്ടില്ലാതിരുന്നതിനാൽ ബുദ്ധിമണ്ഡലത്തിൽ തിരുസ്സഭയുടെ നേതൃത്വത്തെ സംശയലേശമെന്യേ അവർ സ്വീകരിക്കുവാൻ സന്നദ്ധരായി. ക്രിസ്തീയവിശ്വാസത്തെ സംബന്ധിച്ചുള്ള സഭയുടെ പ്രബോധനങ്ങളെ അവർ തികഞ്ഞ ആത്മാൎത്ഥതയോടുകൂടി കണ്ണുമടച്ചു് സ്വീകരിക്കുന്നതു കാണാം. വിശ്വാസസത്യങ്ങളുടെ തത്വശാസ്ത്രപരമായ അപഗ്രഥനത്തിനു് അവർ മുതിരുന്നില്ല. സഭ പറയുന്നതെന്തോ അതു് അവൎക്കു പ്രമാണമാണു്. ഈ മനോഭാവത്തിന്റെ ഫലമായി അവരുടെയിടയിൽ പാഷണ്ഡതകൾക്കു സ്ഥാനമില്ലാതെവന്നു. സഭയോടും വിശ്വാസത്തോടുമുള്ള അചഞ്ചലമായ ഭക്തി അവരുടെ ഒരു സ്വഭാവവിശേഷമായിരുന്നു. മദ്ധ്യയുഗങ്ങളുടെ ആദ്ധ്യാത്മികമായ അടിസ്ഥാനത്തിനു ഉറപ്പുനൽകിയതു് ജൎമ്മൻവംശജരുടെ ഈ മനോഭാവമാണു്. ആ കാലഘട്ടത്തിൽ വൈദികാധികാരികൾക്കു് സാംസ്കാരികമണ്ഡലത്തിൽ കൈവന്ന ആധിപത്യത്തിന്റെ നിദാനവും ഇതുതന്നെയാകുന്നു. ജൎമ്മൻവൎഗ്ഗങ്ങൾ പൗരോഹിത്യത്തോടും പ്രത്യേകിച്ചു് മാൎപ്പാപ്പാസ്ഥാനത്തോടും കാണിച്ചിരുന്ന ഭക്ത്യാദരങ്ങൾ തിരുസ്സഭയോടുള്ള അവരുടെ ആത്മാൎത്ഥമായ ഭക്തിയുടെ ഒരു പ്രതിഫലനം മാത്രമായിരുന്നു.


അവർ പുതുതായി ആശ്ലേഷിച്ച മതം അവരെ ആവേശംകൊള്ളിച്ചു. അവരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന നൈസൎഗ്ഗികമായ ആന്തരികശക്തികളെയെല്ലാം ആ മതത്തെ സംപുഷ്ടമാക്കുന്നതിനായി അവർ അൎപ്പിച്ചു. കാലാന്തരത്തിൽ അവർ ക്രിസ്തുമതത്തോടു താദാത്മ്യം പ്രാപിച്ചപ്പോൾ ഈ ആന്തരികമായ മതചൈതന്യം വീരോചിതമായ പുണ്യാഭ്യസനത്തിലും അമൂല്യങ്ങളായ കലാസൃഷ്ടികളിലുംകൂടി പ്രകാശിതമായി. (തുടരും)


## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാൎക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1

ആദ്ധ്യാത്മികവീഥി

# ആദ്ധ്യാത്മികോപദേഷ്ടാവ്

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞലക്കത്തിൽ സാധാരണ ചാവുദോഷങ്ങളിൽ പതിക്കുന്ന ഒരാൾ ആത്മകാര്യം ബോധിപ്പിക്കുന്നതിന്റെ ഒരു മാതൃക കാണിച്ചിരുന്നല്ലോ. ഇത്തവണ പാവദോഷങ്ങളിൽ മാത്രം നിപതിക്കാറുള്ള ഒരാളുടെ മാതൃകയെടുക്കാം. അയാൾ ഇപ്രകാരം പറയുന്നു:

"ദൈവാനുഗ്രഹത്താൽ വളരെ അപൂർവ്വമായിട്ടേ ഞാൻ ചാവുദോഷത്തിൽ വീഴാറുള്ളൂ. എങ്കിലും എനിക്കു മനസ്സിനു തീരെ സമാധാനമില്ല."

വൈദികൻ: "എന്താണ് സമാധാനക്കേടിനു കാരണം?"

"ഞാൻ അനേകം പാവദോഷങ്ങൾ ചെയ്യുന്നുണ്ട്. കൂസലില്ലാതെ പാവദോഷം ചെയ്യുന്നയാളുകൾ ക്രമേണ ചാവുദോഷത്തിലകപ്പെട്ടു നശിച്ചുപോകാൻ പാടുണ്ടെന്ന് ഈയിടെ ഒരു പ്രസംഗത്തിൽ കേട്ടു. അപ്പോൾ മുതലാണു സമാധാനക്കേടു തുടങ്ങിയതു്."

"ആ പ്രസംഗക്കാരൻ പറഞ്ഞതു ശരിയാണ്. എങ്കിലും സമാധാനക്കേടു വിചാരിച്ചിട്ടു കാര്യമില്ല. പാവദോഷങ്ങളിൽ നിന്നു മാറാൻ ശ്രമിക്കയാണു വേണ്ടതു്."

"ഞാൻ വളരെയൊക്കെ ശ്രമിച്ചിട്ടും ഫലം കാണാത്തതുകൊണ്ടാണ് അധികം വിഷമം."

"വേണ്ടവണ്ണം ശ്രമിച്ചുകാണുകയില്ലെന്നാണു എനിക്കു തോന്നുന്നതു്. നിങ്ങൾ സാധാരണ ചെയ്യാറുള്ള പാവദോഷങ്ങൾ എന്തെല്ലാമാണ്?"

"ഒന്നാമതുതന്നെ പല വിചാരം കൂടാതെ പ്രാർത്ഥിക്കാൻ എനിക്കു തീരെ സാധിക്കുന്നില്ല."

"പ്രാർത്ഥനയുടെ ആരംഭത്തിൽ ബോധമടക്കി ദൈവസാന്നിദ്ധ്യപ്രകരണം ചെയ്യുന്നുണ്ടോ?"

"ഇല്ല. മറ്റു വല്ലതും ചെയ്തുകൊണ്ടിരിക്കുകയോ വല്ലവരോടും സംസാരിച്ചുകൊണ്ടിരിക്കുകയോ ചെയ്യുമ്പോളായിരിക്കും പ്രാർത്ഥനയ്ക്കു നേരമായെന്നു അപ്പനോ അമ്മയോ പറയുന്നതു്. ഉടനെ മുട്ടുകുത്തി പ്രാർത്ഥന തുടങ്ങും വായ്കൊണ്ടു സ്വരം പുറപ്പെടുവിക്കുമെങ്കിലും വിചാരം മുൻപു ചെയ്തുകയോ പറയുകയോ ചെയ്തുകൊണ്ടിരുന്ന സംഗതിയുടെ പുറകെ അങ്ങുപോകും."

"അതിൽ അത്ഭുതപ്പെടാനില്ല. അല്പസമയമെങ്കിലും ഒരുങ്ങാതെ പ്രാർത്ഥന ആരംഭിക്കരുതു്. പല വിചാരത്തിലാണ്ടുപോയി എന്നു ബോധമുണ്ടായാൽ അതു മാറ്റാൻ ശ്രമിക്കുന്നുണ്ടോ? അതോ മനസ്സറിഞ്ഞുകൊണ്ടുതന്നെ തുടർന്നു ചിന്തിക്കുമോ?"

"മാറ്റാൻ ശ്രമിക്കുന്നുണ്ട്."

"കൊള്ളാം. ഇനി പാട്ടുപോലെ നല്ല ഒരുക്കംകൊണ്ടു പല വിചാരം ഉണ്ടാകാതിരിക്കാൻ കൂടി ശ്രമിക്കണം. ഒരാഴ്ച അങ്ങനെ ഒന്നു പരീക്ഷിച്ചതിനുശേഷം വന്നു വിവരം പറഞ്ഞാൽ കൂടുതൽ എന്താണ് ചെയ്യേണ്ടതെന്നു പറഞ്ഞുതരാം."

ഏവർക്കും ഇതുപോലെ ആത്മപിതാവിനെ സമീപിച്ചു ഉപദേശം ആരായാം.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

## വിനോദവേദി



"ത്രേസ്യാമ്മേ! ദേ 65-ാമത്തെ പിറന്നാളിനു് എന്റെ വകയൊരു സമ്മാനം."

"എനിക്കൊന്നുംവേണ്ട, എനിക്ക് അത്രേം വയസ്സുമായിട്ടില്ല, പോവൂ അവിടന്നു്."

x x x



"ഷൂസ് ബസ്സിലുവെച്ചു മറന്നുപോയീഹെ!! ഹൗ! ഈ റോഡൊക്കെ ടാറിട്ടുകേം വേണ്ടേന്നു."

x x x

യുവാവായ ഒരു പുതിയ പാഴ്സനായിരുന്നു അന്നത്തെ കർമ്മങ്ങൾക്കു വന്നിരുന്നതു്. ഓർഗൺ വായിച്ചുകൊണ്ടിരുന്ന യുവതി അവളുടെ സാമർത്ഥ്യം അന്നൊന്നു പ്രകടിപ്പിക്കണമെന്നു തീരുമാനിച്ചു. ഓർഗനു കാറ്റടിച്ചുകൊണ്ടിരുന്ന കപ്യാർക്കു യുവതി ഒരു കുറിപ്പുകൊടുത്തു: "ഞാൻ നിർത്താൻ പറയുന്നതുവരെ അടിച്ചുകൊള്ളണം." പാഴ്സൻ പ്രസംഗപീഠത്തിലേക്കു പോകുന്ന സമയമായിരുന്നു. പ്രസംഗത്തിൽ എന്തെങ്കിലും ഓർമ്മിപ്പിക്കാനാണെന്നു കരുതി കപ്യാർ കുറിപ്പു നോക്കാതെ പാഴ്സനെ ഏല്പിച്ചു. ഫലമെന്തായിരിക്കും?

## ചരമവാർത്തകൾ

**അരുവിത്തുറ:** ഈ ഇടവക മുകാലയിൽ മത്തായി ഏലി 80-ാമത്തെ വയസ്സിൽ ആഗസ്റ്റ് 20-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം 21-ാംതീയതി ഞായറാഴ്ച 11 മണിക്ക് റവ. ഫാദർ തോമസ് അരയത്തിനാൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**എലിക്കുളം:** ഈയിടവകയിൽ എലമ്പിലക്കാട്ട് തൊമ്മൻ അന്ന വാർദ്ധക്യസഹജമായ അസുഖങ്ങൾനിമിത്തം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് ആഗസ്റ്റ് 13-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം റവ. ഫാദർ ജെ. വട്ടക്കാട്ട് അവർകളുടെ കാർമ്മികത്വത്തിൽ എലിക്കുളം പള്ളി സിമിറ്ററിയിൽ നടത്തപ്പെട്ടു. സംസ്കാര ചടങ്ങുകളോടനുബന്ധിച്ച ഫാദർ വട്ടക്കാട്ട് അവർകൾതന്നെ ചരമപ്രസംഗവും നടത്തി.

**ആളൂർ:** ചിറക്കൽ കുറുമ്പിലാവിൽ തേക്കാനത്തു കാട്ടുക്കാരൻ ശ്രീ ചാക്കുവിന്റെ അമ്മ കുഞ്ഞാളിച്ചി തന്റെ 80-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം നിര്യാതയായിരിക്കുന്നു. മൃതദേഹം ചിറയ്ക്കൽ പള്ളിയിൽ അനേകം വൈദികരുടെ സാന്നിദ്ധ്യത്തിൽ സംസ്കരിക്കപ്പെട്ടു.

**കുടമാളൂർ:** ഈ പള്ളി ഇടവക ചാവറ കുടുംബത്തിലെ ഒരംഗമായ ശ്രീ ജോസഫ് ചാവറ ഉദരസംബന്ധമായ സുഖക്കേടുമൂലം ആഗസ്റ്റ് 14-ാംനു ഉച്ചകഴിഞ്ഞ് തന്റെ 45-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറ്റേദിവസം കുടമാളൂർ പള്ളി സിമിറ്ററിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**ചെന്നാട്:** സ്ഥലത്തെ വയലിൽ കുടുംബത്തിലെ കുര്യൻ ചാക്കോ തന്റെ 76-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറ്റേദിവസം ഓലിക്കൽ മത്തായി അച്ചന്റെ കാർമ്മികത്വത്തിൽ ശവസംസ്കാരം നടത്തപ്പെട്ടു.

R. I. P.

## ഇടവകവാർത്തകൾ

**മുതലക്കോടം:** എറണാകുളം അതിരൂപതയിലെ വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ അംഗമായ ഈ ഇടവക റവ ഫാദർ എമ്മാനുവൽ പള്ളിക്കുന്നേൽ ആഗസ്റ്റ് 23-ാംനു കൊച്ചിയിൽ നിന്നും കപ്പൽമാർഗ്ഗം അമേരിക്കയിലേക്കു പുറപ്പെട്ടിരിക്കുന്നു. വിൻസെൻഷ്യൻ സഭക്കാരാൽ നടത്തപ്പെടുന്ന സുപ്രസിദ്ധമായ ചിക്കാഗോയിലെ ഡി പോൾ യൂണിവേഴ്സിറ്റിയിൽ ചേർന്ന് അദ്ദേഹം ഉപരിപഠനം നിർവ്വഹിക്കുന്നതായിരിക്കും. കോൺഗ്രിഗേഷൻ അംഗങ്ങളും പല സുഹൃത്തുക്കളും ചേർന്നു ഹാർബറിൽവച്ചു അദ്ദേഹത്തിനു വിജയങ്ങൾ ആശംസിച്ചു യാത്രയാക്കി.

**കുത്ത്യതോട്:** ഷെവലിയർ കാഞ്ഞിരക്കാട്ടു തച്ചിൽ ലോന വറീതു അവർകളുടെ പത്നി ശ്രീമതി മറിയംകുട്ടി നിര്യാതയായിട്ടു് ഒരു വർഷം തികയുന്ന ആഗസ്റ്റ് 22-ാംനു രാവിലെ 6-30നു് എറണാകുളം സഹായമെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പൊന്തിഫിക്കൽ റാസ അർപ്പിച്ചു. തദനന്തരം റവ. ഫാദർ മാത്യു മങ്കുഴിക്കരി അവർകൾ പരേതയെ അനുസ്മരിച്ചു ഹൃദയസ്പർശകമായ ഒരു പ്രഭാഷണം നടത്തി അതിനുശേഷം കുഴിമാടത്തിൽ ഒരു മാർബിൾശില സഹായമെത്രാൻ തിരുമേനി ആശീർവദിച്ചു സ്ഥാപിച്ചു ഒപ്പീസ് നടത്തി. 40 ഓളം വൈദികർ തിരുക്കർമ്മങ്ങളിൽ സഹകരിച്ചു. സ്ഥലത്തേയും അയൽപ്രദേശങ്ങളിലെയും അനേകായിരം സാധുക്കൾക്ക് സമൃദ്ധിയായി സദ്യ നൽകപ്പെട്ടു. 4 മണിക്ക് സാധുക്കൾക്ക് വസ്ത്രദാനവും ഭംഗിയായി നിർവഹിക്കപ്പെട്ടു.

**വടയാർ:** വടയാറ്റുപള്ളിയിൽ ബ. കപ്പൂച്ചിൻ സഭക്കാരാൽ നടത്തപ്പെട്ട ധ്യാനം ആഗസ്റ്റ് 21-ാം തീയതി അവസാനിച്ചിരിക്കുന്നു. ഈ ഇടവകയിലെ സാധുതൊഴിലാളികൾക്കു കൂടി ധ്യാനത്തിൽ പങ്കുകൊള്ളേണ്ടതിലേക്ക് സ്ഥലത്തെ ബ. വികാരി ഫാ. സെബാസ്റ്റ്യൻ മലമേൽ അവർകളുടെയും, വിവിധസംഘടനകളുടെയും ശ്രമഫലമായി ഇടവകയിൽനിന്നും സംഭാവനകൾ ശേഖരിച്ച് 55 സാധുകുടുംബങ്ങൾക്ക് വിതരണം ചെയ്യപ്പെട്ടു.

ധ്യാനത്തിനിടയ്ക്ക് നടത്തപ്പെട്ട പരിഹാരപ്രദക്ഷിണത്തിൽ സ്ത്രീപുരുഷഭേദമെന്യേ അഞ്ഞൂറിൽപ്പരം പേർ പങ്കുകൊള്ളുകയുണ്ടായി.

സത്യാരാധനാസഖ്യത്തിന്റെ ഒരു ശാഖ ഇവിടെ സ്ഥാപിക്കുകയും ഒട്ടധികം യുവാക്കൾ അതിൽ ചേരുകയുംചെയ്തു.

**നെടുങ്ങാട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായ സത്യാരാധനസഖ്യത്തിന്റെ പ്രഥമവാർഷികം സാഘോഷം കൊണ്ടാടുകയുണ്ടായി. മി. മാത്യു മഠത്തിപ്പറമ്പിൽ ബി. എ. ബി. എൽ. ആദ്ധ്യക്ഷം വഹിച്ചു മി. തോമസ് നരിക്കുളം, ഏ. കെ. അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. സഖ്യാംഗങ്ങൾ എല്ലാവരും പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി. മി. കോട്ടി ആശാൻ ആൻഡ് പാർട്ടിയുടെ ഗാനാലാപങ്ങൾ യോഗത്തെ മംഗളകരമാക്കി.

**കടേനിക്കാട്:** സ്ഥലം സെൻറു മേരീസ് ദേവാലയത്തിലെ സൺഡേസ്കൂൾ സൊഡാലിറ്റി എന്നിവകളുടെ സംയുക്തവാർഷികാഘോഷം റവ. ഫാദർ ജോസഫ് മാലിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ ശ്രീ എൻ. ജെ. പനയമ്പാല ബി. എ. പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ വിനോദപ്രകടനങ്ങളും ഡാൻസുകളുമുണ്ടായിരുന്നു.

**ഉപ്പുതറ:** അയ്യപ്പൻകോവിലിൽ സാമ്പവകത്തോലിക്കരുടെ കോളണിയിൽ പുതുതായി ആരംഭിച്ചിരിക്കുന്ന കപ്പേളയുടെ വെഞ്ചരിപ്പും ആദ്യബലിയർപ്പണവും ആഗസ്റ്റ് 10-ാംനു ബുധനാഴ്ച 10 മണിക്ക് വെട്ടിയാട്ട് ജയിംസച്ചൻ നടത്തിയിരിക്കുന്നു; ഒരു വമ്പിച്ച ജനാവലി പ്രസ്തുതചടങ്ങുകളിൽ ആദ്യന്തം സംബന്ധിക്കുകയുണ്ടായി.

ചിന്തചാർമഗിരിയിൽ ആഗസ്റ്റ് 13-ാംനു ശനിയാഴ്ച അമലോത്ഭവമാതാവിന്റെ തിരുസ്വരൂപത്തിന്റെ ആഘോഷമായ പ്രതിഷ്ഠാകർമ്മവും തുടർന്ന് പാട്ടുകുർബാന, ലദീഞ്ഞ്, പ്രദക്ഷിണം പ്രസംഗം മുതലായ കർമ്മങ്ങളും വെട്ടിയാട്ടച്ചന്റെ കാർമ്മികത്വത്തിൽ സമംഗളം നടത്തപ്പെട്ടിരിക്കുന്നു.

**വല്ലം:** ആഗസ്റ്റ് 16-ാംനു സ്ഥലത്തെ അഗതികളുടെ സഹോദരികളുടെ മഠത്തോടനുബന്ധിച്ച് നടത്തുന്ന ഡിസ്പെൻസറിയുടെ ഉൽഘാടനം റൈറ്റ് റവ. മോൺ. ജോർജ് വല്യാറമ്പത്ത് അവർകൾ നിർവ്വഹിച്ചു. എല്ലാ തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും പരിചയസമ്പന്നനായ ഒരു ഡോക്ടർ സ്ഥലത്തുണ്ടായിരിക്കുന്നതാണ്.

**കല്ലൂർ:** സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും പ്രമാണിച്ച് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിയങ്കണത്തിൽവച്ചു റവ. ഫാ. ജോൺ ചിറയത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. മി. എ. സി. റപ്പായി പ്രസംഗിച്ചു. കുട്ടികളുടെ വിവിധ വിനോദപ്രകടനങ്ങളും യോഗാനന്തരം ശ്രീ വി. പി. ജോസഫ് ആൻഡ് പാർട്ടിയുടെ കഥാകാലക്ഷേപവുമുണ്ടായിരുന്നു.

**നെയ്യശ്ശേരി:** സ്ഥലം കത്തോലിക്കാ സോഷ്യൽലീഗിന്റെ ആഭിമുഖ്യത്തിലുള്ള വായനശാലയുടെ പ്രഥമവാർഷികവും, സ്വാതന്ത്ര്യദിനവും പ്രമാണിച്ച് 15-ാംനു ഉച്ചകഴിഞ്ഞ് 2-30-നു് മിഡിൽസ്കൂൾ മൈതാനത്തു റവ. ഫാ. ഐസക്ക് പെട്ടയിൽ അവർകൾ ദേശീയപതാക ഉയർത്തി. തുടർന്നു കൂടിയ മഹായോഗത്തിൽ നിർമ്മലകോളേജ് പ്രൊഫസർ റവ ഫാ. ജയിംസ് വെമ്പിള്ളി എം. എ. അവർകൾ ആദ്ധ്യക്ഷംവഹിച്ചു ലീഗ് പ്രസിഡൻറ് ശ്രീ വി. എം. എബ്രാഹം സദസ്സിനു സ്വാഗതമാശംസിച്ചു ശ്രീ കേരളവർമ്മൻ പണ്ടാല എം. എ, ശ്രീ കെ. വി. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. വിദ്വാൻ പി. ജെ. ജോസഫ് കൃതജ്ഞതാപ്രകടനം നടത്തി. മീറ്റിംഗിനിടയ്ക്കു കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും ഒരു ഹിന്ദി പ്രഹസനവുമുണ്ടായിരുന്നു. "ജീവിതം ആരംഭിക്കുന്നു" എന്ന സംഗീതനാടകം ലീഗംഗങ്ങൾ വളരെ തന്മയത്വത്തോടുകൂടി നടത്തി. നാടകത്തോടനുബന്ധിച്ച് "മുതലക്കണ്ണുനീർ" എന്ന കഥാപ്രസംഗം ഒരു യുവകാഥികനായ ജേക്കബ് സി. കുറ്റിക്കാടൻ നടത്തുകയുണ്ടായി.

**കൂനമ്മാവ്:** സ്ഥലം കർമ്മലീത്താശ്രമത്തോടനുബന്ധിച്ച് സ്ഥാപിതമായിട്ടുള്ള ബോസ്കോ യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ, കർക്കിടകമാസത്തിലെ എല്ലാ ഞായറാഴ്ചകളിലും 500 സാധുക്കൾക്ക് സുഭിക്ഷമായി അന്നദാനം നൽകിയിരിക്കുന്നു. ഏതാനും ദിവസങ്ങളിൽ ഉദാരമതികളായ ഓരോരുത്തരുടെ സംഭാവനയായി അതു നിർവ്വഹിക്കപ്പെട്ടു.

**വരാപ്പുഴ:** സ്ഥലം പള്ളിയിലെ കർമ്മലമാതാവിന്റെ കൊമ്പ്രേത്തിരുനാൾ, മി. എം. വി. ജോസഫ് മാരാപറമ്പിൽ പ്രസുദേന്തിയായി ആഗസ്റ്റ് 15-ാംനു ആഘോഷിച്ചിരിക്കുന്നു. വരാപ്പുഴ ആർച്ചുബിഷപ്പ് തിരുമേനി പൊന്തിഫിക്കൽ പൂജയർപ്പിച്ചു. 500 സാധുക്കൾക്കുവീതം 4 ദിവസം സുഭിക്ഷമായ ഭക്ഷണം നൽകപ്പെട്ടു.

**നസറത്ത്:** കത്തോലിക്കാസേവാസമാജത്തിന്റെ നിസ്തുലമായ പരിശ്രമത്താലും, ശ്രീമാൻ F. കെമിയൽ അവർകളിൽനിന്നു ലഭിച്ച ഗണ്യമായ ധനസഹായവും നാട്ടുകാരിൽനിന്നും പിരിഞ്ഞുകിട്ടിയ സംഭാവനയുംകൊണ്ടു നസറത്തിൽ പുതുതായി പണികഴിപ്പിച്ച വിശുദ്ധ കുരിശിന്റെ വെഞ്ചരിപ്പുകർമ്മം ടി പള്ളിവികാരി ആഗസ്റ്റ് 15-ാംനു സാഘോഷം നിർവ്വഹിച്ചു. തദനന്തരം നടന്ന ഭജനക്കച്ചേരിയിൽ പ്രശസ്തരായ നാലു ഭാഗവതർമാർ പങ്കെടുത്തു. രാത്രി ഏ. കെ ഭവാനി ആൻഡ് പാർട്ടിയുടെ "സെൻറു ജോർജ്ജ്" എന്ന കഥാപ്രസംഗവും നടന്നു.

**മരിയാപുരം:** ആഗസ്റ്റ് പതിനഞ്ച് പ്രമാണിച്ചു ഇരവിമംഗലം കപ്പേളയിൽ പ്രതിവർഷം നടത്താറുള്ള ജപമാലപ്രദക്ഷിണം, ലദീഞ്ഞ്, പൊതുസമ്മേളനം മുതലായവ ഇക്കൊല്ലവും ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് റവ. ഫാ. മാർട്ടിൻ ഓ. എഫ്. എം. അവർകളാണ്. റവ ബ്രദർ റാഫേൽ ചിറ്റിലപ്പിള്ളി പ്രസംഗിച്ചു. സമ്മേളനാനന്തരം കുട്ടികൾക്കു മധുരപലഹാരവും മറ്റും വിതരണം ചെയ്തു.

മരിയാപുരത്തും ആഗസ്റ്റ് പതിനഞ്ചു പ്രമാണിച്ചു ഉച്ചതിരിഞ്ഞ് പൊതുയോഗം റവ. ഫാ. ജോസഫ് ചക്കാലമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. റവ. ബ്രദർ റാഫേൽ ചിറ്റിലപ്പിള്ളി പ്രസംഗിച്ചു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, AUGUST 31 || No. 4


## ഡെമോക്രസി അഥവാ ജനാധിപത്യഭരണം

"ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽതന്നെ നടത്തപ്പെടുന്ന ഭരണരീതി"യെയാണല്ലോ ഡെമോക്രസി എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്. ഈ ഭരണരീതിയാണ് ആധുനികലോകത്തിൻെറ ആദർശം. ഭരണരീതി ഏതുതന്നെ ആയിരുന്നാലും അതു യഥാർത്ഥത്തിൽ സൽഭരണമാകണമെങ്കിൽ അവശ്യം ദീക്ഷിക്കപ്പെടേണ്ട ചില തത്വങ്ങളുണ്ടു്. ജനാധിപത്യത്തിൻെറ ലേബലിൽ അവയെല്ലാം "തേച്ചുകുളിച്ചു" വെറും കിരാതഭരണരീതിയിലേക്കു ഭരണകൂടങ്ങൾ ഇടിഞ്ഞുവീണുകൊണ്ടിരിക്കുന്ന അനുഭവങ്ങൾ ഇന്നു വിരളമല്ല. രാജ്യങ്ങളുടേയും പൗരാവലിയുടേയും ദുരന്തദുരിതങ്ങൾക്കു നിദാനമായിത്തീരുന്ന ഈ അധഃപ്പതനത്തിനെതിരായി ജനത ഉണർന്നു പ്രവർത്തിക്കേണ്ടതു് ജനായത്തഭരണരീതിയിൽ എല്ലായ്പ്പോഴും, അതിൻെറ പ്രാരംഭകാലത്തിൽ പ്രത്യേകിച്ചും അവശ്യാവശ്യമാണ്. ജനാധിപത്യരാഷ്ട്രത്തിൻെറ നാഡി പരിശോധിക്കുന്നതിനും അതിൻെറ മഹദാദർശങ്ങളിൽ അതുറച്ചുനില്ക്കുന്നുണ്ടോ എന്നു മനസ്സിലാക്കുന്നതിനും പൊതുജനങ്ങൾക്കു സഹായകമായ ചില അറിവുകൾ ഒരു സഹജീവിയുടെ മുഖലേഖനത്തിൽനിന്നും ഇവിടെ സമാഹരിക്കുന്നതു ഗുണപ്രദമായിരിക്കുമെന്നു കരുതുന്നു.

പരേതനായ ഡോക്ടർ ടെംപിൾ എന്ന ഗ്രന്ഥകാരൻ ഒരിടത്തു പ്രസ്താവിച്ചിട്ടുള്ളതിപ്രകാരമാണ്:- "ഡെമോക്രസി അതിൻെറ മൗലികതത്വങ്ങളിൽ ഉറച്ചുനില്ക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ മൂന്നു മാർഗ്ഗങ്ങൾ സ്വീകാര്യങ്ങളായുണ്ടു്—ഒന്നു്, അതു വ്യക്തികളോടു നീതി കാണിക്കുവാൻ എത്രമാത്രം വ്യഗ്രതപ്പെടുന്നു; രണ്ടു്, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ പരിരക്ഷിക്കുവാൻ അതെത്രമാത്രം ഉൽസുകത പ്രദർശിപ്പിക്കുന്നു; മൂന്നു്, വ്യക്തികളുടെ മനസ്സാക്ഷിയെ സ്പർശിക്കുന്ന വിഷയങ്ങളിൽ അതെത്ര നിഷ്കർഷയോടുകൂടിയ / ആദരവു പ്രകടമാക്കുന്നു. ഈ മൂന്നു കാര്യങ്ങളിൽ അവസാനത്തേതാണ് ഏററവും പ്രധാനമായിട്ടുള്ളതു്." ജനാധിപത്യത്തിൻെറ ബാലപാഠങ്ങളെ പഠിച്ചു പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തു കാലാകാലങ്ങളിൽ ഈ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. നമുക്കൊന്നാത്മശോധനചെയ്യാം. ഇപ്പോൾ അതിനുള്ള പ്രത്യേകാവസരവുമാണ്. കാരണം, ജനാധിപത്യഭരണമീമാംസയിലെ മഹത്തായ തത്വങ്ങളെ ഉള്ളടക്കുന്ന നമ്മുടെ ഭരണഘടന ഇവിടെ നടപ്പായിട്ടു ആറുകൊല്ലം കഴിഞ്ഞിരിക്കുന്നു. ആറുകൊല്ലത്തെ സാമാന്യം ദീർഘമായ അനുഭവങ്ങളാണ് നമ്മുടെ മുമ്പിലുള്ളതു്. പോരെങ്കിൽ 1957-ൽ രണ്ടാമത്തെ പൊതുതിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന അവസരവുമാണിതു്. അതുകൊണ്ടു് ജനാധിപത്യപരീക്ഷണങ്ങളുടെ ജയാപജയങ്ങളെ ഓരോ പൗരനും ഉത്തരവാദബോധത്തോടുകൂടി അവലോകനം ചെയ്യുന്നതിനുള്ള ഈ അവസരത്തെ അവസമായി കടത്തിവിടുന്നതു അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായിരിക്കും.

പ്രസ്തുത പത്രം ഇപ്രകാരം തുടരുന്നു:- മേലുദ്ധരിച്ച പരിശോധനാമാർഗ്ഗങ്ങളിൽ രണ്ടാമത്തേതായ ന്യൂനപക്ഷങ്ങളോടുള്ള മനോഭാവത്തെപ്പററി പരിവീക്ഷിക്കുന്നതായാൽ സുവ്യക്തമായ നയപരിപാടികൾ അവിടെ കാണുവാൻ കഴിയും. നിയമസഭാ പ്രാതിനിധ്യം സംബന്ധിച്ചും മററും ക്രിസ്ത്യാനികളെപ്പോലുള്ള ന്യൂനപക്ഷങ്ങൾക്കു പ്രത്യേകസംവരണങ്ങൾക്കുണ്ടായിരുന്ന അവകാശം ഉപേക്ഷിക്കുന്നതിനു പ്രേരിപ്പിക്കപ്പെട്ട അവസരത്തിൽ അവർക്കു വാഗ്ദാനം ചെയ്യപ്പെട്ട പരിഗണനകൾ ചില സ്റ്റേററുഗവർമ്മെണ്ടുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പാലിച്ചിട്ടില്ല അവർക്കു ന്യായമായ പ്രാതിനിധ്യംലഭിക്കേണ്ടസ്ഥാനങ്ങളിൽ അവർ അവഗണിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളതു്. അവരുടെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിനുനിന്ന സ്ഥലങ്ങളിൽ തന്നെയും വോട്ടറന്മാർ ജാതിയുടേയും വർഗ്ഗത്തിൻേറയും പ്രേരണകൾക്കു വശംവദരായി അവരെ പരാജയപ്പെടുത്തി. നമ്മുടെ തിരഞ്ഞെടുപ്പുകളിൽ ജാതിതിരിവും വർഗ്ഗീയബോധവുമാണ് പ്രാബല്യത്തിൽ വരുന്നതെന്ന വസ്തുത അവഗണിക്കപ്പെടുവാൻ സാധ്യമല്ല. രാഷ്ട്രീയപാർട്ടികളുടെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകളിലും സമുദായങ്ങളുടെ ന്യായമായ അവകാശങ്ങൾ പരിരക്ഷിക്കപ്പെട്ടിട്ടില്ല എന്ന വസ്തുതയാണ് കഴിഞ്ഞ ഓരോ തിരഞ്ഞെടുപ്പുഫലങ്ങളും പ്രകടമാക്കിയിട്ടുള്ളതു്. ഉദ്യോഗനിയമനകാര്യത്തിലും ഈ മനോഭാവംതന്നെയാണു തെളിഞ്ഞു കാണുന്നതു്.

ഇപ്പോൾ പ്രഖ്യാപിതമായിരിക്കുന്ന സോഷ്യലിസ്റ്റിക്ക് സംവിധാനത്തിൽ വലുതായ സാമ്പത്തികവ്യതിയാനങ്ങൾ പ്രതീക്ഷിക്കപ്പെടുന്നുണ്ടു്. ഭരണകൂടത്തിനു കൂടുതൽ കൂടുതൽ അധികാരങ്ങൾ ഈ പുതിയ വ്യവസ്ഥിതിയിൽ കൈവരുമെന്നുള്ളതും തീർച്ചയാണ്. അതുകൊണ്ടു് ന്യൂനപക്ഷങ്ങൾ അവരുടെ ന്യായമായ അവകാശസംരക്ഷണം സുഭദ്രമാക്കുന്നതിൽ വിശേഷവിധിയായി ശ്രദ്ധ ചെലുത്താതെ ഗത്യന്തരമില്ല. അധികാരസ്ഥാനങ്ങളിലും പ്രതിനിധിമണ്ഡലങ്ങളിലും അവരുടെ വിഹിതം അപഹരിക്കപ്പെടുവാൻ അനുവദിക്കാവുന്നതല്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം നാളിതുവരെയുള്ള അനുഭവങ്ങൾതന്നെ എടുത്തുനോക്കുക. മതപ്രചാരണം, വിദേശമിഷനറിസേവനം മുതലായ കാര്യങ്ങളിൽ ക്രിസ്തീയസമുദായത്തിൻെറ മൗലികമായ അവകാശസ്വാതന്ത്ര്യങ്ങളെപ്പോലും സ്വായത്തമാക്കുന്നതിനു സ്റ്റേററുഗവർമ്മെൻറുകളിലാകട്ടെ കേന്ദ്രത്തിലാകട്ടെ അവരുടെ പ്രതിനിധികൾക്കു സാധിച്ചിട്ടില്ല. മനസ്സാക്ഷിസ്വാതന്ത്ര്യവും മതപ്രചാരണസ്വാതന്ത്ര്യവും ഭരണഘടനയിൽ ഉറപ്പുനൽകപ്പെട്ടിട്ടുള്ള മൗലികാവകാശങ്ങളാണ്. അവയെ അഭംഗം മാനിക്കുമെന്നുള്ള ഉറപ്പിലാണ് നാം പ്രാതിനിധ്യസംവരണവാദത്തിൽ അത്യുദാരതയോടുകൂടി നമ്മുടെ അവകാശങ്ങളെ ഭൂരിപക്ഷസമുദായങ്ങളുടെ സന്മനസ്സിനും സൗഹൃദത്തിനും വിട്ടുകൊടുത്തതു്. എന്നാൽ അടിക്കടി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അനീതിപരമായ പെരുമാററങ്ങൾ നമ്മുടെ നിലപാടിനെപ്പററി ഒരു പുനഃപരിശോധന ചെയ്യുന്നതിനുള്ള ദുർഘടഘട്ടത്തിൽ നമ്മെക്കൊണ്ടെത്തിച്ചിരിക്കുകയാണെന്നു പറയാതെ തരമില്ല.

ഇന്ത്യയിൽ ജനാധിപത്യഭരണം ശ്രേയസ്കരമായി പുരോഗമിക്കണമെന്നാണ് ഇവിടെയുള്ള ന്യൂനപക്ഷങ്ങളുടെയെല്ലാം അഭിലാഷമെന്നുള്ളതു വ്യക്തമാണ്. എന്നാൽ ജനാധിപത്യത്തിൻെറ പേരിൽ ന്യൂനപക്ഷങ്ങളെ ഞെരുക്കുന്നതിനും അവരുടെ ന്യായമായ അവകാശസ്വാതന്ത്ര്യങ്ങളെ കയ്യടക്കുന്നതിനുമുള്ള പ്രവണത ഭൂരിപക്ഷസമുദായങ്ങൾ ഉപേക്ഷിക്കണം. അതിനുള്ള മതിയായ ഉറപ്പുകൾ അവർക്കു നൽകപ്പെടണം. ഭരണഘടന സുവ്യക്തമായി അനുവദിക്കുന്ന ആനുകൂല്യങ്ങൾ കൈയൂക്കുകൊണ്ടോ സംഖ്യാബലംകൊണ്ടോ ഭരണകൂടത്തെ സ്വാധീനിച്ചു് വിഘാതപ്പെടുത്തുന്ന ദുഷിച്ച സമ്പ്രദായങ്ങൾ സ്റ്റേററുകളിലും കേന്ദ്രത്തിലുംനിന്നു നിശ്ശേഷം തുരത്തപ്പെട്ടെങ്കിൽ മാത്രമേ സമുദായസൗഹാർദ്ദത്തെ പുലർത്തുന്നതിനും രാജ്യശ്രേയസ്സിനുവേണ്ടി നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി തുടർച്ചയായി ഉൽബോധിപ്പിക്കുന്നതുപോലെ കഠിനമായ പ്രയത്നങ്ങൾ ചെയ്യുന്നതിനും, യഥാർത്ഥത്തിൽ ഇന്ത്യൻ ജനാധിപത്യഭരണസമ്പ്രദായം വിജയപ്രദമാക്കുന്നതിനും സാധിക്കുകയുള്ളൂ. അതിനുള്ള പ്രചോദനം ഓരോ ഭാരതീയപൗരനും ഉണ്ടാകട്ടെയെന്നാണ് ഞങ്ങളഭിലഷിക്കുന്നതും ഉൽബോധിപ്പിക്കുന്നതും.

## പ്രസാധകക്കുറിപ്പുകൾ

### ജനനനിയന്ത്രണത്തെ ഇടയലേഖനം അപലപിക്കുന്നു

ഇന്ത്യൻ ഓഷ്യനിലെ ഒരു ചെറുദ്വീപായ മൗരീഷ്യസ് വളരെ ജനനിബിഡമായ ഒരു ബ്രിട്ടീഷ് കോളനിയാണ്. 720 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ആ ദ്വീപിൽ 535000 ജനങ്ങളുണ്ടു്. പ്രതിവർഷം ജനസംഖ്യ 16000 വീതം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവിടെയുള്ള കത്തോലിക്കരുടെ സംഖ്യ 170,000 ത്തിൽപ്പരംവരും. അവിടത്തെ ജനസംഖ്യാവർദ്ധനവു് യഥാർത്ഥത്തിൽ ഗുരുതരമായ ഒരു പ്രശ്നമാണ്. തന്മൂലം അതേപ്പററി പഠിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഗവർമ്മെൻറിൽനിന്നും ഒരു കമ്മററിയെ നിയമിച്ചു. കമ്മീഷൻ തയാറാക്കിയിരിക്കുന്ന റിപ്പോർട്ടു് മൂന്നു നിവാരണപദ്ധതികളാണത്രെ നിർദ്ദേശിച്ചിരിക്കുന്നതു്. ഒന്നു് വിഭവങ്ങൾ വർദ്ധിപ്പിക്കുക; രണ്ടു് ജനങ്ങളെ മററു സ്ഥലങ്ങളിലേക്കു കുടിയേററിപ്പാർപ്പിക്കുക; മൂന്നു് ജനനനിയന്ത്രണം നടപ്പാക്കുക. ഇവയിൽ വിഭവോല്പാദനവർദ്ധനവു എളുപ്പമല്ല. രാജ്യത്തിൻെറ വരുമാനത്തിൽ 95 ശതമാനവും കരിമ്പുകൃഷിയിൽനിന്നാണു ലഭിക്കുന്നതു്. അതു തൽക്കാലം വിപുലപ്പെടുത്തുക സാധ്യമല്ല. മററു കൃഷികൾ നടപ്പാക്കുന്നതിനുവേണ്ട സാഹചര്യങ്ങൾ അനുകൂലവുമല്ല. രണ്ടാമത്തെ മാർഗ്ഗവും പ്രായോഗികമല്ലത്രെ. ദ്വീപിനു ചുററുമുള്ള രാജ്യങ്ങൾ വർഗ്ഗീയതയുടെ കേളീരംഗങ്ങളാണ്. അവരുടെ ജാതിബോധവും സാമൂഹികാചാരങ്ങളും ദ്വീപവാസികളുടെ കുടിയേററത്തിനനുവദിക്കുകയില്ല. അതുകൊണ്ടു കമ്മീഷൻ എതിർപ്പില്ലാത്ത മൂന്നാമത്തെ മാർഗ്ഗത്തെ പ്രായോഗികമായി ചൂണ്ടിക്കാണിച്ചു സംതൃപ്തിയടയുകയാണ്. ഇതാണല്ലോ ഇന്നത്തെ മററീരിയലിസ്റ്റിക്ക് വീക്ഷണത്തിൻെറ അനുമാനഗതി. അബദ്ധജഡിലമായ ഈ കമ്മീഷൻ റിപ്പോർട്ടിനെ ശക്തിയായി വിമർശിച്ചുകൊണ്ടും അതിൻെറ നിർദ്ദേശങ്ങളെ രൂക്ഷമായി എതിർത്തുകൊണ്ടും മൗരീഷിയസിലെ പോർട്ടുലൂയി മെത്രാനായ ലിസ്റ്റൺ തിരുമേനി ഒരിടയലേഖനം എല്ലാ പള്ളികളിലും പ്രസിദ്ധം ചെയ്തിരിക്കുന്നു. കത്തോലിക്കരുടെ കഠിനമായ പ്രതിഷേധം റിപ്പോർട്ടിനെതിരായി ഉയർന്നുവരുന്നു. ഇടയലേഖനത്തിൽ തിരുമേനി പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണ്:- "ലോകമാസകലമുള്ള കത്തോലിക്കാസഹോദരങ്ങളോടൊത്തു മൗരീഷ്യസിലെ കത്തോലിക്കരും ദൃഢമായി വിശ്വസിക്കുന്നതു്, പ്രകൃതിജന്യമായ പ്രശ്നങ്ങൾക്കു—അവ എത്രതന്നെ രൂക്ഷങ്ങളായിരുന്നാലും— ദൈവനിയമത്തെ ലംഘിച്ചുകൊണ്ടല്ല പ്രതിവിധി കാണേണ്ടതു് എന്നാണ്. അതുകൊണ്ടു് ഏതുതരത്തിലുള്ള അധാർമ്മികമായ പദ്ധതികളേയും അവർ അതിശക്തിയായി എതിർക്കുന്നതായിരിക്കും. ........ജനനനിയന്ത്രണമാണ് ഇത്തരുണത്തിൽ സ്വീകാര്യമായ ഏക പദ്ധതിയെന്നു വിശ്വസിപ്പിക്കുന്നതിനു കമ്മീഷൻ പ്രേരിതമായിരിക്കുന്നതുപോലെ തോന്നുന്നു. ഏററവും എളുപ്പമുള്ള മാർഗ്ഗം അതായിരിക്കാം. എന്നാൽ മാനവവംശത്തിൽ പ്രശസ്തമായ കാര്യങ്ങൾ നേടിയിട്ടുള്ളതു് മനുഷ്യൻെറ മികച്ച പരിശ്രമങ്ങൾ മൂലമാണെന്നു അവർ വിസ്മരിച്ചുകളയുകയാണ്. ഈ ദ്വീപിലെ സംസ്കാരസമ്പന്നരായവരെ ഈ നിർദ്ദേശംവഴി അവർ അവഹേളിക്കുകയാണ്. പ്രകൃതിയുടെ ഒരു പ്രശ്നത്തിനു ഭൗതികാത്മകമായ ഒരു പ്രതിവിധി! ഇതിനെ പ്രതിഷേധിക്കുന്നതിൽ കത്തോലിക്കരായ ഞങ്ങൾ തനിച്ചല്ല അണിനിരക്കുന്നതു്. ഈ യുഗത്തിലെ ഏററം പ്രശസ്തനായ ഭാരതസന്താനം—മഹാത്മാഗാന്ധി—കൃത്രിമമായ ജനനനിയന്ത്രണം ധാർമ്മികമായി പാപകരവും രാജ്യത്തിനു വിനാശകരവുമാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. അതുകൊണ്ടു് മൗരീഷ്യസ് ദ്വീപിലെ ജനസംഖ്യാബാഹുല്യത്തെപ്പററി ഭീതിപൂണ്ടു് ഗവർമ്മെൻറു് അതു പരിഹരിക്കുന്നതിനു ജനനനിയന്ത്രണമെന്ന മഹാശാപത്തെ തലയിൽ വലിച്ചുവയ്ക്കുന്നതിനുമുമ്പു്, പൊതുജനനന്മയുടെ സംരക്ഷണമാണ് തങ്ങളുടെ കർത്തവ്യമെന്നു ഓർമ്മിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കും." മെത്രാൻ തിരുമനസ്സിലെ ഈ താക്കീതു മൗരീഷ്യസ് ഗവർമ്മെൻറു് ഉത്തരവാദിത്വബോധത്തോടെ സ്വീകരിച്ചാൽ അതു പൊതുജനങ്ങൾക്കു രക്ഷയായിരിക്കും. ഭാരതത്തേയും ഈ വിധത്തിലുള്ള ഒരു നാശഗർത്തത്തിൽ കൊണ്ടു ചാടിക്കുന്നതിനു ഭൗതികതത്വത്തിൻെറ പിന്നാലെ കണ്ണടച്ചോടുന്ന ചില നേതൃമ്മന്യന്മാർ ഇതുവരേയും കാട്ടിക്കൂട്ടിയിട്ടുള്ള ഗോഷ്ടികളും ഗവർമ്മെൻറുകളെപ്പോലും വിനാശകരമായ ചില നടപടികൾ സ്വീകരിപ്പിക്കുന്നതിൽ അവർ നേടിയിട്ടുള്ള വിജയങ്ങളും ഭാരതീയരുടെ പരിചിന്തനത്തിനു വിഷയമാകുന്നതിനു ഇതവസരമാകട്ടെ.

* * *

### തൊഴിലാളി സുഹൃത്തു പുണ്യപദത്തിലേക്കു്

വ്യവസായലോകത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങൾക്കും തന്മൂലം വ്യവസായത്തിലെ മുതലാളിവിഭാഗത്തിനും തൊഴിലാളിവിഭാഗത്തിനും വന്നുചേർന്നുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കും പ്രതിവിധി മുതലാളികളും തൊഴിലാളികളും പരസ്പരം സന്മനോഭാവത്തോടും സൗഹൃദത്തോടുംകൂടി വർത്തിക്കുകയെന്നുള്ളതു മാത്രമാണ്. അപ്രകാരമുള്ള ഒരു വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനാണ് ഏതാണ്ട് അരശതാബ്ദക്കാലത്തിലധികമായി നിരവധി ശ്രമങ്ങൾ നടന്നുവന്നിട്ടുള്ളതും. എങ്കിലും ആശാവഹമായ ഒരു സ്ഥിതിവിശേഷം ഇനിയും സൃഷ്ടിക്കപ്പെട്ടുവെന്നു പറയാൻ നിവൃത്തിയില്ല. ഈ സുസ്ഥിതി സംജാതമാക്കുന്നതിനു ദീർഘവീക്ഷണത്തോടുകൂടി പ്രശസ്തസേവനം അനുഷ്ഠിച്ച ധീരനേതാവാണ് 13-ാം ലെയോൻ മാർപ്പാപ്പ എന്നുള്ള വസ്തുത മനസ്സിലാക്കുന്നതിനു അവിടുന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും "തൊഴിലാളിപ്പട്ടയ"മെന്നു വിഖ്യാതി നേടിയിട്ടുള്ളതുമായ "റേരും നൊവാരും" എന്ന ചാക്രികലേഖനം ഒരാവർത്തി വായിച്ചാൽ മതിയാകുന്നതാണ്. 1891-ൽ ലിയോ മാർപ്പാപ്പായെ "റേരും നൊവാരും" തയാറാക്കുന്നതിനു അത്യധികം സഹായിച്ച ഒരു പ്രമുഖ അൽമായ വ്യക്തിയാണ് പ്രഫസർ ജോസഫ് ടോണിയോലോ. അദ്ദേഹം പാദുവാ, വെനീസ്, മൊഡേനാ, പീസാ മുതലായ സർവ്വകലാശാലകളിൽ സാമൂഹികശാസ്ത്രപ്രഫസറായിരുന്നിട്ടുണ്ടു്. 1918-ൽ അദ്ദേഹം 73-ാമത്തെ വയസ്സിൽ പീസായിൽവച്ചു നിര്യാതനായി. അക്കാലത്തു ഇററലിയിലും മററു പല രാജ്യങ്ങളിലും പ്രാബല്യത്തിലിരുന്ന സാമ്പത്തികലിബറലിസം സമുദായത്തിൽ വരുത്തിവച്ചുവന്നിരുന്ന വിപത്തുകൾ അദ്ദേഹം വ്യക്തമായി ഉദ്ദർശനം ചെയ്തിരുന്നു. മനുഷ്യൻെറ സാമൂഹികവും സാമ്പത്തികവുമായ ജീവിതരംഗത്തു് ധാർമ്മികമൂല്യങ്ങളാണ് ഓരോ പരിണാമങ്ങൾക്കും അഭിനവാശയങ്ങൾക്കും അടിസ്ഥാനമായി നിലകൊള്ളുന്നതെന്ന വസ്തുതയെ അദ്ദേഹം യുക്തിയുക്തം വിശദീകരിച്ചു. ഈ തത്വത്തെ പ്രായോഗികമാക്കുന്നതിനും അതുമൂലം തൊഴിലാളികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനും അദ്ദേഹം അമൂല്യസേവനമനുഷ്ഠിച്ചു. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലും പ്രവർത്തനപദ്ധതികളിലും തെളിഞ്ഞുനില്ക്കുന്ന തത്വം ഇതാണ്. "ലോകത്തിലുള്ള തൊഴിലാളികളെല്ലാം ക്രിസ്തുവിൽ ഒന്നിക്കട്ടെ" എന്നതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. ഇററലിയിലെ കത്തോലിക്കരെ എല്ലാം സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ സംയോജിപ്പിക്കുന്നതിനു അദ്ദേഹം അത്യദ്ധ്വാനം ചെയ്തുപോന്നു. സാമൂഹികപഠനത്തിനുവേണ്ടിയുള്ള ഒരു കത്തോലിക്കാ യൂണിയൻ 1886-ൽ അദ്ദേഹം

സ്ഥാപിച്ചു. ലോകജനതയെ പൊതുവേയും തൊഴിലാളിവിഭാഗത്തെ പ്രത്യേകമായും ആത്മാത്ഥമായി സ്നേഹിച്ചുസേവിച്ച ഈ പണ്ഡിതനായ സുഹൃത്തു തിരുസഭയുടെ സിദ്ധപദത്തിലേക്കു ഉയത്തപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നറിയുന്നതു എല്ലാവർക്കും ആനന്ദപ്രദമായിരിക്കുമല്ലോ അദ്ദേഹത്തെ സംബന്ധിച്ച രൂപതാ കൗൺസിലിൻെറ പര്യന്വേഷണങ്ങളെല്ലാം വിജയപൂർവ്വം പര്യവസാനിച്ചിരിക്കുന്നു. റീത്തുകളുടെ തിരുസംഘം അവയെ അംഗീകരിച്ചും അടുത്ത നടപടികളെ അനുവദിച്ചും ഒരു ഡിക്രി പരസ്യപ്പെടുത്തിയിട്ടുണ്ട്. നടപടികളുടെ പുരോഗതിക്കുവേണ്ടി പ്രാത്ഥിക്കാം.

* * *

## തൊഴിലാളി മുതലാളി ബാദ്ധ്യതകൾ

ഫ്റാൻസിലെ വോഡ്ജെസ് വിഭാഗങ്ങളിൽ നെയ്ത്തുവ്യവസായം ഒരു ദുർഘടസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ അവിടത്തെ ഒരു കീറാമുട്ടിപ്രശ്നമായിത്തീന്നിരിക്കുന്നു. തൊഴിലാളികുടുംബങ്ങൾ കഷ്ടതയിലേക്കാണ്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഈ വിഷമസ്ഥിതിയെ തരണം ചെയ്യുന്നതിനു തൊഴിലാളികളും മുതലാളികളും അനുഷ്ഠിക്കേണ്ട കത്തവ്യങ്ങളേയും അവരുടെ ബാദ്ധ്യതകളേയും സംക്ഷിപ്തമായി ചൂണ്ടിക്കാണിച്ചുകൊണ്ടു സെൻറ് ഡിയെയിലെ മെത്രാൻ ബ്രാൾട്ട് തിരുമേനി ഒരിടയലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽ അവിടുന്നു തൊഴിലാളികൾക്കും മുതലാളികൾക്കും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഇവയാണ്:-

തൊഴിലാളികൾക്കു്: തൊഴിലാളിസഹോദരങ്ങൾ തൊഴിലില്ലാത്തവരായി കഴിയുമ്പോൾ, ജോലിയിലേപ്പെട്ടിരിക്കുന്നവർ കൂടുതൽ ജോലികൾ ഏറ്റെടുക്കരുതു്.

അയൽവക്കത്തുള്ള കുടുംബങ്ങൾ നിത്യവൃത്തിക്കു വഴികിട്ടാതെ ക്ലേശിക്കുമ്പോൾ, നിങ്ങളുടെ ഭാര്യമാരെ സുഖജീവിതസൗകര്യങ്ങൾ സമ്പാദിക്കുന്നതിനായി തൊഴിലിനു പറഞ്ഞയക്കരുതു്.

നിങ്ങളുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടുന്ന ഒരു പെൻഷൻ കിട്ടാൻ സൗകര്യമുണ്ടെങ്കിൽ നിങ്ങൾ ജോലി രാജിവച്ചു ഒരു തൊഴിലില്ലാത്ത സഹോദരനു സ്ഥലമനുവദിക്കുക.

മുതലാളികൾക്കു്: ഒരു തൊഴിലാളിയുടെ കുടുംബസാഹചര്യങ്ങൾ മനസ്സിലാക്കാതെ അയാളെ ജോലിയിൽനിന്നു പിരിച്ചുവിടരുതു്. അത്യാവശ്യമല്ലാത്ത ചിലവുകളെ ചുരുക്കിയോ, വേണ്ടിവന്നാൽ താല്ക്കാലികമായി മാത്രം കൂലിയിൽ കുറവുവരുത്തിയോ സാമ്പത്തികനില ഭദ്രമാക്കുക.

തൊഴിലാളികൾ വേലയില്ലാതെ കഷ്ടപ്പെടുമ്പോൾ മുതലാളിമാർ അനാവശ്യച്ചിലവുകൾക്കും ജീവിതസുഖങ്ങൾക്കും വേണ്ടി ധനം ധൂർത്തടിക്കുന്നതു് വർഗ്ഗവിദ്വേഷം ഉല്പാദിപ്പിക്കുന്ന സാഹചര്യമാണെന്നനുസ്മരിക്കുക. അനാവശ്യചിലവുകൾ ചുരുക്കി ജീവിതസൗകര്യങ്ങൾ നിയന്ത്രിച്ചു് വിഷമഘട്ടങ്ങളിൽ തൊഴിലാളികളോടനുകമ്പ പ്രദശിപ്പിക്കുന്നതു് യഥാർത്ഥമായ സഹോദരൈക്യം പാലിക്കുന്നതിനുള്ള മാർഗ്ഗമായിരിക്കും.

ബിഷപ്പ് ബ്രാൾട്ട തിരുമേനി നൽകുന്ന ഈ നിർദ്ദേശങ്ങൾ വ്യവസായരംഗത്തെ സഹപ്രവത്തകരായ തൊഴിലാളികളും മുതലാളികളും ആത്മാർത്ഥമായി അനുവത്തിക്കുന്നുവെങ്കിൽ ഏതു ദുർഘടഘട്ടത്തേയും വിജയപ്രദമായി തരണം ചെയ്യുന്നതിനും വ്യവസായലോകത്തിൽ സൗഹാർദ്ദപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്.

വാരാന്ത്യവീക്ഷണം

## "മൊറോക്കോയും ഗോവയും"

[സി ഐ. ജോൺ]

ലോകസംഘർഷാവസ്ഥ പൊതുവേ ശമിക്കുന്നതിനു് ആവശ്യമായ എല്ലാ സാഹചര്യങ്ങളും അന്തർദേശീയ വീക്ഷണഗതി വച്ചു നോക്കുമ്പോൾ ഈ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള സൗഹാർദ്ദ സമ്മേളനങ്ങൾകൊണ്ടും ജനീവാ കോൺഫറൻസ് പോലെ ഉന്നതനിലയിൽ നടത്തിപ്പന്നിട്ടുള്ള സമ്മേളനങ്ങൾ കൊണ്ടും സംജാതമായിട്ടുണ്ടെന്നു് സാമാന്യതരത്തിൽ വിചാരിക്കാമെന്നിരുന്നാലും അവയ്ക്കെല്ലാം കടകവിരുദ്ധമായുള്ള സംഭവങ്ങളാണ് ലോകരംഗത്തു് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. കൊളോണിയലിസത്തിൻെറ വികൃതരൂപങ്ങൾ പലതരത്തിൽ ഇന്നു് ലോകരംഗത്തു് അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ടു്. കൊളോണിയലിസത്തിൻെറ വൈരൂപ്യങ്ങൾ എന്താണെന്നും അതിനെ എത്ര മാത്രം ഇന്നു് ലോകജനത വെറുക്കുന്നുണ്ടെന്നും അറിഞ്ഞിരുന്നുകൊണ്ടാണ് ഈ കോളണിവാഴ്ചക്കു് താങ്ങുപിടിക്കുന്നതിനു ചില രാഷ്ട്രീയശക്തികൾ ഒരുമ്പെടുന്നതു്. ഏതാനും നാളുകൾക്കുള്ളിലായി മൊറോക്കോയിൽ നടന്ന അനിഷ്ടസംഭവങ്ങൾതന്നെ എടുത്താൽ അവിടെ കൊളോണിയൽ മനസ്ഥിതിയുടെ അവശിഷ്ടങ്ങൾ കാണാം. അതിഭയങ്കരനാശങ്ങളാണ് അവിടെ സംഭവിക്കുന്നതു്. ഇതുവരെയായി ആയിരത്തിനാൽപതുപേർ മൊറോക്കോലഹളയിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നു സ്ഥിരീകരിച്ചിട്ടുള്ള ഔദ്യോഗികവാർത്തകളിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കും. മൊറോക്കോസംഭവത്തിൻെറ പശ്ചാത്തലം എന്തുതന്നെയായാലും ഫ്റഞ്ചുപട്ടാളങ്ങളും ദേശീയവാദികളും തമ്മിലുള്ള ഏററുമുട്ടലിൽനിന്നാണ് അനിഷ്ടസംഭവങ്ങൾ അവിടെയുണ്ടായതു്. ഈ സമരം മൊറോക്കോയുടെ ആഭ്യന്തരപ്രശ്നമാണെന്നപേരിൽ മററാരും ഇടപെടാതെയും ഉന്നതാധികാരസ്ഥാനങ്ങളിൽ ഈ പ്രശ്നം ചർച്ചചെയ്യപ്പെടുക്കാതെയുമിരുന്നാൽ അതിഭയങ്കരമായ നാശനഷ്ടങ്ങൾക്കു് വീണ്ടും കാരണമാകും. ഇപ്പോൾ തന്നെ ഒരു ലക്ഷത്തോളം വരുന്ന ഫ്റഞ്ചുസൈന്യങ്ങൾ വിപ്ലവപ്രസ്ഥാനത്തെ അമർച്ച ചെയ്യുവാൻ മൊറോക്കോവിലേക്കു് പോയിട്ടുണ്ടെന്നാണ് പറയപ്പെടുന്നതു്. ഈപ്രശ്നം U.N. ജനറൽഅസംബ്ളിയിൽ ചർച്ച ചെയ്യേണ്ടതാണെന്നു് പണ്ഡിററു നെഹ്റു അഭിപ്രായപ്പെട്ടിട്ടുണ്ടു്. ആ അഭിപ്രായം തികച്ചും ആദരണീയമാണ്.

ഗോവാക്കാര്യം മറെറാരു ദൃഷ്ടാന്തമാണ്. ഈ ദൃശങ്ങളായ കുഴപ്പങ്ങൾ അതതുരാജ്യങ്ങളുടെ ആഭ്യന്തരപ്രശ്നമാണെന്നിരുന്നാൽതന്നെയും അതിനൊരു അന്തർദ്ദേശീയസ്വഭാവമുണ്ടു്. ആ സംഗതി മറക്കുവാൻപാടുള്ളതല്ല. ഗോവാക്കാര്യംതന്നെ എടുത്താൽ ഇന്നു ലോകത്തിൻെറ മുഴുവൻശ്രദ്ധയേയും ആകർഷിക്കുന്ന ഒരു പ്രശ്നമായി അതുവളന്നിരിക്കുകയാണ്. ഗോവയിലെ കൂട്ടസത്യാഗ്രഹത്തിനും വെടിവെപ്പിനും മററും മുമ്പുതന്നെ അന്തർദ്ദേശീയകാര്യങ്ങളെ പഠിക്കുവാനും നിരീക്ഷിക്കുവാനും കഴിവുള്ള രാജ്യതന്ത്രജ്ഞന്മാർ ഗോവാപ്രശ്നം ഒരു അഖിലലോകപ്രശ്നമാണെന്നു ഊന്നിപ്പറഞ്ഞപ്പോൾ നമ്മുടെ ചില നേതാക്കന്മാർ അവരെ സങ്കുചിതമനഃസ്ഥിതിക്കാരാക്കി അവരുടെ അഭിപ്രായത്തെ അനാദരിക്കുകയാണുണ്ടായതു്. ആ മഹാന്മാർക്കു ഇന്നു് ഗോവാപ്രശ്നം ഒരു അന്തർദ്ദേശീയ പ്രശ്നമായി വളന്നിട്ടുണ്ടെന്നു സമ്മതിക്കേണ്ടതായി വന്നിരിക്കുന്നു.

ഒരു രാജ്യം അതിൻെറ ആഭ്യന്തരപ്രശ്നങ്ങളെ സമീപിക്കുന്നതെങ്ങനെയായാലുംശരി ആ സമീപനരീതിയുടെ സ്വഭാവം അനുസരിച്ചു് അതു് വളന്നുകൊണ്ടിരിക്കും. ചിലപ്പോൾ തീരെ നിസ്സാരകാര്യങ്ങൾ പോലും സമീപനരീതിയുടെ വ്യത്യാസം കൊണ്ടു അന്തർദ്ദേശീയ പ്രശ്നമായി വളരാറുണ്ടു്. അങ്ങനെ വളന്നിട്ടുള്ള ചില പ്രശ്നങ്ങളിൽ ഒന്നാണ് ഗോവാപ്രശ്നം. അതിൻെറ പരിഹാരത്തിനു പണ്ഡിററു നെഹ്റു അവലംബമാക്കിയിട്ടുള്ള ഗാന്ധിയൻസമീപനരീതിയെ ഇൻഡ്യയിലെ ചില രാഷ്ട്രീയനേതാക്കന്മാർ അതിനിശിതമായി വിമശിക്കുന്നുണ്ടു്. കാര്യത്തിൻെറ ഗൗരവം വേണ്ടതുപോലെ മനസ്സിലാക്കാതെയുള്ള വെറും ജൽപനങ്ങൾ എന്നതിൽ കവിഞ്ഞു് ഇത്തരം അഭിപ്രായപ്രകടനങ്ങൾക്കു യാതൊരു പ്രാധാന്യവും കൽപിക്കേണ്ടതില്ല. സത്യത്തിനും നീതിക്കും എതിരായി ഭാരതം അണുവിട ചലിക്കുകയില്ലെന്നു് ലോകജനതയെ ബോദ്ധ്യപ്പെടുത്തുവാൻ നെഹ്റു ഗവമ്മേണ്ടിൻെറ ഈ നില കൂടുതൽ സഹായിക്കുന്നതാണ്. ഈ നിലയെ വ[ശമാക്കിക്കൊ]ണ്ടുള്ള ഒരു പ്രസ്താവനയാണ് ബോംബേ മുഖ്യമന്ത്രി മൊറാർജി ദേശായി പുറപ്പെടുവിച്ചിട്ടുള്ളതു്.

കഴിയുന്നതും യാതൊരു സമരവും കൂടാതെതന്നെ സമാധാനപരമായ രീതിയിൽ ഗോവാപ്രശ്നം പരിഹരിക്കേണ്ടതാണ്. അതിനു് ഉന്നതനിലയിലുള്ള ചില സമ്മേളനങ്ങൾ നടത്തുകയോ മൊറോക്കോപ്രശ്നപരിഹരണത്തിനു് നെഹ്റു നിദ്ദേശിച്ചതുപോലെ ജനറൽ അസംബ്ളിയിൽ ചർച്ച ചെയ്യുകയോ ആണു കൂടുതൽ ഉത്തമമായിരിക്കുക.

## ഉപകാരസ്മരണ



വി. 10-ാംപീയൂസിൻെറ സഹായത്താൽ അസാദ്ധ്യമെന്നു കരുതിയിരുന്ന എൻെറ അപ്പൻെറ സുഖക്കേടു ഭേദപ്പെട്ടതിനു് ഉപകാരസ്മരണ.

പോൾ കെ. പാത്താടൻ
എരയാംകുടി

## പുസ്തകാഭിപ്രായം

### വി: വിൻസെൻറ ഡി പോൾ സഖ്യം ആദശ്വം അരൂപിയും

(ഗ്രന്ഥകാരൻ: ഡേവിഡ് മഹാപിള്ള, എറണാകുളം. പേജ് 138. വില 1രൂ. 2ണ.)

വി. വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ കോൺഫറൻസുകൾ സ്ഥാപിക്കപ്പെടാത്തതായി ചുരുക്കം ഇടവകകളേ കേരളത്തിൽ കാണുകയുള്ളു. ആബാലവൃദ്ധം ജനങ്ങൾ ഇന്നു പ്രസ്തുതസഖ്യത്തിൻെറ പ്രവത്തനങ്ങളിലുൽസുകരാണ്. ആധുനികപരിതസ്ഥിതികളിൽ പ്രസ്തുതസഖ്യത്തിൻെറ ആവശ്യകതയെപ്പററി ബോധമുള്ളവരുമാണ്. എന്നാൽ ആ മഹൽപ്രസ്ഥാനത്തിൻെറ സാക്ഷാത്തായ ആദശത്തേയും ചൈതന്യത്തെയും പററി വേണ്ടതു അറിവുള്ളവർ എത്ര പേരുണ്ടു്. വിരലിലെണ്ണാൻപോലും കാണുകയില്ലെന്നുള്ള നിഗമനത്തിലാണ് ഞാനെത്തിയിരിക്കുന്നതു്, നിരൂപണവിഷയമായപുസ്തകം ഒരാവത്തി വായിച്ച ശേഷം!

സംഘടിതമായ രീതിയിൽ ദാനധമ്മം നിവ്വഹിക്കാനോ ദുരിതനിവാരണം സാധിക്കാനോ ഉള്ള ഒരു സംഘടന—ഇതാണു സഖ്യത്തെപ്പററി പലക്കുമുള്ള സാമാന്യജ്ഞാനം. എന്നാൽ ഈ സഖ്യത്തിൽ "ധമ്മിയും ധമ്മക്കാരനുമില്ല, കൊടുക്കലും കൊള്ളലുമില്ല; അംശഭാഗിത്വം മാത്രമാണുള്ളതു്" എന്നു് അധികം പേർ മനസ്സിലാക്കിയിട്ടുണ്ടോ? സഖ്യത്തിൻെറ പരമലക്ഷ്യം "വിശ്വാസം സജീവമാക്കുകയും പ്രചരിപ്പിക്കുകയു"മാണെന്നു പ്രവത്തകർതന്നെ ചിന്തിക്കാറുണ്ടോ? "സാമ്പത്തികദാരിദ്ര്യത്തെപ്പോലെയോ അതിലുപരിയോ കഷ്ടതരമാണ് ആദ്ധ്യാത്മിക മാനസിക സാന്മാർഗ്ഗികദാരിദ്ര്യങ്ങൾ" എന്ന സംഗതി കോൺഫറൻസുകളുടെയെങ്കിലും ശ്രദ്ധയ്ക്കു വിഷയമാകുന്നുണ്ടോ? "പരസ്നേഹം, ആത്മരക്ഷയിലുള്ള ശുഷ്കാന്തി ഈ വികാരങ്ങളാൽ പ്രേരിതരല്ലാത്തവർ ഈ സഖ്യത്തിലംഗങ്ങളാവരുതു്" എന്ന പ്രഥമ പ്രസിഡണ്ടു ജനറലിൻെറ ശാസനം ആത്മശോധനാപരമായ വിചിന്തനത്തിനാരെങ്കിലും വിധേയമാക്കാറുണ്ടോ? ഈ ചോദ്യങ്ങൾക്കൊക്കെ പ്രത്യുത്തരം പ്രതികൂലമാണെങ്കിൽ എൻെറ അനുമാനം ശരിയാണ്.

ജീവകാരുണ്യപ്രവൃത്തികളിലേപ്പെടുമ്പോൾ സാധുക്കളുടെ നേരെ കൈക്കൊള്ളേണ്ട മനോഭാവത്തെപ്പററി ഓസാനാം പറയുന്നതു കേൾക്കുക: "നിങ്ങൾ ഞങ്ങളുടെ യജമാനന്മാരും ഞങ്ങൾ നിങ്ങളുടെ ദാസന്മാരുമാകുന്നു. ഞങ്ങൾക്കു ദൃശ്യമല്ലാത്ത ദൈവത്തിൻെറ പ്രതിഛായയാണ് നിങ്ങൾ. അവിടുത്തെ മറെറതുവിധം സ്നേഹിക്കണമെന്നു നിശ്ചയമില്ലാതെ നിങ്ങളിൽ ക്രിസ്തുവിനെ ഞങ്ങൾ സ്നേഹിക്കുന്നു." എത്ര നിസ്തുലമായ ആദർശം! നിരന്തരമായ പരസ്നേഹപ്രവൃത്തികൾക്കു പ്രതിഫലമായി അപമാനവും കൃതഘ്നതയും അവഗണനയും സ്വീകരിക്കാൻ ഒരു വിൻസെൻറു ഡി പോൾ പ്രവത്തകൻ തയ്യാറായിരിക്കണമത്രേ. "ഒരു മെമ്പർ മരണം പ്രാപിച്ചാൽ അയാളിൽനിന്നു സഖ്യത്തിനുണ്ടായിട്ടുള്ള സേവനങ്ങളെ സംസ്കാരവേളയിൽ പ്രകീത്തിക്കുകയോ സ്മാരകശിലകളിലും മററും രേഖപ്പെടുത്തുകയോ ചെയ്യരുതു്." മനുഷ്യസഹജമായ അത്തരം മര്യാദകൾ പോലും ഈ മഹാസഖ്യത്തിലെ അംഗങ്ങൾ പ്രതീക്ഷിക്കരുതെന്നാണു നിയമം. വളരെക്കാലം വി. ഡി പോൾ സഖ്യത്തിൻെറ പ്രസിഡണ്ടായിരുന്നു സേവനമനുഷ്ഠിച്ച "പ്രശസ്തരും പൊതുക്കാര്യപ്രസക്തരു"മായ ചിലരുടെ ചരമക്കുറിപ്പുകളും പത്രപ്പരസ്യങ്ങളും മററും കാണുമ്പോൾ എൻെറ അനുമാനം ശരിയാണെന്നു തോന്നിപ്പോവുകയാണ്, സഖ്യത്തിൻെറ ആദശത്തെയും ചൈതന്യത്തെയും പററി നാമധികമൊന്നും മനസ്സിലാക്കിയിട്ടില്ല.

പക്ഷേ മനസ്സിലാക്കാഞ്ഞതു നമ്മുടെ കുററമല്ല. അതിനുള്ള മാർഗ്ഗങ്ങൾ കുറവായിരുന്നതാണു പ്രധാന കാരണം. ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തോടുകൂടി ഡേവിഡ് മഹാപിള്ള ആ കുറവു സമഗ്രമായി പരിഹരിച്ചിരിക്കുന്നു. അവതാരികയിൽ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നതുപോലെ "ഇതിൽ ഗ്രന്ഥകാരൻ സ്വന്തം അഭിപ്രായങ്ങളും ആശയങ്ങളും പ്രകാശിപ്പിക്കുകയല്ല, പ്രത്യുത വി. ഡി പോൾ സഖ്യത്തിൻെറ സ്ഥാപകൻ, തുടന്നുള്ള പ്രസിഡണ്ടു ജനറൽമാർ, മാർപ്പാപ്പമാർ ആദിയായവരുടെ ഔദ്യോഗികാഭിപ്രായങ്ങളും നിയമാവലിയിൽനിന്നുള്ള ഉദ്ധരണങ്ങളുംകൊണ്ടു് ഓരോ വിഷയവും സമത്ഥിക്കുകയാണു ചെയ്തിരിക്കുന്നതു് ... സഖ്യപ്രവത്തനങ്ങളിൽനിന്നും സ്റ്റഡിക്ലാസുകൾ മുഖേനയും മററും അംഗങ്ങളുമായി ഗ്രന്ഥകാരനു നേരിട്ടുണ്ടായിട്ടുള്ള സമ്പക്കങ്ങളുടെ പശ്ചാത്തലത്തിൽ വിപുലവും വിശദവുമായി വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടെന്നു പറയാം. ആദശരൂപികൾക്കുപുറമേ സഖ്യതാപ്രവത്തകക്കു മാർപ്പാപ്പാമാർ നൽകിയിട്ടുള്ള അനുഗ്രഹവചസ്സുകൾ, സഖ്യത്തിലെ അത്മായവൈദികബന്ധം, യുവചൈതന്യം, പ്രസ്ഥാനത്തിൻെറ ചരിത്രപരമായ വളർച്ച, സേവനം, സ്ഥാനം—ഇങ്ങനെയങ്ങോട്ടു ആവശ്യമുള്ളതൊന്നും വിടാതെ ചർച്ചചെയ്തുപോകുന്നുണ്ടു്. സഖ്യതാപ്രവത്തകരും, അനുഭാവികളും മാത്രമല്ല, വിമശനകുതുകികളായ വിദൂരവീക്ഷകരും ഈ പുസ്തകം മനസ്സിരുത്തി ഒന്നു വായിക്കേണ്ടതാണ്. "നമ്മെ കൂടാതെതന്നെ വൻകാര്യങ്ങൾ പലതും നിവ്വഹിക്കപ്പെടും. എന്നാൽ നാം അവയിൽ സഹകരിക്കുന്നില്ലെങ്കിൽ നമുക്കു തന്നെയാണതു വലിയ നഷ്ടകാരണമായിത്തീരുന്ന"തെന്നു ചിലക്കെങ്കിലും തോന്നിയാലനുഗ്രഹമായല്ലോ.

ഗ്രന്ഥത്തിനു് അതർഹിക്കുന്ന പ്രചുരപ്രചാരമാശംസിക്കുന്നതോടൊപ്പം അബദ്ധത്തിൽ അവിടവിടെ കടന്നുകൂടിയിട്ടുള്ള അച്ചടിപ്പിശകുകളും ഭാഷാവൈകല്യങ്ങളും അടുത്ത പതിപ്പിലെങ്കിലും പരിഹരിച്ചുകാണുവാനാഗ്രഹിക്കുകയും ചെയ്യുന്നു.

(ഉലകംതറ)

## അടുത്തയാഴ്ചയിൽ

സെപ്ററംബർ

1 വ്യാ: വി. എഗീദിയോസ്
2 വെ: വി. എസ്സപ്പാനോസ്
3 ശ: വി. ബസേലിയോസ്
4 ഞാ: പന്ത: 14-ാം ഞായർ
5 തി: വി. ലൗറൻസിയോസ് യുസ്തീനിയാനി
6 ചൊ: വി. ഫ്റാൻസിസ്കോസ് റേജിസ്
7 ബു: വി. ഗവ്വാസിയോസും പ്രൊത്താസിയോസും

# വിവിധവൃത്താന്തങ്ങൾ

## കർദ്ദി. മിൻസെന്തി

### ലാസ്‌ലോ കൊട്ടാരത്തിലാണത്രെ

ഹംഗറിയിലെ പ്രൈമേററായ അത്യുന്നത കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ അവിടുത്തെ പ്രായാധിക്യത്തേയും അനാരോഗ്യത്തേയും പരിഗണിച്ചു് ബന്ധനവിമുക്തനാക്കി എന്നുള്ള വാർത്ത കഴിഞ്ഞമാസത്തിൽ റിപ്പോർട്ടുചെയ്യപ്പെടുകയുണ്ടായല്ലോ. എന്നാൽ അതേത്തുടന്നു തിരുമേനി എവിടെയുണ്ടെന്നോ സ്ഥിതിഗതികൾ എന്തെല്ലാമാണെന്നോ യാതൊരറിവുമുണ്ടായില്ല. അധികാരസ്ഥാനങ്ങളെല്ലാം മൗനമാചരിക്കുകയായിരുന്നു. തിരുമേനി ക്ഷേിണഹംഗറിയിലെ പെക്സ് നഗരത്തിനടുത്തു പൂവെസ് പോക്ലോർറു് ലാസ്‌ലോയിലുള്ള ഒരു കൊട്ടാരത്തിൽ സൂക്ഷിക്കപ്പെടുന്നതായി ഒരു വാർത്ത ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. എസ്ടെർഗോമിലുള്ള കർദ്ദിനാൾ തിരുമനസ്സിലെ അരമനയിലെ ഒരുദ്യോഗസ്ഥൻ കഴിഞ്ഞയാഴ്ചയിൽ റോയിട്ടരോടു് പറഞ്ഞതായി റിപ്പോർട്ടുചെയ്തിരിക്കുന്നതു് അദ്ദേഹത്തിനു കർദ്ദിനാളിൻെറ സ്ഥിതിഗതികളെപ്പററിയോ അദ്ദേഹത്തെ കാണുവാൻ സന്ദർശകരെ അനുവദിച്ചുവെന്നതിനെപ്പററിയോ യാതൊരറിവും ഇല്ലെന്നാണു്.

## മാർപ്പാപ്പാ സന്ദർശകരോടു് 6 ഭാഷകളിൽ സംസാരിച്ചു

കാസ്റ്റൽഗണ്ടോൾഫോയിൽ താമസിക്കുന്ന പരിശുദ്ധ മാർപ്പാപ്പാ തിരുമേനി പല രാജ്യക്കാരുൾപ്പെട്ട ഒരു വമ്പിച്ച തീർത്ഥകരണത്തിനു സന്ദർശനം അനുവദിക്കുകയും ബാൽക്കണിയിൽനിന്നു അവരോടു 6 വിവിധഭാഷകളിൽ സംസാരിക്കുകയുംചെയ്തു. ഇംഗ്ലീഷിലും, ഫ്രഞ്ചിലും, ജർമ്മനിലും, ഡച്ചുഭാഷയിലും, ഇററാലിയനിലും, പോർത്തുഗീസ് ഭാഷയിലുമാണു് തിരുമേനി സംസാരിച്ചതു്.

## മാർപ്പാപ്പായുടെ മൂത്ത സഹോദരി

### മരണമടഞ്ഞു

പരിശുദ്ധ മാർപ്പാപ്പായുടെ മൂത്ത സഹോദരി കൗണ്ടസ് ജപീസപ്പീനാ പച്ചെല്ലി മെങ്കരീനി റോമിനടുത്തുള്ള അവരുടെ വസതിയിൽവച്ചു 83-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. അവരുടെ ഭർത്താവു കൗണ്ടു് എറ്റോറെ മെങ്കരീനി മൂന്നുകൊല്ലം മുമ്പാണു മരിച്ചതു്. ജപീസപ്പീനാ തളർവാതം പിടിപെട്ടു കിടപ്പിലായിട്ടു് 20 കൊല്ലമായി. മാർപ്പാപ്പാ തിരുമേനി സ്റ്റേററു സെക്രട്ടറിയായിരുന്ന കാലത്തെല്ലാം പ്രതിദിനം ഈ സഹോദരിയെ സന്ദർശിച്ചിരുന്നു. മാർപ്പാപ്പായായതിനു ശേഷം ദിവസംതോറും ടെലഫോൺവഴി ആ സമ്പർക്കം പുലത്തിക്കൊണ്ടിരിക്കുകയായിരുന്നു. ചരമവാർത്ത അറിഞ്ഞയുടനെ ദുഃഖിതനായ മാർപ്പാപ്പാ അവിടുത്തെ രഹസ്യകപ്പേളയിലേക്കുപോയി വളരെയേറെനേരം പ്രാർത്ഥനയിൽ ചിലവഴിച്ചു. പിറേറദിവസം തിങ്കളാഴ്ച പരേതയ്ക്കുവേണ്ടി പരിശുദ്ധ പിതാവു് ദിവ്യബലിയർപ്പിക്കുകയുംചെയ്തു. പരിശുദ്ധ പിതാവിൻെറ ഇളയസഹോദരി എലിസബെത്താ ജീവിച്ചിരിപ്പുണ്ടു്. അവർക്കു 75 വയസ്സു കഴിഞ്ഞു. പരിശുദ്ധ പിതാവിനു 79-ാം വയസ്സാണല്ലോ.

## 426അടി ഉയരമുള്ള ക്രിസ്തുപ്രതിമ

റോമിനടുത്തുള്ള റോക്കാ ഡി പാപ്പാ എന്നറിയപ്പെടുന്ന ഉയരംകൂടിയ ഒരു കുന്നിൽ ഭീമാകാരമായ ഒരു ക്രിസ്തുപ്രതിമ സ്ഥാപിക്കുന്നതിനു നടപടികൾ സമാരംഭിച്ചിരിക്കുന്നു. പ്രതിമയ്ക്കു 426 അടി ഉയരവും അതു പ്രതിഷ്ഠിക്കുന്ന പീഠത്തിനു 126 അടി ഉയരവുമുണ്ടായിരിക്കും. ജനങ്ങളുടെ ഐക്യത്തിനും സമാധാനത്തിനും ഐശ്വര്യത്തിനുംവേണ്ടി റോം കേന്ദ്രമായി സ്ഥാപിച്ചിട്ടുള്ള "ക്രിസ്റ്റസ്" എന്ന ഒരു സംഘടനയുടെ ആഭിമുഖ്യത്തിലാണു ഈ പണി നടക്കുന്നതു്. ക്രിസ്തുപ്രതിമ സ്ഥാപിക്കപ്പെടുന്ന സ്ഥലം ജോവു് എന്ന റോമൻ ദേവപ്രതിഷ്ഠയുടെ അമ്പലമിരുന്ന സ്ഥാനമാണു്. പ്രതിമയുടെ വിസ്തൃതമായ പീഠാന്തർഭാഗം ലോകസമാധാനത്തിനുവേണ്ടി പരിശ്രമിച്ചിട്ടുള്ള മഹാരഥന്മാരുടെ ചരിത്രത്തെ ശാശ്വതീകരിക്കുന്ന ഒരു പ്രദർശനശാലയായിരിക്കും. രാത്രികാലങ്ങളിൽ പ്രതിമയുടെ ശിരസ്സിനു പുറകിൽനിന്നു ഒരു ശക്തിയായ പ്രകാശം പുറപ്പെടുവിക്കുന്നതും അതിൻെറ ശോഭ ഇററലിമുതൽ ജിബ്രാൾട്ടർവരെ ദൃശ്യമാകുന്നതുമാണെന്നറിയുന്നു. ഇതിനു വേണ്ടിവരുന്ന ബൃഹത്തായ സംഖ്യ ലോകം മുഴുവനിൽനിന്നുമുള്ള സംഭാവനകൾകൊണ്ടുണ്ടാകുമെന്നാണു് പ്രവത്തകരുടെ ഉദ്ദേശ്യം.

## വത്തിക്കാനിലെ അച്ചടിശാല

### പരിഷ്കരിക്കുന്നു

വത്തിക്കാൻെറ അർദ്ധഔദ്യോഗികപത്രമായ ഒസ്സർവത്തോരെ റൊമാനോയും മററു പല പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്ന വത്തിക്കാൻ അച്ചടിശാല ഏററം പുതിയ രീതിയിലുള്ള അച്ചടിയന്ത്രങ്ങൾ വാങ്ങിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു. പല കളറുകൾ അടിക്കുന്ന ഏററവും നവീനയന്ത്രങ്ങളാണു് വാങ്ങിക്കുവാനുദ്ദേശിക്കുന്നതു്.

## കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിൽ മതത്തിനു സ്ഥാനമില്ല

"യുനെസ്കോ"യുടെ ആഭിമുഖ്യത്തിൽ പ്രതിവർഷം ജനീവായിൽ സമ്മേളിക്കാറുള്ള അന്താരാഷ്ട്രീയവിദ്യാഭ്യാസസമിതിയുടെ മീററിംഗിൽ, റഷ്യയിലെ വിദ്യാഭ്യാസവകുപ്പിൻെറ ഡെപ്യൂട്ടിമിനിസ്റ്ററായ മിസ്സിസ് എൽ. വി. ഡുബ്രോവിനാ മതവിദ്യാഭ്യാസത്തേയും സദാചാരപരമായ ശിക്ഷണത്തേയും സംബന്ധിച്ചു് കമ്മ്യൂണിസത്തിൻെറ നിലപാടു വിശദീകരിക്കുന്നതിനു നിർബന്ധിതയായി. സോവ്യററുയൂണിയനിൽ വിദ്യാർത്ഥികൾക്കു നൽകപ്പെടുന്ന സദാചാരശിക്ഷണത്തെപ്പററി സമിതിയിലെ ഒരംഗം ഉന്നയിച്ച ചോദ്യത്തിനു അവർ മറുപടി പറയുകയായിരുന്നു. ക്രിസ്തീയസദാചാരവും കമ്മ്യൂണിസ്റ്റാദർശവും തമ്മിൽ പൊരുത്തപ്പെടുന്നതല്ലെന്നും, കമ്മ്യൂണിസത്തിൻെറ സദാചാരനിയമങ്ങൾക്കു മതവുമായി ബന്ധമൊന്നുമില്ലെന്നും, അവ മാർക്സിൻേറയും, ലെനിൻേറയും, സ്റ്റാലിൻേറയും ആശയങ്ങളിൽനിന്നു രൂപംപ്രാപിച്ചിട്ടുള്ളവയാണെന്നും അവർ പ്രസ്താവിച്ചു. മതവും വിദ്യാഭ്യാസവും പരസ്പരവിരുദ്ധങ്ങളാണെന്നും, സോവ്യററു് ശിക്ഷണരീതി മതവിരുദ്ധമായ ഭൗതികതത്വസിദ്ധാന്തത്തിൽ അടിയുറപ്പിച്ചിട്ടുള്ള സെക്കുലർ വിദ്യാഭ്യാസമാണെന്നും അവർ ഉറപ്പിച്ചുപറഞ്ഞു.

## Wanted

A Malayalam Pandit with Higher, Visarad or Vidwan qualification. School Final preferred.

Manager,
St. Mary's High School,
Alwaye

## സാംസ്കാരിക സമ്പർക്കത്തിൽ നാശത്തിൻെറ ആപ്പതുള്ളൂ

ഇററലിയിലെ ഒരു പ്രശസ്ത ജെസ്യൂട്ട് പത്രമായ "ചിവിൽട്ടാ കത്തോലിക്കാ" കമ്മ്യൂണിസ്റ്റുകാരുടെ സാംസ്കാരികസംഘങ്ങൾ പശ്ചിമരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങൾ വിനാശത്തിൻെറ നുഴഞ്ഞുകയററങ്ങളാണെന്നും തന്മൂലം അവ "നിരുപയോഗകരവും അപകടകാരണവു"മാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ഒരു പൊതുപ്രവത്തനവും, സാംസ്കാരികതലത്തിലെങ്കിലും രാഷ്ട്രീയപ്രവത്തകക്കു സാദ്ധ്യമല്ലാത്ത പരസ്പരാരണയും ഉണ്ടാകുന്നതു നന്നായിരിക്കയില്ലേ എന്നു ഇന്നു വിദ്യാർത്ഥികൾ മാത്രമല്ല വേറെ ചിലരും ചോദിച്ചുതുടങ്ങിയിരിക്കുകയാണു്" എന്നത്രെ പ്രസ്തുത പത്രം ഇപ്പോഴത്തെ മനോഭാവത്തെ ശരിയായി വിശദമാക്കിയിരിക്കുന്നതു്. അതിനു മറുപടിയായി പത്രം പറയുന്നതു്; "കമ്മ്യൂണിസ്റ്റുകളെ സംബന്ധിച്ചിടത്തോളം, സാംസ്കാരികസമ്പർക്കമെന്നതിൻെറ അർത്ഥം അവർ മനസ്സിലാക്കുന്നതു് ഒരു രാജ്യത്തെ ഇടത്തരം ആളുകളുടെ ഇടയിൽ കണ്ടേക്കാവുന്ന ചില അഴുകിയ സംസ്കാരത്തിലേക്കു മൂർച്ചയുള്ള ഒരു ആപ്പിൻെറ ഘനം കുറഞ്ഞ തല കടത്തുക എന്നാണു്. സമാധാനം എന്നവർ പറഞ്ഞാൽ അതിൻെറ അർത്ഥം ഇമ്പീരിയലിസം നശിപ്പിക്കുക, കമ്മ്യൂണിസം ഉറപ്പിക്കുക എന്നത്രെ."

## ക്യൂബായിൽ മരിയൻസ്റ്റാമ്പുകൾ

ക്യൂബാരാജ്യത്തിലുള്ള കത്തോലിക്കാപ്രവത്തനസംഘടനയിലെ സ്ത്രീവിഭാഗശാഖകൾ തുടർച്ചയായി ഗവമ്മെൻറിലേക്കു നിവേദനങ്ങൾ നടത്തിയതിൻെറ ഫലമായി രണ്ടുതരത്തിലുള്ള മരിയൻസ്റ്റാമ്പുകൾ അവിടെ നടപ്പാക്കിയിരിക്കുന്നു. ക്യൂബായുടെമദ്ധ്യസ്ഥയായ കോമ്പർമാതാവിൻെറ തിരുസ്വരൂപമാണു് രണ്ടിനം സ്റ്റാമ്പുകളിലും ചിത്രീകരിച്ചിട്ടുള്ളതു്.

## ഭവനരഹിതക്കുവേണ്ടി

### സ്പെയിനിൽ 24,812 വീടുകൾ

സാമ്പത്തികവിഷമതകൾകൊണ്ടു സ്വന്തമായി വീടുകൾ പണിയുവാൻ കഴിവില്ലാത്തവക്കുവേണ്ടി സ്പെയിനിലെ 40 രൂപതാസംഘടനകൾ മുൻനിന്നു 24 812 വീടുകൾ പണിപൂർത്തിയാക്കിയിരിക്കുന്നതായി മാഡ്രിഡിൽനിന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. സ്പെയിനിൽ പ്രവത്തനം നടത്തുന്ന 137 ഗൃഹനിർമ്മാണപദ്ധതികളിൽ 29 ശതമാനം സഭവകയാണു്.

## അർജൻെറൻ കർദ്ദിനാളിൻെറ കുമ്പസ്സാരക്കാരൻ കൊല്ലപ്പെട്ടു

അർജൻറീനായുടെ തലസ്ഥാനമായ ബ്യൂനോസ് അയേഴ്സിലെ മെത്രാപ്പോലീത്തായായ അത്യുന്നതകർദ്ദിനാൾ കപ്പെല്ലോ തിരുമനസ്സിലെ കുമ്പസ്സാരക്കാരനും ഒരു റെഡംപ്റററിസ്റ്റ് സഭാംഗവുമായ ഫാദർ ജെയിംസ് വാഗ്നർ കത്തോലിക്കാ വിരുദ്ധപ്രക്ഷോഭണക്കാരാൽ കൊല്ലപ്പെട്ടിരിക്കുന്നു. പ്രക്ഷോഭണക്കാർ അദ്ദേഹത്തിൻെറ പള്ളി ആക്രമിക്കുകയായിരുന്നു" ഈ അത്യാഹിതം സംഭവിച്ചതു്. അദ്ദേഹം 71 കൊല്ലം മുമ്പാണു് ജമ്മൻ മാതാപിതാക്കന്മാരിൽനിന്നു സാർഎന്ന സ്ഥലത്തു ഭൂജാതനായതു്. അർജൻറീനായിലും ഉറുഗ്വേയിലുമുള്ള റെഡംപ്റററിസ്റ്റ് മിഷ്യനുകളിൽ അദ്ദേഹം 40 കൊല്ലം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. തലസ്ഥാനനഗരിയിൽവച്ചു പരേതക്കുവേണ്ടിയുള്ള ദിവ്യബലി അർപ്പിച്ചുശേഷം മൃതദേഹം അദ്ദേഹത്തിൻെറ സേവനരംഗമായ കൊർഡോബായിലേക്കു സംസ്കരിക്കുന്നതിനായി കൊണ്ടുപോകപ്പെട്ടു.

## സ്പെയിനിലെ ഒന്നാമത്തെ കത്തീഡ്രൽ ഖനനം ചെയ്യപ്പെടുന്നു

കോൺസ്റ്റൻെറൻ ചക്രവർത്തിയുടെ കാലത്തു പണിചെയ്യപ്പെട്ടതെന്നു വിശ്വസിച്ചുപോരുന്ന സ്പെയിനിലെ ഒന്നാമത്തെ കത്തീഡ്രൽ പള്ളിയുടെ നഷ്ടശിഷ്ടങ്ങൾ ഖനനംചെയ്യപ്പെടുന്ന ജോലി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ബെർസെലോണായിലെ ഇപ്പോഴത്തെ കത്തീഡ്രൽദേവാലയത്തിനു ഇടതുഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു തെരുവിനു താഴെയാണു് പ്രസ്തുത ദേവാലയാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്നതു്. ഈ ദേവാലയത്തിലേക്കാണു് സ്പെയിനിലെ പ്രശ്രുത കന്യകാരക്തസാക്ഷിയായ വിശുദ്ധ യുലാലിയായുടെ തിരുശേഷിപ്പുകൾ നാലാംനൂററാണ്ടിൽ നീക്കപ്പെട്ടതു്.

## മതപീഡനത്താൽ ചിതറിക്കപ്പെടുന്ന സന്യാസസഭാംഗങ്ങൾക്കു ആനുകൂല്യം

മതമർദ്ദനപരമായ നീതിവിരുദ്ധനിയമങ്ങളാൽ അവരുടെ സന്യാസസഭകളിൽനിന്നു പുറംതള്ളപ്പെടുന്ന സന്യാസിനീസന്യാസികൾക്കു അവരുടെ സഭയുടെ എല്ലാ അവകാശാനുകൂല്യങ്ങളും എവിടെയുംപ്രാപിക്കത്തക്കവിധത്തിൽ സന്യാസസഭകളുടെ തിരുസംഘം പ്രത്യേകാനുവാദങ്ങൾ നൽകിയിരിക്കുന്നു. ഇരുമ്പുമറയ്ക്കുള്ളിലുള്ള രാജ്യങ്ങളിൽ മർദ്ദനനിയമങ്ങൾമൂലം സന്യാസഭവനങ്ങൾ വിട്ടു സ്വന്തം വീടുകളിൽ താമസിക്കുന്നവരും തൊഴിൽക്യാമ്പുകളിലും ആതുരാലയങ്ങളിലും ജീവിക്കുന്നവരും മററുമായ എല്ലാവരേയും ഈ ആനുകൂല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അവർ പുറംതള്ളപ്പെട്ടവരോ ചിതറിക്കപ്പെട്ടവരോ ആയി കഴിയുകയാണെങ്കിലും തിരുസഭ, അവരെ അവരുടെ ഇഷ്ടത്തിനു വിരുദ്ധമായി നിർബന്ധപൂർവ്വംഅവരുടെ ആവൃതിയിൽനിന്നു അകററിനിത്തപ്പെട്ടവരായി മാത്രം പരിഗണിക്കുന്നതുകൊണ്ടു എല്ലാ ആനുകൂല്യങ്ങൾക്കും അവർ അർഹരായി പരിഗണിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു അവർ എവിടെയായിരുന്നാലും അവരുടെ പരിതസ്ഥിതികളിൽ കഴിവുള്ളപോലെ സഭാനിയമങ്ങൾ അനുഷ്ഠിക്കണമെന്നു തിരുസംഘം ഉൽബോധിപ്പിക്കുന്നു.



ആഖ്യായിക

## ബാറബാസ്



### അദ്ധ്യായം 8 (തുടർച്ച)

### ഒരു വ്യാപാരം

(വി. സി. ജോർജ്ജ് ബി. എ. എൽ.റ്റി.)

"അതെ, അധഃസ്ഥരുടെയിടയിൽ, അയാൾ നമുക്ക് വിഘ്നകാരിയാണ്. അയാൾ അപ്രതീക്ഷിതമായി അപ്രത്യക്ഷനാകുന്നുവെങ്കിൽ ഈ ജറുസലേമിൽ ഞങ്ങളാരും ദുഃഖിക്കുകയില്ല."

"അദ്ദേഹം ഒരു വലിയ മായാവിയത്രെ." ബറാബാസ് പറഞ്ഞു.

"ഹേ, ആവക മൂഢതയൊന്നും വിശ്വസിക്കരുത്. മായാവികൾ എന്നൊരുവർഗ്ഗം ഇല്ല. ഒരുകാര്യം വിശദമാണ്. അപകാരം ചെയ്യുന്നതിലും ഭേദം അപകാരങ്ങൾ സഹിക്കുകയാണെന്നുള്ള അയാളുടെ തത്വം, ക്ഷമാപൂർവ്വകമായ സഹനത്തിനുള്ള അയാളുടെ ആഹ്വാനം, നിങ്ങളുടെ പ്രസ്ഥാനത്തിനാപൽക്കരംതന്നെ."

"അതു ഞാൻ സമ്മതിക്കുന്നു."

"കൊള്ളാം,ഇനി അതേപ്പററിയുള്ള ചർച്ചയ്ക്കും ആവശ്യമില്ലാ. പെട്ടെന്നുതന്നെ ഈ ബാധ ഒഴിയുമെന്നു ഞാൻ കരുതുന്നു. കാര്യം മനസ്സിലായില്ലേ?"

വീണ്ടും ബറാബാസ് അനുകൂലാർത്ഥത്തിൽ തലകുലുക്കിയതേയുള്ളു.

"ലക്ഷ്യം സംബന്ധിച്ചിടത്തോളം നമ്മൾ ഏകാഭിപ്രായക്കാരായി. ഇനിമാർഗ്ഗങ്ങളെപ്പററി ചിന്തിക്കാം. നിങ്ങൾക്കെന്താണ് വേണ്ടതു്?"

"ആയുധങ്ങളും പണവും. ഒന്നാമത്തെ ആവശ്യം ആയുധങ്ങൾ. പണവും ഒഴിച്ചുകൂടാത്തതാണ്. അനേകായിരം ആളുകളെ തീററിപ്പോററണം. പരിശീലനസ്ഥാനങ്ങൾ സ്ഥാപിക്കണം..."

വിശദാംശങ്ങളിലേക്കു കടക്കുവാൻ സന്നദ്ധനാകാത്തവിധം പ്രധാനാചാര്യൻ തടുത്തു പറഞ്ഞു: "റാബിനഥാനിയേൽ വിശദവിവരങ്ങൾ നിങ്ങളുമായി ചർച്ചചെയ്യും. ഒരു ചോദ്യം കൂടിയെനിക്കുണ്ട്. എന്നത്തേക്കു് ഉന്ന വിപ്ലവത്തിൽ ഇറങ്ങി പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് നിങ്ങൾ കരുതുന്നതു്?"

"എനിക്കു ലഭിക്കുന്ന സഹായസഹകരണങ്ങളെ ആശ്രയിച്ചിരിക്കുമതു്. എണ്ണവും വണ്ണവും ഒത്തിണങ്ങിയാൽ അടുത്ത വേനൽക്കാലത്തു് വിപ്ലവം ആരംഭിക്കാമെന്നു തോന്നുന്നു.

"കൊള്ളാം"

വൃദ്ധൻ സ്ഥാനത്തുനിന്നെണീററു. നിശ്ചലനായി ഇരുന്ന ഇരിപ്പിൽ ധ്വനിതമായ വിധം അദ്ദേഹം ക്ഷീണനായിരുന്നില്ലാ. ചൊടിയോടും ചുറുചുറുപ്പോടും കൂടി പുരോഹിതവസ്ത്രങ്ങൾ മാർഗ്ഗതടസ്സത്തിനിടയാകാതെ ഒരു കൈയിൽ പൊക്കിപ്പിടിച്ചശേഷംനമ്രശിരസ്കരും വ്യത്യസ്തഭുജരുമായി വർത്തിച്ച ബറാബാസിനെയും കൂട്ടരേയും ആശീർവ്വദിക്കുവാൻ മറേറ കൈ ഉയർത്തിയിട്ട് ശീഘ്രം നടന്നു് ഭിത്തിയിൽ അപ്പോൾ തുറക്കപ്പെട്ട ഒരു വാതിലിൽക്കൂടി അദ്ദേഹം മറഞ്ഞു. റാബിനഥാനിയേലും പിന്നാലെ പോയി.

ബറാബാസും ആളുകളും മാത്രം ശാലയിൽ ശേഷിച്ചു. അവരിൽ അധികംപേരും ഉന്മേഷരഹിതരായി. മൃദുസ്വരത്തിൽ ഒരാൾ ചോദിച്ചു:

"അതാരായിരുന്നു?"

"പ്രധാനാചാര്യൻ ഹന്നാസ്" എസ്രാ മന്ത്രിച്ചു. പിന്നീടു താണ സ്വരത്തിൽ അയാൾ ബറാബാസിനോടു ചോദിച്ചു; "ഈ വ്യവസ്ഥയൊക്കെ താനെന്തിനു സമ്മതിച്ചു?"

"എസ്രായ്ക്കു മനസ്സിലായില്ലേ? നമുക്കു് ഇഷ്ടംപോലെ ചെയ്യാമെന്നുള്ളതുകൊണ്ടുതന്നെ. ഇസ്രായേലിൻെറ കൈ അതിൻെറ ഹൃദയത്തെക്കാൾ ശക്തികൂടിയതായിരിക്കും."

"സമറായരുടെ കാര്യമോ?" എസ്രാ പിന്നെയും ചോദിച്ചു.

"ഞാനാരെന്നാണ് എസ്രാ വിചാരിച്ചിരിക്കുന്നതു്? ഞാൻ തന്നെ പകുതി സമറായനാണെന്നുള്ള കഥ ആ മനുഷ്യനറിയാവുന്നതല്ലേ?" റാബിനഥാനിയേൽ ശാലയിൽ വീണ്ടും പ്രവേശിച്ചതോടുകൂടി ഈ രഹസ്യസംഭാഷണം അവസാനിച്ചു. അവർ മുമ്പോലെ ആസനസ്ഥരായി. റാബി സംസാരം ആരംഭിച്ചു: "ബറാബാസ്, പുരോഹിതന്മാരും നിങ്ങളും തമ്മിൽ ഉണ്ടായിട്ടുള്ള ഈ സഖ്യം സംബന്ധിച്ച യാതൊരു സംഗതിയും പുറത്തറിയരുതെന്നുള്ളതാണ് സർവ്വപ്രധാനമായ വ്യവസ്ഥ. നിസ്സാരസൂചനപോലും അരുതു്."

"പുറത്തറിയുന്നതു ഞങ്ങൾക്കാപല്ക്കരമാണല്ലോ."

"സഖ്യം ഉണ്ടായതാരുമറിയരുതെന്നു തന്നെയല്ലാ, പ്രധാനാചാര്യൻ ഏതെങ്കിലുംവിധത്തിൽ ഏർപ്പെട്ടുയെന്നുള്ള കാര്യവും പുറത്താകരുതു്."

"ആ കാര്യം എൻെറയും എൻെറ കൂടെയുള്ളവരുടേയും നാമത്തിൽ ഞാൻ ഭരമേല്ക്കുന്നു."

"നാംതമ്മിൽ ഏതെങ്കിലും വ്യവസ്ഥയുണ്ടായിയെന്ന സ്വരം പുറപ്പെട്ടാൽ പുരോഹിതരായ ഞങ്ങൾ ശക്തിയുക്തം അതിനെ പ്രതിഷേധിക്കും."

"ബഹുജനംനിങ്ങളെ ഞങ്ങളെക്കാളധികം വിശ്വസിക്കും;സംശയമില്ല" ബറാബാസ് പറഞ്ഞു.

ഇത്രയും കഴിഞ്ഞപ്പോൾ റാബിനഥാനിയേൽ ഗൗരവഭാവം അവലംബിച്ചു. പുരോഹിതർക്കു ആയുധസാമഗ്രികൾ കൈവശമില്ലാത്തതിനാൽ കൊടുക്കുവാൻ സാധിക്കുകയില്ലാ, എന്നാൽ സ്വാധീനശക്തിയുള്ള പലരും ദേവാലയത്തോടനുബന്ധിച്ചുണ്ട്, അവർമൂലം ബറാബാസിനാവശ്യമുള്ളതൊക്കെ ലഭിക്കും, എന്നദ്ദേഹം പറഞ്ഞു. ആവശ്യമുള്ള പണം വാഗ്ദാനം ചെയ്തതിനു പുറമെ അതിൽ ഒരുഭാഗം രൊക്കം കൊടുക്കുകയുംചെയ്തു. ബറാബാസിൻെറ ആൾക്കാരിൽ ഈ ധനദാനം സന്തോഷമുളവാക്കി. ദേവാലയഭണ്ഡാരത്തിലെ നാണയങ്ങൾക്കു മുഴുത്തുക്കമില്ലെന്നു ബറാബാസ് കേട്ടിരുന്നുവെങ്കിലും പണത്തിൻെറ തുക കണക്കാക്കിയപ്പോൾ ആ സംഗതി അയാൾ വിഗണിക്കുകതന്നെ ചെയ്തു.

ബറാബാസും പരിവാരവും റാബി നഥാനിയേലിൻെറ വസതിയിൽനിന്നു പുറപ്പെട്ടപ്പോൾ അർദ്ധരാത്രി സമീപിച്ചു. മടക്കയാത്രയിൽ ആഗമനവേളയിൽ ഉണ്ടായിരുന്നിടത്തോളം സമീക്ഷണമില്ലായിരുന്നു. എങ്കിലും ആപത്തൊന്നും കൂടാതെ അവർ തങ്ങളുടെ താവളത്തിലെത്തി. നഗരത്തിൻെറ താണഭാഗത്തു് ഇടിഞ്ഞുപൊളിഞ്ഞ ഒരു കെട്ടിടമായിരുന്നു അതു്. നഗരദ്വാരങ്ങളിൽ റോമൻഭടന്മാർ അവരുടെ മുറയ്ക്കുള്ള കാവലുണ്ടായിരുന്നതിനാൽ അവർ പട്ടണത്തിനു പുറത്തിറങ്ങുവാൻ തുനിഞ്ഞില്ല. അന്ധകാരത്തിൽ കോട്ടമതിൽ ചാടുക അപകടകരവുമായിരുന്നു.

മററുള്ളവർ നിദ്രയിലാണ്ടതിനുശേഷവും ബറാബാസും എസ്രായും ഉറങ്ങാതെ കഴിഞ്ഞു. എസ്രാ ഉന്മേഷവാനായി കാണപ്പെട്ടു.

"ബറാബാസ്, ഇന്നത്തെ നിങ്ങളുടെ വ്യാപാരം കേമമായി. ഏതു കക്ഷിക്കാണു കൂടുതൽ ഗുണമെന്നു ഞാൻ ആലോചിക്കുകയായിരുന്നു."

ബറാബാസ് ചിരിച്ചു: "ഭൂമുഖത്തുള്ള അറിവെല്ലാം തങ്ങളുടെ ഉള്ളിൽ തള്ളിക്കയററിയെന്നു വിചാരിച്ചു പൊങ്ങിനടക്കുന്ന ഈ മിടുക്കന്മാരെല്ലാംതന്നെ, എൻെറ എസ്രാ, തിരുമണ്ടന്മാരാണ്. മഗ്ദാലായിൽനിന്നു ഞങ്ങൾ മടങ്ങിവരുന്നവഴി, ആ രാത്രി നിങ്ങൾ ഞങ്ങളെ കണ്ടതോർമ്മിക്കുന്നില്ലേ? പഠിത്തക്കാരനല്ലാത്ത ആ സമറായൻ ആട്ടിടയൻെറ കാര്യവും?"

"ബറാബാസ്, അങ്ങു രാജാവാകുവാൻ തീരുമാനിച്ചിരിക്കുകയാണ്", എന്നയാൾ പ്രസ്താവിച്ചു. അധികാരവും ബലവും കരസ്ഥമായാൽ ആണുങ്ങൾ പിന്നെയെന്താണു ചെയ്യുന്നതെന്നു അയാൾ ശരിക്കു മനസ്സിലാക്കി."

"നമ്മെക്കൊണ്ടുപകാരം ലഭിച്ചതിനുശേഷം അവർ നമ്മളെ ദൂരെയെറിഞ്ഞുകളയുമെന്നു് താൻ സാക്ഷാൽ വിശ്വസിക്കുന്നുണ്ടോ?" എസ്രാ ചോദിച്ചു.

"അവർ അങ്ങനെ വിശ്വസിക്കുന്നു. അവരുടെ വൃത്തികെട്ട അഹങ്കാരത്തള്ളലിൻെറ ഫലമാണതു്. അവർ ഒട്ടുവളരെ അറിവും പ്രമാണിത്തവും ഉള്ളവരാകകൊണ്ടു് അവർ ആഗ്രഹിക്കുന്നപടി പ്രവർത്തിക്കാതിരിക്കുവാൻ മേഘത്തിൻമീതെ ആകാശത്തിലോ ഏതോ മലമുകളിലോ ഇരിക്കുന്ന അവരുടെ പഴഞ്ചൻ ദൈവത്തിനുപോലും സാധിക്കുകയില്ലെന്നാണ് അവരുടെ വിചാരം. മണ്ടന്മാർ! ഗജമണ്ടന്മാർ!"

"നസ്രായൻ ഈശോയേയും തുലച്ചുകളയണമെന്നാണവരുടെ മോഹം. ആ കാര്യത്തിൽ എന്തു ചെയ്യുവാനാണ്, ബറാബാസ്, നിങ്ങളുദ്ദേശിക്കുന്നതു്?"

ബറാബാസ് കുറേസമയം ചിന്തിച്ചു. വെള്ളക്കുപ്പായക്കാരനായ ഈശോയുടെ രൂപം അയാളുടെ മനോദർപ്പണത്തിൽ ഉദയം ചെയ്തു. ഈശോയുടെ പ്രശാന്തത തുളുമ്പുന്ന കണ്ണുകൾ ചോദ്യഭാവത്തിൽ തന്നെ നോക്കുന്നതുപോലെതോന്നി. സ്വല്പം കഴിഞ്ഞു് അയാൾ പറഞ്ഞു: "നസ്രായൻെറ കാര്യത്തിൽ നാമെന്തിനിടപെടുന്നു? അദ്ദേഹം നമ്മെ ഉപദ്രവിക്കുന്നില്ല, ക്ഷമാപൂർവ്വം സഹിക്കുവാൻ തയ്യാറുള്ളവർ അദ്ദേഹത്തിൻെറ പിന്നാലെ പോകട്ടെ. അത്തരക്കാരെക്കൊണ്ടു് യുദ്ധത്തിൽ യാതൊരു പ്രയോജനവുമില്ല. നസ്രായൻ, പുരോഹിതന്മാരെ ഉപദ്രവിക്കുന്നുവെങ്കിൽ അവർ അദ്ദേഹത്തെ കോടതിയിൽകയററി വിസ്തരിക്കട്ടെ."

"അദ്ദേഹത്തിൻെറ പേരിൽ എന്തെങ്കിലും കുററം സ്ഥാപിക്കുക സാദ്ധ്യമല്ല."

"അവരെന്തെങ്കിലും കുത്തിപ്പൊക്കും. ധനവാന്മാരുടെയിടയിൽ അദ്ദേഹത്തിനു ധാരാളം ശത്രുക്കളുണ്ടു്. ഏകദേശം എനിക്കുള്ളിടത്തോളംതന്നെ."

എസ്രാ ചിരിക്കുകയിൽ അയാളുടെ ചുരുണ്ടതാടി തുള്ളിച്ചാടി. കുറെ അകലെനിന്നു് ഒരു രോദനം കേൾക്കപ്പെട്ടു.

"അതെന്തായിരിക്കാം?" ബറാബാസ് ആശങ്കാപൂർവ്വംചോദിച്ചു.

"നമ്മൾ കാരാഗൃഹത്തിനു സമീപമാണ്. തടവുകാരിൽ ഒരാൾ അത്യുച്ചത്തിൽ നിലവിളിക്കുന്നുവെങ്കിൽ വിസ്മയത്തിനു വകയില്ല. അവൻെറ വേദന അത്രയ്ക്കു കട്ടിയായിരിക്കാം. ഇതെല്ലാം ഞാൻ നല്ലപോലെ അനുഭവിച്ചതാണല്ലോ."

നിരുന്മേഷതകലർന്ന മൗനാവസ്ഥയിൽ ബറാബാസും എസ്രായും ലയിച്ചു. (തുടരും)


THE SOUTH INDIAN BANK LTD.

H. O. TRICHUR Estd. 1929

A SCHEDULED BANK

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Subscribed " | Rs. 25,00,000 |
| Paid up " | Rs. 8,75,000 |
| Reserve & Other Funds | Rs. 5,65,408 |
| Deposits as on 31-12-'54 | Rs. 204,87,883 |

Government Securities bought and sold on terms which can be ascertained on application.

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR, GOBICHETTI-PALAYAM, OTTAPALAM, TRICHUR, WADAKKANCHERI





# പഴയ നിയമത്തിലെ ക്രിസ്തു

(എം. ഒ. ജോസഫ്, നെടുങ്കന്നം)

(തുടർച്ച)

## പീഡനങ്ങൾ

രക്ഷകൻ ശത്രുക്കളുടെകരങ്ങളിൽ പെട്ടന്നതോടുകൂടി, പ്രിയപ്പെട്ട ശിഷ്യന്മാർ പോലും അദ്ദേഹത്തെ പരിത്യജിക്കും; "ഇടയനെ അടിക്കുക; അപ്പോൾ ആടുകൾ ചിതറിപ്പോകും."(1) "ഞാൻ ചുററിലും നോക്കി; സഹായത്തിനു ആരേയും കണ്ടില്ല. ഞാൻ അന്വേഷിച്ചു; സഹായിക്കുന്നതിനു് ആരും ഉണ്ടായിരുന്നില്ല. എന്റെ സ്വന്തം ഭുജം തന്നെ എനിക്കു രക്ഷ നൽകി; എന്റെ ക്രോധംതന്നെ എനിക്കു സഹായമായിനിന്നു."(4).

ശത്രുക്കൾ അവിടുത്തെ അടിക്കുകയും നിന്ദിക്കുകയും ചെയ്യും. "അവിടുന്നു തന്നെ അടിക്കുന്നവക്കു തന്റെ ഗണ്ഡം കാണിച്ചുകൊടുക്കും. അവിടുന്നു് അധിക്ഷേപങ്ങൾകൊണ്ടു നിറഞ്ഞിരിക്കും." (3) "ഞാനോ എതിർത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല. അടിക്കുന്നവക്കു ഞാൻ എന്റെ ശരീരവും പറിക്കുന്നവക്കു എന്റെ ഗണ്ഡവും കാണിച്ചുകൊടുത്തു. എന്നെ ആക്ഷേപിക്കുന്നവരിലും എന്റെ മേൽ തുപ്പുന്നവരിലും നിന്നു എന്റെ മുഖം ഞാൻ തിരിച്ചുകളഞ്ഞതുമില്ല."(4)

"അവനിൽ യാതൊരു സൗന്ദര്യവുമില്ല; കോമളത്തവുമില്ല. നാം അവനെ കണ്ടു; നാം അവനെ ആഗ്രഹിക്കത്തക്കവണ്ണം യാതൊരു രൂപഗുണവും അവനില്ല. അവൻ മനുഷ്യനാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും. രോഗം പിടിപെട്ടവനായും ഇരുന്നു. അവന്റെ മുഖഭാവം മറയ്ക്കപ്പെട്ടതുപോലെയും നിന്ദിക്കപ്പെട്ടതുപോലെയും ഇരുന്നു. അതിനാൽ നാം അവനെ ആദരിച്ചതുമില്ല. (5)

ശത്രുക്കൾ രക്ഷകനെ ഒരു ചുവപ്പുവസ്ത്രം ധരിപ്പിച്ച്, രാജാവെന്നു വിളിച്ചു പരിഹസിക്കും. "ബ്രോസായിൽനിന്നുള്ള രക്താംബരം ധരിച്ചുകൊണ്ടു് ഏദോമിൽനിന്നു വരുന്ന ഇവനാരാകുന്നു?... നിന്റെ അങ്കി ചുവന്നിരിക്കുന്നതെന്തു്? നിന്റെ മേലങ്കി മുന്തിരിച്ചക്കു ചവിട്ടുന്നവരുടേതു പോലെ ഇരിക്കുന്നതെന്തു്?"(6)

ശത്രുക്കൾ രക്ഷകന്റെ വസ്ത്രങ്ങൾ തങ്ങൾക്കായി വീതിച്ചെടുക്കും. "അവർ എന്റെ വസ്ത്രങ്ങൾ അവരുടെ ഇടയിൽ വീതിച്ചെടുത്തു. എന്റെ മേലങ്കിക്കായി ചീട്ടിയിടുകയും ചെയ്തു."(7)

### കുരിശിൽ തറയ്ക്കും

രക്ഷകനെ ശത്രുക്കൾ ഒടുവിൽ കുരിശിൽ തറച്ചു കൊല്ലും. "62 ആഴ്ചകൾക്കുശേഷം ക്രിസ്തു വധിക്കപ്പെടും. അവനെ നിഷേധിച്ചു പറയുന്ന ജനങ്ങൾ അവന്റേതായിരിക്കയില്ല." (8) "അവൻ അവന്റെ ആത്മാവിനെ മരണത്തിനു ഏല്പിച്ചു ദുഷ്ടന്മാരോടുകൂടെ എണ്ണപ്പെടുകയും ചെയ്തു. അനേകരുടെ പാപങ്ങളെ അവൻ വഹിക്കുകയും പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു." (9) "അവർ അവനോടു പറയും:

(1) സക്കറി: 13. 7.
( ) ഏശയ്യാ 63:5.
(3) ജറമ്യ:വിലാപം III, 30
(4) ഏശയ്യാ 50: 6.
(5 ഏശയ്യാ 53:2,3.
(6) ഏശയ്യാ 63:1,2.
(7) സങ്കീ: XXI, 19.
(8) ഡാനിയൽ IX, 26
(9) ഏശയ്യാ 53:12.

നിന്റെ കൈകൾക്കുള്ളിലെ ഈ മുറിവുകൾ എന്താകുന്നു? അവൻ പറയും: എന്നെ സ്നേഹിക്കുന്നവരുടെ ഭവനത്തിൽവച്ചു ഈ മുറിവുകൾ എനിക്കു് ഏററതാകുന്നു." (1)

"അലറിക്കൊണ്ടു ആക്രമിക്കുന്ന സിംഹം പോലെ അവർ എന്റെ നേരെ വായ് തുറന്നു. ജലം പോലെ ഞാൻ ചിന്തപ്പെട്ടു. എന്റെ അസ്ഥികളെല്ലാം വേർപെട്ടു. എന്റെ ഹൃദയം മെഴുകുപോലെയായി. എന്റെ ഉള്ളിൽ എന്റെ കുടലുകൾ അഴിഞ്ഞുപോയി. എന്റെ ശക്തി കുശവന്റെ മൺപാത്രം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവു എന്റെ അണ്ണാക്കിനോടു ഒട്ടി. നീ എന്നെ മരണത്തിന്റെ പൊടിയിലേക്കു ഇട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നായ്ക്കൾ എന്നെ ചുററിയിരിക്കുന്നു. ദുഷ്ടന്മാരുടെ കൂട്ടം എന്നെ വളഞ്ഞു. എന്റെ കൈകളും കാലുകളും അവർ തുളച്ചു. എന്റെ അസ്ഥികളെയെല്ലാം അവർ എണ്ണി. അവർ എന്നെ സൂക്ഷിച്ചു നോക്കി."(2)

"ഈ വഴിയിൽക്കൂടെ കടന്നുപോകുന്നവരെ, നിങ്ങളൊന്നു നിന്നു നോക്കുക; എന്റെ ദുഃഖം പോലെ വേറെ ഏതെങ്കിലും ദുഃഖം ഉണ്ടോയെന്നു്. എന്തുകൊണ്ടെന്നാൽ കത്താവു തന്റെ ഭയങ്കരകോപത്തിന്റെ നാളുകളിൽ അരുളിച്ചെയ്തതുപോലെ, അവിടുന്നു എന്നെ മുന്തിരിപ്പഴംപോലെ ആക്കിയിരിക്കുന്നു."(3)

ശത്രുക്കൾ രക്ഷകന്റെ ദാഹശമനത്തിനു കൈപ്പു നിറഞ്ഞ ചൊറുക്കാ നൽകും. "എന്റെ നിന്ദയും എന്റെ ശത്രുക്കൾ എല്ലാവരുടേയും മുൻപാകെയുള്ള എന്റെ ലജ്ജയും നീ അറിയും. എന്റെ ഹൃദയത്തിന്റെ തകർച്ചയെ നീ വച്ചുകെട്ടി പൊറുപ്പിക്ക. സഹതപിക്കുന്നവനുണ്ടോയെന്നു ഞാൻ കാത്തിരുന്നു; എന്നാൽ ആരുമില്ല. ആശ്വസിപ്പിക്കുന്നവനെ ഞാൻ കണ്ടെത്തിയില്ല. അവർ എനിക്കു കൈപ്പു ഭക്ഷണമായിതന്നു. എന്റെ ദാഹത്തിനു അവർ എന്നെ ചൊറുക്ക കുടിപ്പിച്ചു."(4)

### ജനങ്ങളുടെ അവഹേളനം

കുരിശിൽ തൂങ്ങിക്കിടക്കുന്ന രക്ഷകൻ, കുരിശിൻചുവട്ടിൽ കൂടിയിരിക്കുന്ന കാഴ്ചക്കാരുടെയും, അതിലെ കടന്നുപോകുന്ന വഴിപോക്കരുടേയും അവഹേളനപാത്രമായിരിക്കും. "ഞാൻ ഇടവിടാതെ പരിഹാസവിഷയമായിരിക്കുന്നു; എല്ലാവരും എന്നെ പരിഹസിക്കുന്നു"(5) "ഞാനോ ഒരു പുഴുവാകുന്നു, മനുഷ്യനല്ല; മനുഷ്യരുടെ നിന്ദയും ജനത്തിന്റെ ആക്ഷേപവുമാകുന്നു. എന്നെ കണ്ടവരെല്ലാം എന്നെ പരിഹസിച്ചു. അവർ ചുണ്ടുകൊണ്ടു ഗോഷ്ടി കാണിക്കുകയും തലകുലുക്കുകയും ചെയ്തു. അവൻ കത്താവിൽ ആശ്രയിച്ചു. അവൻ അവനെ രക്ഷിക്കട്ടെ. അവനിൽ ഇഷ്ടപ്പെടുന്നുവെങ്കിൽ അവനെ അവൻ സ്വാതന്ത്ര്യപ്പെടുത്തട്ടെ." (6)

"തനിക്കു ദൈവത്തിന്റെ ജ്ഞാനമുണ്ടെന്നു അവൻ അഭിമാനിക്കുന്നു. ദൈവത്തിന്റെ പുത്രനെന്നു തന്നെത്തന്നെ വിളിക്കുക

(1) സക്കറി: XIII, 6.
(2) സങ്കീ: 21:14-18.
(3) ജറമ്യ വിലാപം I, 12.
(4) സങ്കീ: 68:20-22.
(5) ജറേമ്യ. XX, 7.
(6) സങ്കീ: XXI, 7-9.

യും ചെയ്യുന്നു... അവന്റെ വാക്കുകൾ സത്യമാണോയെന്നു നമുക്കു നോക്കാം. അവനു സംഭവിക്കുന്നതിൽനിന്നു നമുക്കു തെളിവെടുക്കാം. അവന്റെ അവസാനം എന്തായിരിക്കുമെന്നു നമുക്കു കാണാം. എന്തെന്നാൽ അവൻ ദൈവത്തിന്റെ യഥാർത്ഥ പുത്രനാണെങ്കിൽ അവൻ അവനെ സംരക്ഷിക്കുകയും, തന്റെ ശത്രുക്കളുടെ കരങ്ങളിൽനിന്നു് അവനെ പരിരക്ഷിക്കുകയും ചെയ്യും."(1)

"ഞാൻ അവർക്കൊരു നിന്ദയായിത്തീർന്നിരിക്കുന്നു. അവർ എന്നെക്കണ്ടു അവരുടെ തലകുലുക്കി." (2) "ഞാൻ ഏകാകിയും നിസ്സഹായനുമാകയാൽ എന്നിലേക്കു തിരിഞ്ഞു. എന്നോടു കൃപ ചെയ്യേണമെ....എന്റെ ശത്രുക്കൾ വർദ്ധിച്ചിരിക്കുന്നുവെന്നും ദുഷ്ടതയുടെ ദ്വേഷത്താൽ അവർ എന്നെ പകയ്ക്കുന്നുവെന്നും നീ കാണുക."(3)

### കുരിശിൽക്കിടന്നു്

കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് രക്ഷകൻ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും, തന്റെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയുംചെയ്യും: "എന്റെ ദൈവമെ, എന്റെ ദൈവമെ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു?"(4) "സത്യത്തിന്റെ ദൈവമായ കത്താവേ, നീ എന്നെ രക്ഷിച്ചു; നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു."(5)

രക്ഷകന്റെ ഹൃദയത്തെപ്പോലും കുത്തിത്തുറക്കും. "ദാവീദിന്റെ ഭവനത്തിന്മേലും ജറുസലേം

For favours received



Mrs. Mary Sebastian
Trichur

നിവാസികളുടെമേലും വരപ്രസാദത്തിന്റേയും പ്രാർത്ഥനയുടേയും അരൂപിയെ ഞാൻ ചൊരിയും. അവർ കുത്തിത്തുളച്ചു എന്നെ അവർ നോക്കും. ഏകപുത്രനുവേണ്ടി കരയുന്നവരെപ്പോലെ അവർ എന്നെ നോക്കി കരയും. ആദ്യജാതന്റെ മരണത്തിനുവേണ്ടി കരയുന്നവരെപ്പോലെ, എനിക്കുവേണ്ടി അവർ കരയും."(6)

രക്ഷകന്റെ മരണസമയത്തു് അസാധാരണങ്ങളായ ചില പ്രകൃതിസംഭവങ്ങൾ ദൃശ്യമാകുന്നതാണു്: "ആകാശത്തിലെ നക്ഷത്രങ്ങളും അവയുടെ തേജസ്സും അവയുടെ പ്രകാശം പുറപ്പെടുവിക്കുന്നതല്ല. സൂര്യൻ അതിന്റെ ഉദയത്തിൽ ഇരുണ്ടുപോകും. ചന്ദ്രൻ അതിന്റെ ശോഭയോടുകൂ

(1) വിജ്ഞാനം II 13,17,18
(2) സങ്കീ: 108: 25
(3) സങ്കീ: 24: 17, 19
(4) സങ്കീ: 21: 2
(5) സങ്കീ: 30: 6
(6) സക്കറി XII, 10

E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കളം
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

ടി പ്രകാശിക്കുന്നതല്ല."(1) "നീ നീക്കംചെയ്യപ്പെടുമ്പോൾ ഞാൻ ആകാശത്തെ മറയ്ക്കുകയും നക്ഷത്രങ്ങളെ നിഷ്പ്രഭമാക്കുകയുംചെയ്യും. ഞാൻ സൂര്യനെ ഒരു മേഘംകൊണ്ടു മറയ്ക്കും; ചന്ദ്രൻ അതിന്റെ പ്രകാശം പുറപ്പെടുവിക്കുന്നതല്ല."(2)

"ഭൂമി കുലുങ്ങുകയും, ആകാശങ്ങൾ ചലിക്കുകയുംചെയ്തു. സൂര്യനും ചന്ദ്രനും ഇരുണ്ടുപോയി. നക്ഷത്രങ്ങൾ അവയുടെ പ്രകാശത്തെ പിൻവലിച്ചു."(3)

### പുനരുത്ഥാനം

രക്ഷകൻ സംസ്കരിക്കപ്പെടുന്ന ശവകുടീരം മഹത്വമുള്ളതായിരിക്കും. "ആ ദിവസം...പുറജാതികൾ അവനെ പ്രതീക്ഷിക്കും; അവന്റെ കുഴിമാടം മഹത്വമുള്ളതായിരിക്കും."(4)

രക്ഷകൻ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്ക്കും: "എന്റെ ആത്മാവിനെ പാതാളത്തിൽ നീ ഉപേക്ഷിച്ചില്ല. നിന്റെ പരിശുദ്ധൻ ക്ഷയം കാണുന്നതിനു നീ ഇടയാക്കിയുമില്ല. ആയുസ്സിലേക്കുള്ള നിന്റെ വഴി എനിക്കു കാണിച്ചുതന്നു. നിന്റെ മുഖത്തിന്റെ സന്തോഷംകൊണ്ടു നീ എന്നെ നിറച്ചു. നിന്റെ വലത്തുകൈയിൽ അവസാനമില്ലാത്ത ആനന്ദവും ഉണ്ടായിരിക്കുന്നു."(5)

"കത്താവു എന്നോടു പറഞ്ഞു: നീ എന്റെ പുത്രനാകുന്നു. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു. എന്നോടു ചോദിക്കുക. പുറജാതികളെ നിന്റെ അവകാശമായിട്ടും, ഭൂമിയുടെ അതിരുകളെ നിനക്കധീനമായിട്ടും നിനക്കു ഞാൻ തരാം. ഇരുമ്പുവടികൊണ്ടു നീ അവരെ ഭരിക്കും."(6) "സൂര്യന്റെമേൽ അവൻ തന്റെ കൂടാരം അടിച്ചു. മണവറയിൽനിന്നു പുറപ്പെടുന്ന മണവാളനെപ്പോലെ, തന്റെ ഓട്ടം ഓടുന്ന ബലവാനുതുല്യം, അവൻ ആഹ്ലാദിക്കും."(7)

"ദൈവം എഴുന്നേൽക്കും. അവന്റെ ശത്രുക്കളെല്ലാം ചിതറിക്കപ്പെടും. അവനെ പകയ്ക്കുന്നവർ അവന്റെ മുൻപിൽനിന്നു് ഓടിയൊളിക്കും. പുകയില്ലാതാകുന്നതുപോലെ അവരും ഇല്ലാതാകും. തീയുടെ മുൻപാകെ മെഴുകു ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവത്തിന്റെ മുൻപാകെ നശിക്കും. നീതിമാന്മാർ സന്തോഷിക്കും. ദൈവത്തിന്റെ മുൻപാകെ അവർ ശക്തിപ്രാപിക്കും. അവന്റെ ആനന്ദത്തിൽ അവർ സന്തോഷിക്കും."(8)

പുനരുത്ഥാനംചെയ്ത ക്രിസ്തു സ്വർഗ്ഗത്തിലേക്കു എഴുന്നെള്ളുകയും പിതാവിന്റെ വലത്തുഭാഗത്തു വാഴുകയും ചെയ്യും: "സൈന്യത്തിന്റെ പതിനായിരങ്ങളോടും ആയിരങ്ങളോടുംകൂടെ ദൈവം സവാരിചെയ്തു...അവൻ ഉന്നതത്തിലേക്കു കരേറി, അടിമത്തത്തെ കീഴടക്കി. മനുഷ്യർക്കു ദാനങ്ങളെ നൽകി. മത്സരക്കാർ ദൈവമുൻപാകെ വസിക്കുകയില്ല. നമ്മെ തന്റെ അവകാശമായി തിരഞ്ഞെടുത്ത കത്താവു എന്നാളും വാഴ്ത്തപ്പെട്ടവനാകുന്നു."(1)

"നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമായി വെക്കുംവരെ നീ എന്റെ വലത്തുഭാഗത്തു ഇരിക്ക എന്നു കത്താവു എന്റെ കത്താവിനോടു പറഞ്ഞു...നീ മെല്ക്കിസദെക്കിന്റെ സാദൃശത്തിൽ എന്നേക്കും പുരോഹിതനാകുന്നു എന്നു കത്താവു ആണയിട്ടുപറഞ്ഞു. അവൻ വ്യാജം പറയുകയില്ല. കത്താവു നിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു."(2) "അവന്റെ കരുണ നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു. സത്യമായിട്ടു് അവൻ എന്നേക്കും കത്താവായിരിക്കുന്നു."(3) "എല്ലാ മാംസവും പുല്ലാകുന്നു; മാംസത്തിന്റെ എല്ലാ മഹത്വങ്ങളും വയലിലെ പൂക്കൾ പോലെയും....പുല്ലു് ഉണങ്ങിപ്പോകയും പൂക്കൾ പൊഴിയുകയുംചെയ്തു. എന്നാൽ നമ്മുടെ കത്താവിന്റെ വചനം എന്നന്നേക്കും ജീവിക്കുന്നു."(4)

രക്ഷകൻ സ്വർഗ്ഗാരോഹണം ചെയ്തുകഴിയുമ്പോൾ അവിടുന്നു പരിശുദ്ധാത്മാവിനെ അയക്കുന്നതാണു്: "ഇതിനുശേഷം,എല്ലാവരുടെമേലും ഞാൻ എന്റെ ആത്മാവിനെ ചൊരിയും. നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; നിങ്ങളുടെ യുവാക്കന്മാർ ദർശനങ്ങളും കാണും."(5) "ഞാൻ എന്റെ ആത്മാവിനെ നിന്റെ സന്തതികളുടെമേലും എന്റെ അനുഗ്രഹത്തെ നിന്റെ വംശത്തിന്മേലും ചൊരിയും,"(6)

"എന്തെന്നാൽ എന്റെ രക്ഷകൻ ജീവിക്കുന്നുവെന്നും അവസാനദിവസം ഭൂമിയിൽനിന്നു ഞാൻ ഉയിർക്കുമെന്നും ഞാൻ അറിയുന്നു."(7)

ഇങ്ങനെ വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷകനെപ്പററി വിശദമായ വിവരങ്ങൾ, ഒരു കണ്ണാടിയിലെന്നതുപോലെ, പ്രവചനദ്വാരാ യഹൂദജനാവലി മനസ്സിലാക്കിയിരുന്നു. അവിടുത്തെ ജീവിതത്തിന്റെ സകല വിശദാംശങ്ങളും അവക്കു സുജ്ഞാതമായിരുന്നു. പൗരസ്ത്യദിക്കിൽനിന്നു വന്ന വിജ്ഞാനികൾക്കു ക്രിസ്തുവിന്റെ ജനനസ്ഥലം ക്ലിപ്തമായി പറഞ്ഞുകൊടുക്കുവാൻ യഹൂദപുരോഹിതന്മാക്കു സാധിച്ചതും, സ്നാപകയോഹന്നാൻ, വൃദ്ധനായ ശിമയോൻ, വിധവയായ അന്ന, ശമരിയാക്കാരി സ്ത്രീ മുതലായവക്കു ക്രിസ്തുവിനെപ്പററി സംസാരിക്കുവാൻ കഴിഞ്ഞതും ഈ അറിവുനിമിത്തമാണു്. തന്റെ മരണത്തിനുമുൻപു് "സകലതും നിറവേറി" എന്നു ക്രിസ്തുവിനു പറയുവാൻ സാധിക്കത്തക്കവണ്ണം, അവിടുത്തെപ്പററി ഉണ്ടായിരുന്ന പ്രവചനങ്ങളെല്ലാം അവിടുത്തെ ജീവിതത്തിൽ നിറവേറുകയുംചെയ്തു.

(1) ഏശയ്യാ XIII, 10
(2) എസക്യേൽ 32: 7
(3) ജോയേൽ II 10; III 15
(4) സങ്കീ: XI, 10
(5) സങ്കീ: XV, 10, 11
(6) സങ്കീ: II, 7-9
(7) സങ്കീ: 18: 6
(8) സങ്കീ: 67: 1-3

(1) സങ്കീ: 67: 18-20
(2) സങ്കീ: 109: 1, 4, 5
(3) സങ്കീ: 116: 2
(4) ഏശയ്യാ 40: 6, 8
(5) ജോയേൽ II 28
(6) ഏശയ്യാ 44: 3
(7) ജോബ് 19: 25

വിമർശനവീഥി

# കമ്മ്യൂണിസവും സ്വകാര്യഉടമയും

(ജെ. കഞ്ഞാംപ്പറമ്പിൽ എസ്. ജെ.)

"സ്വകാര്യഉടമയെ നശിപ്പിക്കുക" എന്നൊരു വാക്യത്തിൽ കമ്മ്യൂണിസത്തെ സംഗ്രഹിക്കാമെന്ന് മാർക്സ് പറയുന്നു. മുതലാളിമാർ അവരുടെ ധനം സമ്പാദിച്ചത് അന്യായമാർഗ്ഗങ്ങളിൽക്കൂടിയാണ്. അവർ തൊഴിലാളികൾക്കു ഒരിക്കലും ന്യായമായ കൂലി കൊടുത്തിരുന്നില്ല. ഇപ്രകാരം മുതലാളിമാർ തൊഴിലാളികളെ വഞ്ചിച്ച് അവർക്കു ചെല്ലേണ്ട പണം തങ്ങളുടെ മൂലധനമായി നിക്ഷേപിച്ചു. ഈ മൂലധനം വർദ്ധിപ്പിക്കുന്നതിനായി അവർ വീണ്ടും അന്യായമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. തൽഫലമായി മുതലാളിമാരുടെ ജീവിതസുഖസൗകര്യങ്ങളും തൊഴിലാളികളുടെ ദുഃഖദുരിതങ്ങളും ദിവസേന വർദ്ധിച്ചുവരുന്നു. സാധുക്കളെ ഈ പരിതഃസ്ഥിതിയിൽനിന്നു രക്ഷിച്ച് ലോകത്തിന്റെ ആകപ്പാടെയുള്ള സാമ്പത്തികസ്ഥിതി ഉയർത്തുവാൻ സ്വകാര്യമൂലധനം തകർന്നേതീരു. അതിനാൽ സ്വകാര്യമൂലധനവ്യവസായവ്യവസ്ഥിതിയാണ് ഇന്നു ലോകത്തിൽ കാണുന്ന അസ്വസ്ഥതയ്ക്കെല്ലാം കാരണമെന്നും, ചൂഷണവർഗ്ഗക്കാരായ മുതലാളിമാരുടെ ധനം കവർന്നെടുത്ത് ദേശവൽക്കരിക്കണമെന്നും, മേലിൽ സ്വകാര്യസ്വത്തുടമസ്ഥക്കുപകരം പൊതുസ്വത്തുടമ സ്ഥാപിക്കണമെന്നും മാർക്സ് പഠിപ്പിക്കുന്നു.

ഈ കമ്മ്യൂണിസ്റ്റാദർശപ്രകാരം റഷ്യയിലെ കൃഷിസ്ഥലങ്ങളും വ്യവസായശാലകളും ദേശവൽക്കരിക്കുകയാണു ചെയ്തിട്ടുള്ളത്. ഇന്നു റഷ്യയിൽ ആർക്കും സ്വകാര്യസ്വത്തു വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. സകല സ്വത്തുക്കളുടേയും ഉല്പാദനവ്യവസായങ്ങളുടേയും ഉടമസ്ഥതയും നടത്തിപ്പും സോവിയറ്റ് രാഷ്ട്രത്തിനുമാത്രമാണ്. കാർഷികഭൂമി ദേശവൽക്കരിച്ചതിനെതിരായിനിന്ന അനേകായിരം കൃഷിക്കാരെ നിർദ്ദയം കൊല്ലുകയോ സൈബീരിയൻ പ്രദേശങ്ങളിലേക്കു കഠിനതടവിനു അയക്കുകയോ ആണു ചെയ്തത്! റഷ്യൻരാഷ്ട്രം ഇന്നു ലോകത്തിലെ ഏറ്റവും വലിയ മുതലാളിയായിരിക്കുന്നു. അതിലെ പൗരന്മാർ—സ്ത്രീപുരുഷവ്യത്യാസമില്ലാതെ ആബാലവൃദ്ധം—രാഷ്ട്രത്തിനുവേണ്ടി നിർബന്ധകൂലിവേല ചെയ്യുന്ന വെറും തൊഴിലാളികളായി മാറിയിരിക്കുന്നു. മാർക്സ് മുതലാളിമാരിൽ ആരോപിച്ച എല്ലാ കുറ്റങ്ങളും ഇന്നു ഈ മുതലാളിയിലും കാണാം. അവിടത്തെ തൊഴിലാളികളുടെ സാമ്പത്തികസ്ഥിതിക്കു പോലും ഈ അടുത്തകാലംവരെ യാതൊരുയർച്ചയുമുണ്ടായിട്ടില്ല. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് അവരുടെ സ്ഥിതി വളരെ ശോചനീയംതന്നെ. എല്ലാവിധ സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് ശരിയായ പ്രതിഫലംപോലും കിട്ടാതെ രാഷ്ട്രത്തിനുവേണ്ടി എല്ലുമുറിയെ ജോലിചെയ്ത് കക്ഷിത്തലവന്മാരേയും രാഷ്ട്രാധികാരികളേയും എപ്പോഴും ഭയന്നു ജീവിക്കുന്ന ഒരുവനാണ് ഇന്നത്തെ റഷ്യൻ പൗരൻ!

മനുഷ്യനു ജീവിച്ചുവളരുവാൻ അവകാശമുള്ളതുപോലെ സ്വകാര്യഉടമയ്ക്കും അവകാശമുണ്ട്. സ്വകാര്യസ്വത്തുണ്ടെങ്കിലേ മനുഷ്യനു പൂർണ്ണവളർച്ച പ്രാപിക്കുവാനും തന്റെ കടമകൾ ശരിയായി നിർവ്വഹിക്കുവാനും സാധിക്കുകയുള്ളു. സ്വകാര്യഉടമമൂലം നിയമവിരുദ്ധമല്ലാത്ത എല്ലാവിധ വസ്തുക്കളും നമ്മുടെ സ്വന്തമാക്കുവാനും അവയെ ഉപയോഗപ്പെടുത്തുവാനും വേണ്ടിവന്നാൽ അന്യർക്കു കൊടുക്കുവാനുമുള്ള പൂർണ്ണാധികാരം നമുക്കു ലഭിക്കുന്നു. സ്വകാര്യഉടമ മനുഷ്യനു സ്വാഭാവികമാണ്; അതു മനുഷ്യസ്വാതന്ത്ര്യത്തിനു അത്യന്താപേക്ഷിതമാണ്. ബെല്ലക്ക് പറയുന്നു: "സ്വകാര്യഉടമയുടെ നിഷേധം മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്; എന്നു സ്വകാര്യസ്വത്തു നശിപ്പിക്കുന്നുവോ അന്നു നാം അടിമത്തത്തിലേക്കു കാലൂന്നുന്നു."

മനുഷ്യനു സ്വകാര്യഉടമ അത്യാവശ്യമാണെന്നു പല കാരണങ്ങൾകൊണ്ടു തെളിയിക്കാം. ഒരു കുടുംബത്തലവനെന്ന നിലയിൽ മനുഷ്യൻ തന്റെ കുടുംബാവശ്യങ്ങൾ നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നു. ആദായകരമായ സ്വകാര്യസ്വത്തില്ലെങ്കിൽ കുടുംബാംഗങ്ങൾക്കുവേണ്ട ഭക്ഷണസാധനങ്ങൾ വസ്ത്രം മുതലായവ സമ്പാദിക്കാനോ കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം കൊടുക്കാനോ സാധിക്കുകയില്ല. ബുദ്ധിജീവികളായ നാം നമ്മുടെ ഭാവിയെക്കുറിച്ച് മുൻകരുതലുള്ളവരായിരിക്കണം. ജോലിചെയ്യുവാൻ സാധിക്കാതെ സുഖക്കേടായി കിടക്കുമ്പോൾ നമുക്കുള്ള പ്രധാനസഹായം നാം സമ്പാദിച്ച സ്വത്തായിരിക്കും. കൂടാതെ പിതാവ് തന്റെ പുത്രന്മാരുടെ ഭാവിശ്രേയസ്സിനെ കാംക്ഷിച്ച് അതിനായി ശ്രമിക്കുകയെന്നതു സ്വാഭാവികമാണ്. ഇപ്രകാരം ഒരു പിതാവ് തന്റെ കുടുംബത്തെ നിലനിറുത്തുന്നതിനും തന്റെ പിൻഗാമികളായ പുത്രന്മാർ ഭാവിയിൽ വലിയ ബുദ്ധിമുട്ടു കൂടാതെ ജീവിക്കുന്നതിനും പര്യാപ്തമായ വസ്തുവകകൾ സമ്പാദിക്കുന്നതു അഭിമാനകരമായ ഒരു കൃത്യമാണ്.

തന്റെ സ്വന്തം ശ്രമത്താൽ ധനം സമ്പാദിക്കണമെന്ന ആഗ്രഹം എല്ലാ മനുഷ്യർക്കുമുണ്ട്. അവന്റെ അദ്ധ്വാനത്തിന്റെ ഫലമായി സമ്പാദിക്കുന്ന ധനം അവൻ കൂടുതൽ ആദായപ്രദമായ മാർഗ്ഗങ്ങളിൽ വിനിയോഗിക്കുന്നു. അതിനാൽ സ്വകാര്യഉടമ കൂടുതൽ ജോലി ചെയ്യുന്നതിനു പ്രേരണയും ഉന്മേഷവും നൽകുന്നു. ആധുനികകാലത്തെ പലവിധ കണ്ടുപിടിത്തങ്ങൾക്കും സാമ്പത്തികവും ശാസ്ത്രീയവുമായ പുരോഗമനത്തിനും കാരണം സ്വകാര്യസ്വത്തുടമയാണ്. അതുകൊണ്ടു സ്വകാര്യസ്വത്തു നശിക്കുന്നതോടുകൂടി ജോലിചെയ്യുന്നതിനുള്ള പ്രേരണയും ഉത്സാഹവും നശിക്കുന്നു. തനിക്കു ശരിയായ പ്രതിഫലം കിട്ടുകയില്ലെന്നും താൻ സമ്പാദിക്കുന്ന ധനം തന്റെ സ്വന്തമായി വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുകയില്ലെന്നും അറിയുന്ന മനുഷ്യൻ തന്റെ ജോലിയിൽ യാതൊരു തീക്ഷ്ണതയും കാണിക്കുകയില്ലെന്നു മാത്രമല്ല മടിയനും അലസനുമായിത്തീരുകയും ചെയ്യും.

നീതിയും സമാധാനവും സമുദായത്തിൽ നിലനില്ക്കുവാൻ സ്വകാര്യഉടമ ആവശ്യമാണ്. ദൈവം മനുഷ്യകുലത്തിനു തന്നിട്ടുള്ള ഈ ഭൂമി വേണ്ടവിധം വിഭജിച്ച് ഓരോരുത്തരുടേയും മേൽനോട്ടത്തിനു ഏല്പിക്കുന്നതുമൂലം ഉല്പാദനം ത്വരിതപ്പെടുകയും അനാവശ്യമായ കുഴപ്പങ്ങളും വഴക്കുകളും ഇല്ലാതാവുകയുംചെയ്യും. ഒരുവൻ മറ്റൊരുവനെ ഭയപ്പെടാതെ തന്റെ തോട്ടത്തിൽ സ്വൈര്യമായും സമാധാനമായും ജോലിചെയ്യുന്നതിനും സ്വകാര്യഉടമ സഹായിക്കുന്നു. ഭൂമി മുഴുവൻ എല്ലാവരുടേയും സ്വന്തമാകുന്നതോടുകൂടി ഈ ഗുണങ്ങൾ അന്തരിക്കും. പ്ലേറ്റോ പറയുന്നതുപോലെ "എല്ലാവരുടേയും വസ്തുക്കൾ ആരുടേയും വസ്തുവായിരിക്കുകയില്ല." പൊതുസ്ഥലങ്ങൾ ഒരുത്തരും അത്ര കാര്യമായി ഗണിക്കുകയില്ല; അതിൽ ജോലിചെയ്യുന്നതിൽ യാതൊരു തീക്ഷ്ണതയും കാണിക്കുകയുമില്ല. അതിനാൽ പൊതുഉടമ ഉല്പാദനത്തിനു മാത്രമല്ല ഓരോ പൗരന്മാരുടെ നന്മയ്ക്കും പൊതുനന്മയ്ക്കും ഹാനികരമായി ഭവിക്കുന്നു.

നമ്മുടെ സ്വകാര്യസ്വത്തിന്മേൽ പൂർണ്ണാധികാരം നമുക്കുണ്ടെങ്കിലും അതിനെ ദുരുപയോഗിക്കാതെ പൊതുനന്മയ്ക്കുതകുംവിധം ഉപയോഗിക്കണം. ഫുൾട്ടൻഷീനിന്റെ വാക്കിൽ, "സ്വകാര്യസ്വത്ത് ഒരുവന്റെ സ്വന്തമാണ്; എന്നാൽ ആ സ്വത്തിന്റെ ഉപയോഗം സാമുദായികമാണ്." അതായത് നമ്മുടെ ധനം സമുദായത്തിനു ഹാനികരമായ വിധം ഉപയോഗിക്കുവാൻ പാടില്ല. ഈ വിഷയത്തിലാണു മുതലാളിമാർക്കു പലപ്പോഴും തെറ്റു വന്നിട്ടുള്ളത്. അവരുടെ സ്വാർത്ഥതല്പരതയും അമിതധനമോഹവും സമുദായത്തിന്റെ നന്മയ്ക്കു, പ്രത്യേകിച്ച്, സാധുക്കളായ തൊഴിലാളികളുടെ നന്മയ്ക്കു ഹാനികരമായി ഭവിച്ചിട്ടുണ്ട്. ഈ തിന്മ പരിഹരിക്കുകതന്നെവേണം. മാത്രമല്ല നിർദ്ധനരായ സാധുക്കളെ സഹായിക്കുകയെന്നതു ധനവാന്മാരുടെ കടമയാണ്. അതിനാൽ അവർ തങ്ങളുടെ ധനം അനാവശ്യകാര്യങ്ങൾക്കായി ചെലവുചെയ്യാതെ അതുപയോഗിച്ച് സാധുക്കളുടെ സാമ്പത്തികസ്ഥിതി ഉയർത്തണം.

മനുഷ്യനു സ്വകാര്യസ്വത്തിനവകാശമുണ്ടെന്നു പറയുന്നതിൽനിന്നു അതിനു യാതൊരതിരുമില്ലെന്നർത്ഥമാകുന്നില്ല. എല്ലാ മനുഷ്യർക്കും ജീവിക്കാൻ വേണ്ടിയാണ് ദൈവം ഈ ഭൂമി തന്നിട്ടുള്ളത്. അതിനാൽ ഒരു രാജ്യത്തിലെ കൃഷിസ്ഥലങ്ങൾ ചുരുക്കം ചിലർ മാത്രം വച്ചുകൊണ്ടിരുന്നു ശേഷമുള്ളവർ ആഹാരത്തിനുപോലും വകയില്ലാതെ ബുദ്ധിമുട്ടുന്ന സന്ദർഭങ്ങളിൽ ഗവർമ്മെന്റ് ന്യായമായ നിയമങ്ങൾമൂലം ധനവാന്മാരുടെ അമിതധനമോഹത്തെ അമർത്തി സാധുക്കളുടെ സഹായത്തിനുവരണം. രാജ്യത്തിലെ ഉല്പാദനവിഭവങ്ങൾ പൊതുനന്മയ്ക്കുതകുന്നവിധം വിതരണം ചെയ്യുവാൻ ഗവർമ്മെന്റു ശ്രമിക്കണം. ഈ ലക്ഷ്യസാദ്ധ്യത്തിനു ഏറ്റവും പര്യാപ്തമായ മാർഗ്ഗം സ്വകാര്യസ്വത്തിന്റെ വ്യാപകമായ വിതരണമാണ്. മുതലാളിത്തത്തേയും കമ്മ്യൂണിസത്തേയും തടയുന്നതിനുള്ള ഉത്തമമാർഗ്ഗവും ഇതുതന്നെ. മനുഷ്യൻ തന്റെ സ്വത്തിൽ അഭിമാനംകൊള്ളുകയും അതിൽ സന്തോഷത്തോടും ഉത്സാഹത്തോടും ജോലിചെയ്ത് ആ സ്വത്തു വർദ്ധിപ്പിക്കാൻ എപ്പോഴും ശ്രമിക്കുകയും ചെയ്യുന്നു. ഇതു പൊതുസ്വത്തിന്റെ വർദ്ധനവിനും കാരണമാകും. ധനികനും ദരിദ്രനും തമ്മിലുള്ള സാമ്പത്തികവിടവ് നീകത്തുന്നതിനും, എല്ലാവിധ വിപ്ലവങ്ങളും തടയുന്നതിനും, സന്തോഷവും സമാധാനവും ഐശ്വര്യവും രാഷ്ട്രത്തിൽ നിലനിത്തുന്നതിനും സ്വകാര്യസ്വത്തിന്റെ വ്യാപകമായ വിതരണം അത്യാവശ്യമാണ്.

ഒരെണ്ണയും പിടിക്കാത്തവക്കു.
നീരിറക്കം. എണ്ടൽ. താരൻ. മൊരിച്ചുണങ്ങ്. പല്ലുവേദന. പുഴുക്കടി. എന്നിവക്കും.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.

പ്രഥമ
ചരമവാർഷികം
ആക്കനത്തു
റപ്പേൽ ഭാര്യ മറിയം
നായരമ്പലം
മരണം 31-8-1954
ദയാപരനായ ഈശോ, ഈയാളുടെ ആത്മാവിനു നിത്യശാന്തി കൊടുത്തരുളണമെ
R. I. P.

(12-ാംപേജ് തുടർച്ച)

വക്കച്ചൻ സമീപംചെന്നു കാരണം ആരാഞ്ഞു. അവൾ ഗൽഗദത്തോടെ സംഗതി അവനെ ധരിപ്പിച്ചു. ആ കുട്ടിയുടെ കൈയിൽനിന്നും നെല്ലിക്കാ തിരിച്ചെടുക്കുവാൻ ആ കുട്ടിയുമായി അവൻ പിടിയിട്ടു. ഇതു അദ്ധ്യാപകന്റെ കണ്ണിൽപ്പെട്ടു. ചൂടുള്ള രണ്ടടി അവന്റെ തുടയിൽ പതിച്ചു. എങ്കിലും നെല്ലിക്കാ തിരികെ ലഭിച്ചു. ഇങ്ങനെ പല സംഗതികളിലും അവൻ അച്ചാമ്മയെപ്രതി വെറുതെ അദ്ധ്യാപകനിൽനിന്നു ശിക്ഷയേറ്റിട്ടുണ്ട്. അതിൽ അവനു ദുഃഖമില്ല, സന്തോഷമേയുള്ളു.

കാലചക്രം അതിവേഗത്തിൽ തന്നെ കറങ്ങിക്കൊണ്ടിരുന്നു. അതോടുകൂടി അച്ചാമ്മയുടേയും വക്കച്ചന്റെയും പ്രൈമറിസ്കൂൾ ജീവിതവും പൂർത്തിയായി.

പ്രൈമറിസ്കൂൾപഠനം തീർന്നതോടെ വക്കച്ചനെ അവന്റെ ഇച്ചായൻ വന്നു വീട്ടിലേക്കു കൊണ്ടുപോയി. ഇനി പഠിക്കുവാൻ വീട്ടിൽ നിന്നാൽ മതിയല്ലോ. ദൂരമുണ്ടെങ്കിലും നടക്കുവാനും മറ്റും പ്രായമായില്ലേ! എന്നാണ് അവന്റെ ഇച്ചായൻ വല്യപ്പനോടും വല്യമ്മയോടും പറഞ്ഞത്.

അവൻ അച്ചാമ്മയോട് യാത്ര പറഞ്ഞപ്പോൾ അവൻ അറിയാതെതന്നെ ഒന്നു രണ്ടു തുള്ളി കണ്ണുനീർ അടർന്നുവീണു. "ഇനി വക്കച്ചൻ ഇങ്ങോട്ടും മറ്റും എന്നു വരും?" അവൾ ചോദിച്ചു.

"അമ്മച്ചിയോ, ഇച്ചായനോ വരുമ്പം കൂടെ വരും." അവർ പിരിഞ്ഞു. നിറഞ്ഞ കണ്ണുകളോടെ അവൾ നോക്കിനിന്നു.

x x x

കാലം അതിവേഗത്തിൽ കടന്നുപോയി. അച്ചാമ്മ ഇന്നു രണ്ടു കുട്ടികളുടെ മാതാവാണ്. അഞ്ചു വയസ്സുള്ള ബേബിയും, രണ്ടു വയസ്സായ സോഫിയും. സൗഭാഗ്യകരമായ ഒരു ദാമ്പത്യജീവിതം.

വക്കച്ചൻ ഇന്നൊരു പ്രൈമറിസ്കൂൾ അദ്ധ്യാപകൻ. വീട്ടിൽനിന്നും മിക്കവാറും വിദൂരത്തിലുള്ള സ്കൂളിലാണ് ജോലി കിട്ടാറുള്ളത്.

"നമ്മുടെ ബേബിച്ചനെ പഠിപ്പിക്കാൻ ഒരു സാറിനെ ഇരുത്തിയാലോ. അവൻ ഒരു വക പഠിക്കത്തില്ല. ഞാൻ പറഞ്ഞാലൊട്ടനുസരിക്കത്തുമില്ല..." അച്ചാമ്മ ഒരു ദിവസം ഭർത്താവായ മാത്തച്ചനോടു പറഞ്ഞു.

"ആട്ടെ സ്കൂളിൽ പുതിയ ഒരദ്ധ്യാപകൻ വന്നു എന്നു കേട്ടു. ഒന്നന്വേഷിക്കാം" ഭർത്താവിന്റെ മറുപടി.

വറുഗീസ്മാസ്റ്റർ ആ സ്കൂളിൽ സ്ഥലംമാറിവന്നിട്ട് ദിവസംരണ്ടു മൂന്നേ ആയുള്ളു. മറ്റൊരു അദ്ധ്യാപകന്റെകൂടെയാണിപ്പോൾ തല്ക്കാലം താമസിച്ചുകൊണ്ടിരിക്കുന്നത്.

മാത്തച്ചൻസ്കൂളിലേക്കു കയറിച്ചെന്നപ്പോൾ തന്നെ ഹെഡ്മാസ്റ്റർ സന്തോഷത്തോടെ ക്ഷണിച്ച് കസേരയിലിരുത്തി.

"എന്താ മാത്തച്ചാ, വന്നത്? നമ്മുടെ ബേബിച്ചന്റെ കാര്യമൊക്കെ അന്വേഷിക്കാനായിരിക്കും. അവൻ പഠനത്തിനു വളരെ പിന്നോക്കമാണ്. സ്വഭാവത്തിൽ തകരാറൊന്നുമില്ല." ഹെഡ്മാസ്റ്റർ മാത്തച്ചന്റെ മകനെപ്പറ്റി ചില വിവരങ്ങൾ അറിയിച്ചു.

"അതെ, അവൻ പഠനത്തിനു വളരെ മോശമാണെന്നറിഞ്ഞു. അവനു റ്റ്യൂഷൻ കൊടുക്കാനൊരദ്ധ്യാപകനെ കിട്ടിയാൽ കൊള്ളാമെന്നുണ്ട്. പുതുതായി ഇവിടെ ഒരദ്ധ്യാപകൻ വന്നു എന്നു കേട്ടല്ലോ?..."

"അതെ, അതു ഈ വർഗീസ് സാറാണ്..." ഹെഡ്മാസ്റ്റർ വർഗീസുസാറിനെ പരിചയപ്പെടുത്തി. "വേണമെങ്കിൽ നമ്മുടെ ബേബിയെ പഠിപ്പിക്കുവാൻ...."

"അതെ അതിനുവേണ്ടിയാണു ഞാൻ വന്നതുതന്നെ... ക്ലാസ്സു വിടാറായല്ലോ. സാർ നമുക്കിപ്പോൾ തന്നെ വീട്ടിലേക്കു ഒന്നു പോകാം." മാത്തച്ചൻ ഇടയ്ക്കു കയറി പറഞ്ഞു.

മാത്തച്ചൻ വർഗീസ് മാസ്റ്ററോടുകൂടിയാണ് വീട്ടിലേക്കു ചെന്നത്. "നമ്മുടെ ബേബിയെ പഠിപ്പിക്കാൻ ഇതാ നമുക്കൊരാളെ കിട്ടിയിരിക്കുന്നു..." എന്നു പറഞ്ഞുകൊണ്ടു മാത്തച്ചൻ മുറിയിലേക്കു പ്രവേശിച്ചു. അടുക്കളയിൽ കാപ്പി തയ്യാറാക്കിക്കൊണ്ടിരുന്ന അച്ചാമ്മ പുറത്തേക്കു വന്നു.

വർഗീസ് മാസ്റ്ററെ കണ്ടപ്പോൾ അച്ചാമ്മ അത്ഭുതപ്പെട്ടുപോയി.

"വക്കച്ചാ..." അച്ചാമ്മയുടെ അത്ഭുതത്തിനിടയിൽ കണ്ഠത്തിൽനിന്നും അറിയാതെ വന്നുപോയി.

"ചെറുപ്പത്തിൽ എനിക്കു കണക്കും പകത്തും എഴുതിത്തന്നതും മറ്റും ഓർക്കുന്നുണ്ടോ? ഇന്നു മകനെയും പഠിപ്പിക്കേണ്ടതായി വന്നിരിക്കുന്നല്ലോ?" ഒരു ചിരിയോടുകൂടിയാണാ സംഭാഷണം അച്ചാമ്മ നിർത്തിയത്.

"എന്താ, വർഗീസ് മാസ്റ്ററെ നേരത്തെ പരിചയമാണോ?" മാത്തച്ചൻ ചോദിച്ചു.

"ആഹാ, ഞങ്ങൾ സഹപാഠികളല്ലായിരുന്നോ?"

അച്ചാമ്മ ആത്മാഭിമാനത്തോടുകൂടിയാണ് ഭർത്താവിനോട് അതു പറഞ്ഞത്.

വർഗീസ് മാസ്റ്റർ അല്പം ഒന്നു പുഞ്ചിരിക്കമാത്രം ചെയ്തു.

"എന്നാൽ കാപ്പി കൊണ്ടുവരാം വക്കച്ച...ഓ, ഞാൻ മറന്നുപോകുന്നു. സാറാണല്ലോ... കാപ്പി കൊണ്ടുവരാം സാറെ..." കിലുകിലെയുള്ള അച്ചാമ്മയുടെ ചിരി അവർ അടുക്കളയിൽ ചെന്നപ്പോഴും നിലച്ചിരുന്നില്ല.

—o—

Reg. M. No. 2293

# Sathya Deepam

Vol. 29 Ernakulam, August 31, 1955 No. 4

"ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്കു് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഡോമിനിയിൽ എവിടെയും മതബോധം മുന്നിട്ടുനിന്നിരുന്നു. ഇതാണു് ഒരു നല്ല കുട്ടിയുടെ ലക്ഷണം; ഒരു പുണ്യവാനോ പുണ്യവതിയോ ആകുന്നതിനുള്ള പ്രാരംഭം. ദൈവത്തെപ്പററിയുള്ള ഓമ്മ; ദൈവത്തെപ്പററി കൂടുതൽ കൂടുതൽ അറിയുന്നതിനുള്ള ആഗ്രഹം; ദൈവത്തെ അധികമധികം സ്നേഹിക്കുന്നതിനും, അവിടുത്തെ ഇഷ്ടം എല്ലാ കാര്യത്തിലും നിറവേററുന്നതിനുമുള്ള ഉത്സാഹം. ഈ ഗുണങ്ങളാണു് വേദപാഠം പഠിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പള്ളിയിൽ പോകുന്നതിനും മററുള്ളവരെ ഉപദേശിച്ചുകൊണ്ടു പോകുന്നതിനും ഡോമിനിയെ പ്രേരിപ്പിച്ചുകൊണ്ടിരുന്നതു്. നിങ്ങളും ഇതനുകരിക്കുമോ?

വല്യേട്ടൻ.




## 36-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ചെറുകഥ

### പ്രശ്നം നമ്പ്ര് 37

(കെ. പി. ഫ്റാൻസീസ്, തൃശ്ശൂർ)

ചുരുക്കം പേരൊഴിച്ചാൽ എല്ലാവർക്കും എന്നെ ഭയമാണു്. എന്റെ പിടിയിൽ പെടരുതെന്നാണു് ആഗ്രഹം. പക്ഷെ ഞാൻ ഒരു കുഞ്ഞിനേയും ഒരിക്കൽ പിടികൂടാതെ വിടുകയില്ല. എന്റെ പേരിനു മൂന്നക്ഷരം മാത്രം. ഒന്നാമത്തെ അക്ഷരം സമയത്തിലുണ്ടു്, ദിവസത്തിലില്ല; രണ്ടാമത്തെ അക്ഷരം ഞരമ്പിലുണ്ടു്, നാഡിയിലില്ല; മൂന്നാമത്തെ അക്ഷരം മണത്തിലുണ്ടു്, നിറത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## കളിത്തോഴർ

(തോമസ് ടി. വി. പൂവത്തോട്)

"അച്ചാമ്മേ...അച്ചാ...മ്മേ.."

"ഓ... അവിടെനില്ല്...ഇതാ വന്നുകഴിഞ്ഞു."

അല്പസമയത്തിനുള്ളിൽ അച്ചാമ്മ ഒരു കൈയിൽ അടുക്കിപ്പിടിച്ച പുസ്തകവും സ്ലേററും, മറുകൈയിൽ കുറെ നെല്ലിക്കായും ഒരു കടലാസുപൊതിയുമായി വഴിയിലേക്കിറങ്ങിവന്നു.

വന്നപാടെ അവളെ പ്രതീക്ഷിച്ചുനിൽക്കുന്ന വക്കച്ചന്റെ കൈകളിൽ അവൾ രണ്ടു നെല്ലിക്കാ വച്ചുകൊടുത്തു.

"ഇതെവിടെനിന്നു കിട്ടി അച്ചാമ്മയ്ക്കു്?"

"ഏലിക്കുട്ടിനാത്തൂൻ വീട്ടിൽ പോയേച്ചും വന്നപ്പം കൊണ്ടുവന്നതന്നതാ."

"ആ കൈയിൽ കടലാസിൽ പൊതിഞ്ഞുപിടിച്ചിരിക്കുന്നതെന്നതാ..." അച്ചാമ്മയുടെ കൈയിൽ ഇരുന്ന മിഠായിപ്പൊതിയും അവൻ കണ്ടുപിടിച്ചു.

"അതൊരു സൂത്രമാ...ഇതു നോക്കിക്കേ" അവൾ മിഠായി അവനെ കാണിച്ചു. "ഇന്നാ വക്കച്ചാ" അവൾ മിഠായി അവന്റെനേക്കു നീട്ടി. അവൻ അതു അപ്പാടെ വായിലിട്ടു.

"ഇതും നാത്തൂൻ കൊണ്ടുവന്നതാണോ?" അവൻ ആരാഞ്ഞു.

"ഉം..." അവൾ ഒരു മിഠായി വായിലിട്ടുകൊണ്ടാണു് മൂളിയതു്.

വത്തമാനങ്ങൾ പറഞ്ഞു തീരുന്നതിനു മുമ്പേതന്നെ അവർ സ്കൂളിലെത്തിക്കഴിഞ്ഞു.

അച്ചാമ്മയും വക്കച്ചനും. അവർ മൂന്നാംക്ലാസിൽ പഠിക്കുകയാണു്. സ്കൂൾവർഷാരംഭത്തോടുകൂടിയാണു് അവർ കൂട്ടുകാരായിത്തീന്നതു്. വക്കച്ചന്റെ അമ്മവീട്ടിലാണു് അവൻ താമസിക്കുന്നതു്, അവന്റെ വീടിനടുത്തു സ്കൂളില്ലാത്തതിനാൽ. അവന്റെ വല്യമ്മയ്ക്കും, വല്യപ്പനും, എല്ലാവക്കും അവനെ വലിയ കാര്യമാണു്. അവരുടെ ഏററവും അടുത്ത വീടു് അച്ചാമ്മയുടേതാണു്.

വക്കച്ചൻ എന്നും സ്കൂളിൽപോവാൻ തയ്യാറായി വഴിയിൽ നിന്നുകൊണ്ടു് അവളെ വിളിക്കും. അപ്പോഴായിരിക്കും അവൾ പാവാടയുടുക്കുവാനും പുസ്തകമടുക്കുവാനും മററും തുടങ്ങുന്നതു്. കഴിയുന്നതും നേരത്തെ അവൾ ഒരുങ്ങി ഇറങ്ങിവരും. അവർ ഓരോരോ വത്തമാനങ്ങൾ പറഞ്ഞു രസിച്ചു്, തോളിൽ കൈയുമിട്ടു് ഇണപ്രാവുകളെപ്പോലെ പോകുന്നപോക്കു ആരും നോക്കിനിന്നുകാണും, ആനന്ദത്തോടെ.

വക്കച്ചൻ പഠനത്തിനു വളരെ സമത്ഥനാണു്. അച്ചാമ്മ അക്കാര്യത്തിൽ പിന്നോക്കമാണു്. ക്ലാസിൽ എഴുതിക്കൊണ്ടുചെല്ലേണ്ടുന്ന പകത്തും, കണക്കുപട്ടികയുമെല്ലാം വക്കച്ചനായിരിക്കും എഴുതിക്കൊടുക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ അവളെ സംബന്ധിച്ചിടത്തോളം ഒരു "ട്യൂട്ടറി"ന്റെ ജോലിയാണു് വക്കച്ചനുള്ളതു്.

ക്ലാസിൽ വക്കച്ചൻ ഇരിക്കുന്നതു കഴിഞ്ഞാൽ അടുത്തുള്ള ബെഞ്ചിൽ പെൺകുട്ടികളാണിരിക്കുന്നതു്. പെൺകുട്ടികളുടെ ബെഞ്ചിൽ ആദ്യം ഇരിക്കുന്നതു് അച്ചാമ്മയുമാണു്. അങ്ങനെ അവർ രണ്ടു ബെഞ്ചുകളിലാണെങ്കിലും അടുത്തടുത്താണിരിക്കുന്നതു്.

ക്ലാസിൽ കേട്ടെഴുത്തു നടത്തുമ്പോൾ അച്ചാമ്മ മിക്കവാറും വക്കച്ചന്റെ സ്ലേററിൽ നോക്കി "കണ്ടെഴുത്തു്" നടത്തുകയാണു് പതിവു്. നോക്കി എഴുതുവാൻ സൗകര്യത്തിനായി വക്കച്ചൻ മനഃപൂവ്വം ചില "വിട്ടുവീഴ്ചകൾ" സ്ലേററുപിടിക്കുന്നതിൽ ചെയ്യുകയും ചെയ്യും.

അവർ മററുള്ള കുട്ടികളുമായി അധികം കൂട്ടുകൂടാറില്ല. കളിയിലാണെങ്കിലും, ചിരിയിലാണെങ്കിലും, എല്ലാത്തിലും "നമ്മളൊന്നു്" എന്ന മട്ടിലാണവർ രണ്ടുപേരും.

ആരുടെയെങ്കിലും വീട്ടിൽ എന്തെങ്കിലും വിശേഷാൽ ഭക്ഷണസാധനങ്ങൾ ഉണ്ടെങ്കിൽ അവർ പരസ്പരം കൊടുക്കുകയും ഭക്ഷിക്കുകയും പതിവാണു്.

ഒരിക്കൽ അച്ചാമ്മയുടെ പുസ്തകത്തിന്റെ ഒരു താളിൽ മറെറാരു കുട്ടി പെൻസിൽകൊണ്ടു വരച്ചു. അവൾ അതു് വക്കച്ചനെ കാണിച്ചു. പ്രതികാരബുദ്ധിയോടെ അവൻ ആ കുട്ടി ക്ലാസിൽനിന്നും വെളിയിൽ ഇറങ്ങിപ്പോകുന്ന അവസരംപാത്തുനിന്നു. എന്തോ കാര്യത്തിനായി ആ കുട്ടി ക്ലാസ്സിൽനിന്നും പോയപ്പോൾ അവൻ ആ പെൺകുട്ടിയുടെ പുസ്തകത്തിന്റെ സകല പേജുകളിലും പെൻസിൽകൊണ്ടു വരയിട്ടു് ഭദ്രമായി ഇരുന്ന സ്ഥലത്തുവച്ചു. കേസു് അദ്ധ്യാപകന്റെ അടുത്തെത്തി. അച്ചാമ്മയാണെന്നു് സംശയമുണ്ടെന്നാണു് വാദിയുടെ മൊഴി. അച്ചാമ്മയെ വിളിച്ചു. അവൾ എങ്ങിയേങ്ങിക്കരയുവാൻ തുടങ്ങി. അദ്ധ്യാപകൻ വടിയുമേന്തി നിൽക്കുകയാണു്. പെട്ടെന്നു വക്കച്ചൻ ചാടി എഴുന്നേററു. "സാർ ഞാനാണു് അപ്രകാരം ചെയ്തതു്" അവൻ ധൈര്യസമേതം പറഞ്ഞു. കാരണം മുഴുവൻ അവൻ അദ്ധ്യാപകനെ ധരിപ്പിച്ചു. ശിക്ഷ ലഭിക്കുകയും ചെയ്തു.

മറെറാരിക്കൽ ഒരു കുട്ടി അച്ചാമ്മയുടെ കൈയിലിരുന്ന നെല്ലിക്കാ തട്ടിയെടുത്തു. അവൾ വിങ്ങിവിങ്ങിക്കരയുവാൻ തുടങ്ങി.

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1